പുസ്തകം 8 ലക്കം 1
ഡിസംബർ 2017
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകതത്ത്വ

Eka Thathwa


മാസിക



## ഒന്നില്ലാതെ മറ്റൊന്നില്ല


# ഏക തത്ത്വ എട്ടാം വർഷത്തിലേയ്ക്ക്...




















കടപ്പാട്:

പന്ത്രണ്ട് വർഷത്തെ ആത്മബന്ധം. തുടക്കം മുതൽ മാസികയുടെ മുന്നേറ്റത്തിന് താങ്ങും തണലും പ്രചോദനവുമായ ശ്രീ. എം. എം. മേനോൻ അവർകളോട്... അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോട്...

**ഇത് ഒരു നിസ്വാർത്ഥ കൂട്ടായ്മയുടെ വിജയം...**

★ നിസ്വാർത്ഥ സേവനതത്പരതയോടെ പ്രയാണം തുടരുമ്പോൾ, നിസ്വാർത്ഥമായി രചനകൾ തന്ന് മാസികയേ സമ്പുഷ്ടമാക്കുന്ന ഓരോ രചയിതാക്കൾക്കും നന്ദി. തുടർന്നും സഹകരണം പ്രതീക്ഷിക്കുന്നു.

★ ഏക തത്ത്വ വായിക്കുന്ന ഓരോരുത്തർക്കും വരിക്കാർക്കും, വിലയിരുത്തി അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നവർക്കും പരസ്യങ്ങളും സംഭാവനകളും നല്കി സഹകരിക്കുന്നവർക്കും...

★ സമയപരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഏക തത്ത്വ മാസിക പ്രിന്റ് ചെയ്തുതരുന്ന എസ്. കെ. ഓഫ്സറ്റ് ഉടമ ശശിയേട്ടനും ഇംപ്രഷൻസ് പ്രസ് ഉടമ പ്രമോദ് സാറിനും അദ്ദേഹത്തിന്റെ സ്റ്റാഫ് വിജുവിനും മറ്റ് സ്റ്റാഫംഗങ്ങൾക്കും...

★ കടകളിൽ മാസിക ഭംഗിയായി പ്രദർശിപ്പിച്ച് ഏക തത്ത്വയുടെ വില്പനയ്ക്ക് സഹായിക്കുന്ന ഓരോ കട ഉടമകൾക്കും ആ കടയിലെ ഓരോ ജോലിക്കാർക്കും...


★ ഉത്തരവാദിത്വത്തോടെ ജോലി ചെയ്യുന്ന പോസ്റ്റൽ ഡിപ്പാർട്ടുമെന്റിലെ എല്ലാ ജീവനക്കാർക്കും...


★ പാലക്കാട് ആർ. ഡി. ഒ. യിലെയും ഡൽഹി ആർ. എൻ. ഐ. യിലേയും എല്ലാ ഉദ്യോഗസ്ഥർക്കും പിന്നെ മാസിക പരിചയപ്പെടുത്തുന്ന, പ്രചരിപ്പിക്കുന്ന ഓരോരുത്തർക്കും...

എല്ലാവർക്കും ഏക തത്ത്വ കുടുംബത്തിന്റെ അകമഴിഞ്ഞ നന്ദി. നമുക്ക് പരസ്പര പൂരകങ്ങളാവാം. കർമ്മ രംഗത്ത് സംതൃപ്തിയോടെ മുന്നേറാം. ഏവർക്കും നല്ലതു വരട്ടെ എന്ന പ്രാർത്ഥനയോടെ..

ഇ. ടി. മുരളീധരൻ
എഡിറ്റർ.










₹ 15

# ഏക തത്ത്വ
## മാസിക

പുസ്തകം ൪ ലക്കം ൧

ഡിസംബർ 2017

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**

ഇ. ടി. മുരളീധരൻ

Mob : 9446443321, 9387118131

Email : muraliet@yahoo.co.in
etmuraliet@gmail.com

Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**

ബിന്ദു . കെ

**കവർ ഫോട്ടോ**

ഉല്ലാസ് ഗോവർദ്ധൻ

**മരണക്കിടക്കയിൽവെച്ചല്ല
യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം

**Eka Thathwa, Post Box No. 70
Palakkad 678 001**

വരിസംഖ്യ
**പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട
വിലാസം :**

E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil
Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

**ekathathwa@yahoo.com**

**Website: www.ekathathwa.com**

# ഉള്ളടക്കം



**ഗുരു**

7 - $E=mc^2$

**ലേഖനം**

8 - മനുഷ്യരേ സംഘടിപ്പിക്കുമ്പോൾ... - നന്ദകുമാർ ടി. വി
10 - വാക്കാണ് സത്യം - എടപ്പാൾ സി. സുബ്രഹ്മണ്യൻ
11 - കളരിപ്പയറ്റ് - ടി. വി. നാരായണൻകുട്ടി
14 - അമ്മ ശത്രുവാണോ - പി. രാധാകൃഷ്ണൻ നായർ
17 - എന്റെ വിദ്യാലയം - മുരളീധർ കൊല്ലത്ത്
22 - കേരളം തിരുത്തുന്നു - കുന്നിൽ വിജയൻ
25 - കൃത്രിമമായി പഴുപ്പിച്ചെടുക്കുന്ന പഴങ്ങൾ
- ഗോപിനാഥ് മേനോൻ ചെറുവട്ടത്ത്
37 - കുഞ്ചൻ നമ്പ്യാരുടെ നർമ്മങ്ങളും ചൊല്ലുകളും
- എടത്തറ ജയൻ
41 - ഇത് അനീതിയാണ് - ജോസഫ് പൂതക്കുഴി

**കഥ**

20 - ബാലപാഠം (മുതിർന്നവർക്ക്)
- ഡോ. കെ. വിജയകുമാരൻ
28 - തളപ്പ് - ടി. കെ. ഉണ്ണികൃഷ്ണൻ
30 - തകർന്ന സ്വപ്നങ്ങൾ - അരവിന്ദൻ
33 - ജാതിയേ ശരണമല്ലപ്പാ - അശോപ്പി ചേർത്തല
40 - നായ് സഭയിൽ നിന്നും തത്സമയം - ടി. വി. ഹരികുമാർ

**കവിത**

11 - ഹർത്താലിന് സ്വാഗതം - ജയൻ പണിക്കർ
14 - ഒറ്റക്കെട്ട് - സൈനുദീൻ മുണ്ടക്കയം
16 - ജലം കൊണ്ട് മുറിവേറ്റവൾ - വി. എൻ. നിഷ പയ്യനെടം
17 - മനുഷ്യാവകാശം - ചെങ്ങാലൂർ പെരുമാരാത്ത്
1 9 - സ്നേഹബന്ധം - മധുമാഷ് വെഞ്ഞാറമൂട്
24 - ആത്മഗതം - സോമനാഥൻ മാസ്റ്റർ
27 - മണ്ണാകും എന്നെയിനി മണ്ണാക്കിടൂ - അജയ് ബാലചന്ദ്രൻ
27 - പാലക്കാടൻ കാറ്റ് - ബാലചന്ദ്രൻ പള്ളിപ്പുറം
34 - അമ്മ അറിയാൻ - വാസന്തി മോഹൻ

**കഥയും കാര്യവും**

29 - കപ്പ കള്ളന്മാർ - സത്യൻ താന്നിപ്പുഴ

**സ്മരണ**

15 - എന്റെ അഭിനയ സ്മരണകൾ - മുക്കം ഭാസി
18 - കീർത്തിയുടെ പടവുകൾ കയറിയ ഗ്രാമീണൻ
- ക്ലാപ്പന ഷൺമുഖൻ

**മഹാത്മ**

19 - എന്റെ ബാപ്പുജി - ബിന്ദു . കെ

**പാചകം**

21 - ദം ആലു - പി. എൻ. ഗംഗാലക്ഷ്മി

**ആരോഗ്യം**

24 - വിഷജ്വരം - ഡോ. സി. രാമകൃഷ്ണൻ

**അനുഭവം**

26 - മൊട്ടക്രോപ്പ് - മുഹമ്മദ് കനി

**പുസ്തകപരിചയം**

39 - ഒരു തിരോധാനത്തിന്റെ കഥ - അശോകൻ രാജീവം

**ഫലിതം**

42 - ഫലിതമേള - പി. ആർ. ജോസ്

**മിനി കഥ**

8 - അർത്ഥം - സുരേഷ് തെക്കീട്ടിൽ



ഇ. ടി. മുരളീധരൻ

# ഒന്നില്ലാതെ മറ്റൊന്നില്ല

**ഗ്യാ**സ് സിലിണ്ടറിന്റെ സബ്സിഡി ലഭിക്കാനായി ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങാൻ ചെന്നു. ടൗൺ ബ്രാഞ്ചായതിനാൽ മൂവായിരം രൂപ മിനിമം ബാലൻസ് വേണമത്രെ. എന്തായാലും വേണ്ടില്ല അക്കൗണ്ട് തുടങ്ങിയേ പറ്റൂ. മൂവായിരം രൂപ നിക്ഷേപിച്ച് ബാങ്ക് അക്കൗണ്ട് തുടങ്ങി. കിട്ടുന്ന സബ്സിഡിയെക്കാളും പണം ബാങ്ക് കൊണ്ടുപോയി. മൂവായിരത്തിൽ നിന്നും എ. ടി. എം. സർവ്വീസ് ചാർജ്ജ് പിടിച്ചപ്പോൾ മിനിമം ബാലൻസിൽ നിന്നും താഴെ പോയി. പിന്നെ അതിന്റെ ഫൈനായി. കുറച്ചുമാസങ്ങൾക്കുശേഷം ബാങ്കിൽ ചെന്ന് നോക്കിയപ്പോൾ അക്കൗണ്ടിൽ 69 രൂപ മാത്രമേ അവശേഷിച്ചിരുന്നുള്ളൂ. അക്കൗണ്ട് ക്ലോസ് ചെയ്യാൻ ആവശ്യപ്പെട്ടപ്പോൾ 450 രൂപ ക്ലോസ്സിങ് ചാർജ്ജായി നൽകണം എന്നു പറഞ്ഞു. അതുകൊണ്ട് അക്കൗണ്ട് ക്ലോസ് ചെയ്യാതെ മടങ്ങി. എങ്ങനെയുണ്ട് സാധാരണക്കാരന്റെ നിക്ഷേപത്തിന്റെ അനന്തരഫലം. ഭരണാധികാരികൾ ആർക്കുവേണ്ടിയാണ് ഭരിക്കുന്നത് ? സ്വന്തം പോക്കറ്റ് നിറയ്ക്കാനും ടൂറടിക്കാനും അല്ലാതെ പിന്നെന്തിന് ? ആരും ഒരുവിധത്തിലും പ്രതികരിക്കരുത്. ഇത് ഹിരണ്യകശിപുവിന്റെ കാലം. ഹിരണ്യകശിപുവിനെ കുറിച്ച് കേട്ടിട്ടില്ലേ. ഒന്നല്ല ഇന്ന് ഒരുപാടുണ്ട് ഈ ഇനത്തിൽ പെട്ടവർ. അവരെ ജയ് വിളിച്ചില്ലെങ്കിൽ, സ്തുതി പാടിയില്ലെങ്കിൽ കാര്യങ്ങളെല്ലാം കുഴപ്പത്തിലാകും. വനഭൂമിയുൾപ്പടെ പല പുറമ്പോക്കുഭൂമിയും പിന്നെ പുഴയേയും കായലിനേയും എന്തിന് കടലിനെ വരെ കൈയ്യേറിയിരിക്കുന്നു കൈയ്യൂക്കുള്ള അഹങ്കാരികളായ, ധിക്കാരികളായ ആവശ്യത്തിൽ കൂടുതൽ പണം കൈവശമുള്ള, ഉന്നതങ്ങളിൽ പിടിപാടുള്ള ഹിരണ്യകശിപുവിന്റെ വംശത്തിൽ പെട്ടവർ. ഏതെങ്കിലുമൊരു ഹിരണ്യന്റെ ഒപ്പം ചേർന്നേ മതിയാവൂ. അല്ലാത്ത പക്ഷം നിലനിൽപ്പില്ല ആർക്കും എന്ന സ്ഥിതിയായി. പൂർണ്ണ സ്വാതന്ത്ര്യത്തോടെ എഴുതുവാനോ അഭിപ്രായം പറയുവാനോ സിനിമയെടുക്കുവാനോ കഴിയാത്ത അവസ്ഥയായി. എന്നിരുന്നാലും ഹിരണ്യന്മാർ തമ്മിൽ തമ്മിൽ നല്ല സൗഹൃദത്തിലാണ്. അങ്ങോട്ടുമിങ്ങോട്ടും കള്ളക്കേസുണ്ടാക്കി കളിക്കും. ജനം അന്തംവിട്ട് നോക്കിനിൽക്കും. എന്തായാലും പ്രതികരിക്കാൻ നിർവ്വാഹമില്ലല്ലോ. ഹിരണ്യായ നമഃ എന്ന പറയാത്തവനെ വകവരുത്തിയിരുന്ന ആ പഴയ കാലം തിരിച്ചെത്തിയതുപോലുണ്ട്. അതുകൊണ്ടുതന്നെ സോഷ്യലിസമാണ് നല്ലതെന്ന് തോന്നിപ്പോകും. പക്ഷെ അതിലുമുണ്ട് പ്രശ്നങ്ങൾ.

സോഷ്യലിസം വിജയിക്കണമെങ്കിൽ ലോകത്തുള്ള എല്ലാ രാജ്യങ്ങളിലും സോഷ്യലിസം നടപ്പിലാക്കണം. ഇത് സാധ്യമോ ? സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൽ, വിദ്യാഭ്യാസവും ജോലിയും എല്ലാ സൗകര്യങ്ങളും എല്ലാവർക്കും ഒരുപോലെ ഗവൺമെന്റ് നൽകും. ഡോക്ടറും തൊഴിലാളിയും ഒരേ ജീവിത നിലവാരത്തിൽ ജീവിക്കാൻ നിർബന്ധിതരാകും. കഴിവിനനുസരിച്ച് തൊഴിൽ തുടങ്ങുവാൻ സ്ഥലവും കെട്ടിടവും നല്കും. നാം ഉത്പാദിപ്പിച്ച ഉത്പന്നങ്ങൾ മുഴുവനായും ഗവൺമെന്റ് തന്നെ വാങ്ങി ആവശ്യക്കാർക്ക് വിതരണം ചെയ്തുകൊള്ളും. നാമൊന്നും അറിയേണ്ട. അങ്ങനെയെങ്കിൽ എന്തുരസമായിരിക്കുമല്ലേ ? പക്ഷെ അയൽരാജ്യത്ത് സോഷ്യലിസം പിൻതുടരുന്നില്ലെങ്കിൽ എന്താവും സ്ഥിതി ? ഈ രാജ്യത്തെ ഡോക്ടർ അടുത്ത രാജ്യത്തെ ഡോക്ടറേയും അവരുടെ ജീവിതരീതിയേയും നോക്കും. അവർ നല്ല വിലപിടിപ്പുള്ള കാറിൽ സഞ്ചരിക്കുന്നു. പക്ഷെ അവിടത്തെ തൊഴിലാളികൾക്ക് വില കുറഞ്ഞ വാഹനങ്ങളിലേ സഞ്ചരിക്കാൻ അവരുടെ സാമ്പത്തിക സ്ഥിതി അനുവദിക്കുകയുള്ളൂ. വളരെ പണിപ്പെട്ട് പഠിച്ച് ഡോക്ടറായ എനിക്കും ഒന്നും പഠിക്കാതെ കറങ്ങി നടന്നവനും ഒരേ ജീവിതനിലവാരം. എങ്ങിനെ ശരിയാവും ? ഈ രാജ്യം വിട്ട് ആ രാജ്യത്തുപോയി അവർ ആർഭാടമായി ജീവിക്കാൻ തുടങ്ങും. ഇതുപോലെയാണ് ഒരുപാട് മതങ്ങൾ ഉണ്ടെങ്കിലുള്ള പ്രശ്നവും. ആളുകൾ അങ്ങോട്ടേക്കുമിങ്ങോട്ടേക്കും ഒഴുകിക്കൊണ്ടിരിക്കും. അതുകൊണ്ടാണ് ഞാൻ ആദ്യം പറഞ്ഞത് സോഷ്യലിസം വിജയിക്കണമെങ്കിൽ എല്ലാ രാജ്യത്തിലും അത് നടപ്പിൽ വരുത്തണം. അതുപോലെ ഒരു മതാധിഷ്ഠിത ദൈവസങ്കല്പം വിജയിക്കണമെങ്കിൽ ലോകത്തുള്ള എല്ലാവരും ആ സങ്കല്പത്തിലേയ്ക്ക് പൂർണ്ണ മനസ്സോടെ വരണം. അത് ഒരുകാലത്തും നടക്കാൻ പോകുന്ന കാര്യമല്ല കാരണം ഓരോരുത്തരുടേയും മാനസികവും ശാരീരികവുമായ ആവശ്യങ്ങൾ പലതാണ്. കഴിവുകളും ആഗ്രഹങ്ങളും വെവ്വേറെയാണ്. എന്നിരിക്കിലും അതിനുവേണ്ടിയാണ് ഓരോ മതങ്ങളും ശ്രമിച്ചുകൊണ്ടിരിക്കുന്നത്, മത്സരിക്കുന്നത്,

മതപരിവർത്തനങ്ങൾ നടത്തുന്നത്, അറുംകൊലകൾ ചെയ്യുന്നത്. പക്ഷെ, മനുഷ്യൻ വെറുതെ അവന്റെ കൈപ്പത്തിയിലേയ്ക്ക് ഒന്ന് നോക്കിയാൽ മതി പൊരുളറിയാൻ. കൈയിലെ അഞ്ചുവിരലും അഞ്ച് വിധത്തിലാണല്ലോ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. എല്ലാറ്റിനും അതിന്റേതായ ആവശ്യങ്ങൾ ഉണ്ട് താനും. എല്ലാ വിരലിന്റേയും വലിപ്പവും നീളവും ഒരുപോലെയായതായി ഒന്ന് സങ്കല്പിച്ചുനോക്കു. കാണാൻ എന്തുവൃത്തികേടായിരിക്കും ? പോരാത്തതിന് ആ കൈ കൊണ്ട് പണിയെടുക്കാനുമാവില്ല. ഇനി എല്ലാ വിരലും ഒന്നായിത്തീർന്ന് വിരലുകളില്ലാത്ത കൈകളെക്കുറിച്ച് ഓർത്തുനോക്കൂ. ആ കൈ വച്ച് എന്തുചെയ്യാനാകും അല്ലേ ? ഞാൻ പറയാൻ ശ്രമിക്കുന്നത് ഇത്രയേ ഉള്ളൂ, ഏതെങ്കിലും ഒന്നിലേയ്ക്ക് മാറുക, ഒന്നായി തീരുക, അതിൽ തുടരുക എന്നത് ബുദ്ധിമുട്ടാണ്, അസാധ്യമാണ്. എന്നും നല്ലതുമാത്രം സ്വീകരിച്ച് നല്ലതായി തീരുക, നിലകൊള്ളുക. മാറ്റം അനിവാര്യമാണ്. എല്ലാറ്റിനേയും ഉൾക്കൊള്ളുക. ഇതുമാത്രമാണ് ശരിയെന്ന് പറയാതെ ജീവിക്കുക. നിരവധി ഓപ്ഷനുകൾ ഉണ്ട്. ഏതുവേണമെങ്കിലും മാറി മാറി തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവുമുണ്ട്. എല്ലാം തിരിച്ചറിയുന്നതുവരെ എല്ലാം തുടർന്നോളൂ. പക്ഷെ മറ്റുള്ളവരെ അവരുടെ പാട്ടിന് വിടൂ. യഥാർത്ഥത്തിൽ ദൈവം ഒന്നേയുള്ളുവെങ്കിലും ആ ദൈവം ഈ വിധമാണ് എന്ന് സ്ഥാപിക്കാനുള്ള ശ്രമം ആര് നടത്തിയാലും അത് ഒരു കാലത്തും വിജയിക്കില്ല. എല്ലാറ്റിനേയും സൃഷ്ടിച്ച് പരിപാലിക്കുന്നവന്റെ പ്രവൃത്തികളെ മനസ്സിലാക്കാൻ ശ്രമിക്കൂ. വർഗ്ഗീയ ചിന്തകൾ വേണ്ട. ഒരു സംഭവത്തേയും രാഷ്ട്രീയവത്കരിക്കേണ്ട. അപ്പോൾ ജീവിതത്തിൽ ശാന്തിയും സമാധാനവും കൈവരും. അല്ലാതെ ശാന്തിക്കും സമാധാനത്തിനും രോഗശമനത്തിനുമായി വേഷഭൂഷാദികൾ കൊണ്ട് മതത്തിന്റെ വക്താക്കളെന്ന് സ്വയം വിശേഷിപ്പിക്കുന്നവരുടെ മുന്നിൽ ചെന്നുപെട്ടാൽ പെട്ടു.

ഒറ്റപ്പാലത്തിനടുത്ത് ഒരു സ്വാമിജിയുണ്ടായിരുന്നു. ഒരുപാടു പേരിൽ മരുന്ന് പരീക്ഷണങ്ങൾ നടത്തിയ ഒരാൾ. സ്വാമിജിയുടെ ചികിത്സ തേടിയെത്തിയ ഭൂരിഭാഗമാളുകളും ക്യാൻസർ ബാധിച്ചവരായിരുന്നു. രോഗിയേയും കൂടെ വന്നവരേയുമെല്ലാം ആവശ്യമില്ലാതെ ചീത്ത പറയുമെങ്കിലും ചികിത്സയ്ക്കായി പണം വാങ്ങാറില്ല. പക്ഷെ ഒരു ഓട്ടുരുളി മുന്നിൽ വച്ചിട്ടുണ്ടാകും. രാവിലെത്തന്നെ അഞ്ഞൂറിന്റേയും ആയിരത്തിന്റേയും അഞ്ചാറുനോട്ടുകൾ അതിലിട്ടുവെയ്ക്കുമെന്നു മാത്രം. പിന്നെ പണം കൊണ്ട് ഓട്ടുരുളി നിറയ്ക്കുന്ന കാര്യം ചികിത്സ തേടി വന്നവരും അവരുടെ ആശ്രിതരും ഏറ്റു. അങ്ങനെ സ്വാമിജി നല്ല സാമ്പത്തിക സ്ഥിതിയുള്ളവനായി. സുഖമായി കഴിഞ്ഞ ഈ അവസ്ഥയിൽ സ്വാമിജി നാടെങ്ങും നല്ല പ്രഭാഷണ പരമ്പരകൾ തീർത്തു. പോരാത്തതിന് സീഡിയും ബുക്കും വിറ്റ് കാശാക്കി. ഏവരും എല്ലാം കേട്ടുരസിച്ചു. സ്വാമിജി പറയുന്നതിങ്ങനെ : 'എങ്ങനെ നിങ്ങൾക്ക് രോഗം വരാതിരിക്കും, ക്യാൻസർ വരാതിരിക്കും ? അലുമിനിയ പാത്രങ്ങളും സ്റ്റീൽ പാത്രങ്ങളും പ്ലാസ്റ്റിക് പാത്രങ്ങളുമല്ലേ ഉപയോഗിക്കുന്നത്. പല്ലുതേക്കാൻ ടൂത്ത് പേസ്റ്റല്ലേ ഉപയോഗിക്കാറ്. സോപ്പ് തേച്ചല്ലേ കുളിക്കാറുള്ളു. കുറ്റപ്പെടുത്തലുകൾ അങ്ങനെ നീണ്ടുപോകും. ഉമിക്കരിയുണ്ടോ ഇന്ന് ? ഉമിക്കരി പോരെ പല്ലുതേയ്ക്കുവാൻ ? ചെറുപയറിൻ പൊടി പോരെ ദേഹത്തുള്ള അഴുക്ക് കളയുവാൻ ? മൺപാത്രങ്ങൾ പോരെ ഭക്ഷണം പാകം ചെയ്യാനും സൂക്ഷിച്ചുവയ്ക്കാനും... തകർപ്പൻ പ്രസംഗം. ഇന്ന് സ്വാമിജി ജീവിച്ചിരിപ്പില്ല. എങ്കിലും ഇന്നും പലരും യൂ ട്യൂബിൽ സ്വാമിജിയുടെ ഈ പ്രസംഗം കേൾക്കുകയും ഷെയർ ചെയ്യുകയും ചെയ്യാറുണ്ട്. ഇങ്ങനെ പ്രസംഗിച്ചുനടന്ന സ്വാമിജി അഞ്ചാറുമാസങ്ങൾക്കുമുമ്പ് എങ്ങിനെയാണ് മരിച്ചതെന്ന് നിങ്ങൾക്കറിയാമോ ? ക്യാൻസർ വന്നിട്ട്. പുള്ളിക്കാരൻ ഈ പറഞ്ഞ മാതിരി എല്ലാം കരുതിജീവിച്ചു. മൺപാത്രത്തിൽ ഭക്ഷണമുണ്ടാക്കിക്കഴിച്ചു. പക്ഷെ മൺപാത്രം പഴയതുപോലെ മണ്ണ് കുഴച്ച് രൂപപ്പെടുത്തി ചൂളയിൽ വച്ച് വേവിച്ച് എടുത്തവയല്ലായിരുന്നു. കലികാലമല്ലേ... മൺചട്ടിയുടെ നിർമ്മാണവും മെഷീനുകളിലായി. ഉറപ്പുകിട്ടാനും കാണാൻ ഭംഗിക്കുമായി പശയും നിറങ്ങളും (പല തരത്തിലുള്ള കെമിക്കലുകൾ) ചേർത്തിരുന്നു. മൺപാത്രങ്ങൾ നിർമ്മിക്കുന്നതുതന്നെ കളിമണ്ണ് കൊണ്ടാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. എന്തായാലും ഞാൻ പറയാനുദ്ദേശിച്ചത് ഇത്രയേയുള്ളൂ, അമിതമായി ആരോഗ്യത്തെ കുറിച്ച് ചിന്തിക്കേണ്ട. മരുന്ന് കഴിച്ചാലും മരുന്ന് കഴിച്ചില്ലെങ്കിലും മരിക്കും. നമ്മളിൽ നിക്ഷിപ്തമായ കർമ്മങ്ങൾ ചെയ്തുതീരും വരെ നാമിവിടെ എന്തായാലും കാണും. പിന്നെ തിരിച്ചുപോകാൻ ഒരു കാരണമായി എന്തും സംഭവിക്കാം. അതുകൊണ്ട് കിട്ടിയ ശരീരത്തെ മോഡി പിടിപ്പിക്കാൻ മെനക്കെടാതെ ശരീരം കൊണ്ട് മറ്റുള്ളവർക്ക് നന്മ ചെയ്യൂ. അപ്പോൾ നിങ്ങൾക്ക് നല്ലതേ വരൂ. ഒരുതരത്തിലുള്ള രോഗവും വിഷബാധയും ഏല്ക്കില്ല. ഒരുതരത്തിലുള്ള ആരോഗ്യപ്രശ്നങ്ങളും ഉണ്ടാവില്ലെന്ന് തീർച്ച. രുചിയുള്ള ഭക്ഷണം കഴിക്കാനും വ്യായാമത്തിനും ഡ്രസ്സ് വാങ്ങാനുമായി നിറയെ പണം നാം ചിലവാക്കും. പക്ഷെ ഇല്ലാത്തവന് നാം ഒന്നും നല്കില്ല. കണ്ടറിഞ്ഞ് സഹായിക്കില്ല. നല്ല അധികാരമുള്ള സാമ്പത്തിക ഭദ്രതയുള്ള ഒരു ജോലിയുണ്ടാവും. എങ്കിൽ പോലും ഓട്ടോറിക്ഷാക്കാരോടും കൂലിപ്പണിക്കാരോടും അവരുടെ വേതനത്തെ ചൊല്ലി തർക്കിക്കും. ഒടുവിൽ അവർ ചോദിക്കുന്ന കൂലിയിൽ നിന്ന് പത്തോ അമ്പതോ കുറച്ച് പിറുപിറുത്തുകൊണ്ട് നല്കും. ഈ പിറുപിറുക്കലെല്ലാം തന്നെ പിന്നീട് രോഗമായി പരിണമിക്കും എന്നറിയുക.

ജോലിസ്ഥലത്തെത്തിയാൽ ഭ്രാന്ത് പിടിക്കുന്നുയെങ്കിൽ വീട്ടിലെ കാര്യങ്ങളിൽ എന്തോ പിഴവ് സംഭവിച്ചിട്ടുണ്ട് എന്നാണർത്ഥം. അതുപോലെ വീട്ടിലെത്തിയാൽ ഭ്രാന്ത് പിടിക്കും ചിലർക്ക്. കാരണം കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുന്നുണ്ട് എന്നാണതിനർത്ഥം. പക്ഷെ അങ്ങനെയാരും ചിന്തിച്ചുകാണില്ലായിരിക്കാം. ജോലി സ്ഥലത്ത് എത്തിയാൽ ഭ്രാന്ത് പിടിക്കുന്നുവെങ്കിൽ ജോലി സ്ഥലത്താണ് കുഴപ്പം എന്നാണ് നാം ധരിച്ചുപോന്നത്. അതുപോലെ വീട്ടിൽ വരുമ്പോഴാണ് പ്രശ്നങ്ങൾ കൂടുന്നത് എങ്കിൽ വീട്ടിലെ

ന്തോ കുഴപ്പമുണ്ട് എന്നാണ് നാം കരുതാറ്. പക്ഷെ അങ്ങനെയല്ല. മറിച്ചാണ്. വീട്ടിൽ നാം സുഖമായി ഇരിക്കുവാൻ വേണ്ടി മറ്റുള്ളവർ പെടാപ്പാട് പെടുന്നുണ്ട്. പക്ഷെ അതെല്ലാം അവരുടെ കടമ മാത്രമായി കണ്ട് നാം സുഖിച്ചിരുന്നതിന്റെ ശിക്ഷയാണ് ജോലിസ്ഥലത്തെത്തുമ്പോൾ ഒന്ന് മുള്ളാൻ (മൂത്രമൊഴിക്കാൻ) പോകാൻ കൂടി പറ്റാത്ത ഒരവസ്ഥ വന്നുചേരുന്നത് എന്നത് ആരറിയുന്നു. അതുപോലെത്തന്നെയാണ് ജോലിസ്ഥലത്ത് നാം പണിയെടുക്കാതെ സുഖമായി ഇരിക്കുകയും നമ്മുടെ പണി കൂടി പരാതികളില്ലാതെ മറ്റുള്ളവർ ഏറ്റെടുത്ത് ചെയ്യുമ്പോൾ നമുക്ക് എട്ടിന്റെ പണി വീട്ടിൽ കിട്ടും എന്ന് സാരം. നാം ചെയ്യുന്നതും ചെയ്തുപോകുന്നതുമായ കർമ്മത്തെ ശ്രദ്ധിക്കുക. എല്ലാത്തിനും കാരണം അതിൽ അടങ്ങുന്നു. നമ്മുടെ പ്രവൃത്തിയുടെ ഫലമാണ് നാം പലവിധത്തിൽ അനുഭവിക്കുന്നത്. ഇത്തരത്തിൽ അനുഭവിക്കുന്നത് യഥാർത്ഥത്തിൽ ദൈവം അറിഞ്ഞ് നൽകുന്ന ശിക്ഷയാണ്. ദുഃഖമോ വേദനയോ അസുഖമോ ഏതുതന്നെയായാലും അതിന്റെ കാരണം തേടി പോകണം. മതിയായ കാരണം കണ്ടെത്താനാകും. അപ്പോഴും തെറ്റ് മറുഭാഗത്തേയ്ക്കിട്ട് വേണമെങ്കിൽ പ്രവൃത്തിയെ ന്യായീകരിക്കാൻ ശ്രമിക്കാം. പക്ഷെ തെറ്റ് ഏറ്റു പറയുന്നതാണ്, ഏറ്റെടുക്കുന്നതാണ് നല്ലത്. അത് അറിവായി തീരും. ആ അറിവ് പിന്നീട് ഗുണത്തെ തരും.

എന്താണ് എല്ലാവർക്കും എല്ലാ കാര്യങ്ങളും ഒരുപോലെ മനസ്സിലാക്കാൻ കഴിയാതെ പോകുന്നത് ? മൂന്നുതരത്തിലുള്ള കുട്ടികളെ പരിശോധിക്കാം. കണ്ണുരുട്ടി കാട്ടിയാൽ പഠിക്കുന്നവർ, അനുസരിക്കുന്നവർ. രണ്ടാമത്തെ വിഭാഗത്തിൽ പെട്ട കുട്ടികളെ ചൂരലെടുത്ത് പിടിച്ച് പേടിപ്പിച്ച് പഠിപ്പിക്കാം. എന്നാൽ ഈ രണ്ടു ഗ്രൂപ്പിലും പെടാത്ത കുട്ടികളെ തല്ലിത്തന്നെ പഠിപ്പിക്കേണ്ടിവരും. ഈ ഭൂഖണ്ഡത്തെ പലതായി വിഭജിച്ച ദൈവം പല സംസ്കാരങ്ങൾക്കും രൂപം നല്കി. ഓരോയിടത്തും വെറുതെയിരുന്ന് സുഖിക്കാൻ മാത്രം അവസരം ലഭിച്ച പുരോഹിതവർഗ്ഗം യഥാർത്ഥ ദൈവത്തെ കുറിച്ച് മനസ്സിലാക്കാൻ ശ്രമിക്കാതെ പുതിയ പുതിയ ദൈവങ്ങളെ സൃഷ്ടിച്ചു. ആരാധനാ ക്രമങ്ങളും പലവിധത്തിലുള്ള ചടങ്ങുകളും നിർവ്വചിച്ചു. അതിൽ നിന്നും ആരും വ്യതിചലിക്കരുത് എന്ന് നിഷ്ക്കർഷിച്ചു. വ്യതിചലിക്കുന്നവരെ ശിക്ഷിച്ച് മതത്തിന് പുറത്താക്കി. അങ്ങനെ ശിക്ഷിക്കുന്നത് ദൈവത്തിന് ഇഷ്ടമാണെന്നുവരെ സ്ഥാപിച്ചു, എഴുതിവച്ചു. പലരേയും ചടങ്ങുകൾ ചെയ്യാൻ നിർബന്ധിച്ചു. പക്ഷെ ഓരോ സ്ഥലത്തേയും സംസ്കാരങ്ങളിൽ ചെറിയ ചെറിയ വ്യത്യാസങ്ങളുണ്ടായിരുന്നു. അതുപോലെത്തന്നെ അവരുടെ ആരാധനാമൂർത്തികൾക്കും ദൈവസങ്കല്പങ്ങൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും വ്യത്യാസമുണ്ടായിരുന്നു. എല്ലാവരും ദൈവത്തെ ഒരു ഭീകരനായി ചിത്രീകരിച്ച് പേടിപ്പിച്ച് ചടങ്ങുകൾ ചെയ്യിപ്പിച്ചുപോന്നു. ഇത്തരത്തിലുള്ള ഈ മത സംസ്കാരങ്ങൾ തമ്മിലേറ്റുമുട്ടേണ്ട വല്ല കാര്യവുമുണ്ടോ ? എല്ലാം പഠിക്കുന്നവർക്ക് പഠിക്കാനായി ദൈവം സൃഷ്ടിച്ചവയാണ്. എല്ലാം ഉൾക്കൊണ്ട് മുന്നോട്ടുപോയാൽ പോരേ ? ഇപ്പോൾ കുട്ടി ഒന്നാം ക്ലാസ്സിലേ ആയിട്ടുള്ളു. അടുത്ത വർഷമേ രണ്ടാം ക്ലാസ്സിലേയ്ക്ക് പോകാനാകൂ എന്നതുപോലെ നാം അടുത്ത സംസ്കാരത്തിലൂടെ പോകാനുള്ളവരാണ് എന്ന ചിന്ത മനസ്സിന്റെ വ്യാപ്തി വർദ്ധിപ്പിച്ചേക്കാം. എനിക്ക് മനസ്സിലായി പക്ഷെ അവർക്ക് മനസ്സിലാവുന്നില്ലല്ലോ എന്ന് ചിന്തിക്കേണ്ട. മനസ്സിലാക്കേണ്ട സമയത്ത് അവരും മനസ്സിലാക്കിക്കൊള്ളും. നീയായിട്ട് തിരുത്താൻ പോകണ്ട. അവർ പഠിച്ചിട്ട് വരട്ടെ. അനുഭവം തന്നെ ഗുരു. ജീവിതത്തിൽ ഗുരു മാറി മാറി വരും. ഒടുവിൽ ഗുരു നമ്മളിലുണരും. അപ്പോൾ ജീവിതം അനശ്വരമാകും.

നിങ്ങൾക്ക് നിങ്ങളുടെ കുട്ടിയെ വേണമെങ്കിൽ സെൻട്രൽ സ്കൂളിൽ ചേർത്ത് പഠിപ്പിക്കാം, ഏതെങ്കിലും ഇംഗ്ലീഷ് മീഡിയത്തിൽ ചേർത്തി പഠിപ്പിക്കാം അതുമല്ലെങ്കിൽ ഗവൺമെന്റ് സ്കൂളിൽ ചേർത്തി പഠിപ്പിക്കാം. എവിടെച്ചെന്ന് പഠിച്ചാലും കുട്ടി ജനിച്ചതിനൊരു കാരണമുണ്ടാകും. ആ കാരണമാണ് അവന്റെ ജീവിതത്തെ തന്നെ നയിക്കുന്നതും നല്ലതും ചീത്തയുമാക്കി തീർക്കുന്നതും എല്ലാം. നിങ്ങൾ എന്തിൽ വിശ്വസിച്ച് ജീവിച്ചാലും വേണ്ടില്ല എത്തേണ്ടിടത്തേ എത്തൂ. ജാതി മത രാഷ്ട്ര രാഷ്ട്രീയ വേർതിരിവുകളില്ലാതെ എല്ലാവരേയും സ്നേഹിക്കാൻ കഴിയാത്തവരിൽ ഭൂരിഭാഗമാളുകളും കടുത്ത ഈശ്വരാരാധകരും ഭക്തന്മാരുമാണ് എന്നത് എത്ര വിചിത്രം. തെക്കൻ ശൈലിയിൽ ചോദിക്കുകയാണെങ്കിൽ "ഇത് എന്തോന്ന് ഭക്തി ?" "ഇത് എന്തോന്ന് ദൈവം ?"

എന്നെ ബന്ധിതനാക്കൂ വേഗം, എന്നെ കെട്ടിയിടൂ എന്ന് പൂർണ്ണ മനസ്സോടെ തീരുമാനമെടുത്ത് ജീവിക്കുന്നവരോട് എന്ത് പറയാൻ ? ദൈവം സ്വാതന്ത്ര്യത്തോടെ ജീവിക്കാൻ അനുവദിച്ചിട്ടും സങ്കുചിത ചിന്ത മൂലം പ്രവൃത്തി മൂലം പ്രശ്നങ്ങളിൽ പെട്ട് ജാതിയും മതവും രാഷ്ട്രീയവുമായ വെവ്വേറെ വേലിക്കെട്ടുകൾക്കകത്ത്, മതിൽക്കെട്ടുകൾക്കകത്ത് മനഃപ്പൂർവ്വം ചെന്ന് ചേർന്നിരിക്കുകയാണ് മനുഷ്യർ. ഇനി എന്തുചെയ്യും? ആര് അവരെ സ്വതന്ത്രരാക്കും. അവർ സ്വയമേവ ആഗ്രഹിക്കാത്തിടത്തോളം അത് സാധ്യമല്ല താനും.

ചിന്തിക്കുക, എല്ലാവരും നമുക്ക് വേണം. അവരില്ലെങ്കിൽ നമ്മളുമില്ല. എല്ലാവരേയും സ്വതന്ത്ര ചിന്തകരാക്കിത്തീർക്കുവാൻ ശ്രമിക്കുക.

പഴയ ഇലകൾ പൊഴിഞ്ഞ് പുതിയ ഇലകൾ വരുന്നതുപോലെ വർഷങ്ങൾ കടന്നുപോകുന്നു. അതിലും എത്രയോ വേഗത്തിൽ ജീവിക്കാനായി തന്ന നിമിഷങ്ങൾ കടന്നുപോകുന്നു. സാമൂഹിക ജീവിയായ നാം മറ്റുള്ളവർക്കുവേണ്ടി കഴിഞ്ഞുപോയ വർഷങ്ങളിൽ എന്തുചെയ്തു എന്തുത്യാഗം ചെയ്തു എന്ന് ചിന്തിക്കുക. വരും നാളുകളിൽ നല്ല തീരുമാനങ്ങൾ എടുക്കുക, പ്രവൃത്തിക്കുക. ഓരോ നിമിഷത്തേയും നല്ല കാര്യങ്ങൾക്കായി വിനിയോഗിക്കുന്നവർക്ക് പുതുവത്സരദിനത്തിനുമാത്രമായി എന്ത് പ്രത്യേകത. അല്ലാത്തവർക്ക് ഓണവും വിഷുവും ന്യൂയിയറുമെല്ലാം സുഖിക്കാനുള്ള ദിനങ്ങളാണ്. ഒന്നില്ലാതെ മറ്റൊന്നില്ല എന്നതിനാൽ സുഖം ദുഃഖത്തെ തരും. ദുഃഖം അറിവിനേയും. അറിവ് നേടാനായാണല്ലോ വന്നത്. എല്ലാം നല്ലതിന്.

# $E=MC^2$


ഊർജ്ജത്തെ ഒരിക്കലും പുതുതായി ഉണ്ടാക്കാനോ നശിപ്പിക്കാനോ കഴിയില്ല എന്നാണ് ശാസ്ത്രം നമ്മെ പഠിപ്പിച്ചിട്ടുള്ളത്. അപ്പോൾ നമ്മൾ ചിലവഴിക്കുന്ന ഓരോ കലോറിക്കും തുല്യമായി മറ്റൊരു കലോറി എവിടെയെങ്കിലുമൊക്കെ ഉണ്ടാവുന്നുണ്ടാവണം അല്ലെ. ഇനി ഞാൻ പറയുന്നത് ശ്രദ്ധിക്കുക. ചോദ്യം ഇല്ല ഇതൊരു മനോവ്യാപാരമാണ്. ഞാൻ കണ്ട ഒരു സുന്ദരസ്വപ്നം. അന്വേഷണം തുടങ്ങിയിട്ട് കാലം കുറേയായിരിക്കുന്നു. മക്കളില്ലാത്ത ദമ്പതികൾ മക്കൾക്ക് വേണ്ടി രാവും പകലും നീണ്ട പത്ത് വർഷം പ്രാർത്ഥിക്കുന്നു. അവസാനം ഗർഭിണിയാകുന്നു. ഭാര്യ എട്ടുമാസം കഴിഞ്ഞപ്പോൾ പ്രസവവേദന. ലോകപ്രശസ്ത ആശുപത്രി. പ്രസവസമയം ഡോക്ടർ പറയുന്നു ഒന്നുകിൽ "അമ്മ അല്ലെങ്കിൽ കുഞ്ഞ് ഏതുവേണം?" എന്തുചെയ്യും പാവം അയാൾ. ഭാര്യ തന്നെ പറയുന്നു, കുഞ്ഞുമതി. പ്രസവം കഴിഞ്ഞു. ഭാര്യ ഒരുപുറം തളർന്നു. Skull ഒരുഭാഗം മാറ്റിവെച്ചു. അസുഖം കുറഞ്ഞു സാധാരണനിലയിലായി. കുട്ടി മിടുമിടുക്കൻ. ഒരാഴ്ച കഴിഞ്ഞ ഭാര്യക്ക് തലയിൽ ട്യൂമർ എന്തുചെയ്യും ഇത് കഥയല്ല.

പണ്ടുള്ളവർ പറയാറുണ്ട് ദൈവത്തോട് ഒരുപ്രത്യേക കാര്യം പ്രാർത്ഥിക്കുമ്പോൾ വേറെ എന്തെങ്കിലും ഉപേക്ഷിക്കാം എന്ന് വാക്ക് പറഞ്ഞാൽ ആ കാര്യം നടക്കും എന്ന്. അത് പ്രകാരം പ്രാർത്ഥിക്കുകയും ഉപേക്ഷിക്കാം എന്ന് പറഞ്ഞത് ഉപേക്ഷിക്കുകയും ചെയ്ത കുറച്ചുപേരെയെങ്കിലും എനിക്കറിയാം. അവർ പ്രാർത്ഥിച്ചത് നടക്കുകയും ഉപേക്ഷിക്കാം എന്ന് പറഞ്ഞ കാര്യം ഉപേക്ഷിക്കുകയും ചെയ്തു.

എന്നാൽ ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും എന്തെങ്കിലും ഉപേക്ഷിക്കാമെന്നു പറയുകയോ ഉപേക്ഷിക്കുകയോ ചെയ്യാത്ത ചിലരേയും അറിയാം. അത്തരത്തിലുള്ളവർ പ്രാർത്ഥിച്ചത് ലഭിച്ചശേഷം അതിന് മുമ്പിലത്തെക്കാളധികം കഷ്ടപ്പാടുകൾ വന്ന് അനുഭവിക്കുന്നതും ഞാൻ കണ്ടിട്ടുണ്ട്. എന്തിനേറെ പ്രാർത്ഥിച്ചു പ്രാർത്ഥിച്ചു ഒരു പുതുജീവൻ പൊട്ടിമുളച്ചതിനുശേഷം കുറച്ച് ദിവസങ്ങൾക്കകം പ്രാർത്ഥിച്ച ആളുടെ ജീവൻ പോയതും ഞാൻ കണ്ടിട്ടുണ്ട്. അതായത് നാഴിയിൽ നാഴിയേ കൊള്ളൂ എന്ന് പണ്ടുള്ളവർ പറയും. നാഴിക്കുള്ളിൽ പുതിയതെന്തെങ്കിലും നിറക്കണമെങ്കിൽ അതിനകത്തെ കുറച്ച് മാറ്റേണ്ടിവരും. അത് പ്രത്യക്ഷത്തിലുള്ള സാധനമായാലും ഊർജ്ജമായാലും. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഒരു പരിധിക്കപ്പുറം ആരേയും ആശ്രയിക്കരുത്, ചോദിച്ചു ബുദ്ധിമുട്ടിക്കരുത്, അത് ദൈവമായാൽ പോലും. എല്ലാം നിലനിൽക്കുന്നത് ഞാൻ ആറുവർഷങ്ങൾക്കുമുമ്പ് ഈ പംക്തിയിൽത്തന്നെ എഴുതിയപോലെ ഒരു ബാലൻസിലാണ്. നമ്മൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് പോലും ബാലൻസിലാണ്. അതുകൊണ്ടാണ് നമ്മുടെ ശരീരത്തിൽ പുതുതായി ഒരു മണൽത്തരി പോലും പെട്ടാൽ ശരീരം എന്ത് വിലകൊടുത്തും അതിനെ പുറം തള്ളുന്നത് അല്ലെങ്കിൽ കുറച്ചെങ്കിലും മാറ്റിയശേഷം യോജിച്ചത് തുന്നിച്ചേർക്കുക. അല്ലെങ്കിൽ സമ്മതിക്കില്ല ശരീരം. ഇത് നമ്മളിൽ മാത്രമല്ല എല്ലാ ജീവികളിലും ഇങ്ങനെത്തന്നെയാണിത്. അതുകൊണ്ട് നമ്മൾ അനാവശ്യമായി ഒന്നിലും കുറ്റം കണ്ടുപിടിക്കേണ്ട ആവശ്യമില്ല. അഥവാ കുറ്റം കണ്ടുപിടിച്ചാലും പറഞ്ഞാലും തിരുത്തിയാലും അതിന് തുല്യമായി വേറെവിടെയെങ്കിലും അത് പൂരകമായിപ്പോകാൻ വഴിയുണ്ട്. കുറ്റം കിടക്കട്ടെ. കുറ്റം ഉണ്ടാവുമ്പോൾ മാത്രമേ അവിടെ നല്ലതിനെ വ്യതിരിക്തമായി കാണാൻ കഴിയൂ. അത് സൃഷ്ടിയുടെ വൈഭവമാണ്. പ്രകൃതിയുടെ മാഹാത്മ്യമാണ്. അതുകൊണ്ട് നമ്മൾ ഒന്നും ചെയ്യരുത് എന്നല്ല കേട്ടോ. ശ്രമിക്കണം. അത് പാത വെട്ടലാണ്. പാതയിലൂടെ നടക്കേണ്ടത് നമ്മളാണ്. അനന്ത രത്ന പ്രഭവസ്യ യസ്യ ഹിമം ന സൗഭാഗ്യവിലോപിജാതം എന്ന് കാളിദാസർ എഴുതിയതും അതുകൊണ്ടാകണം. നമ്മളിൽ ഓരോരുത്തരിലും അനന്ത രത്നങ്ങളുണ്ട്. അത് നാമറിയാതെ പോകരുത്. അതിനെ പ്രാർത്ഥിച്ചു പ്രാർത്ഥിച്ചു, പോരാ പോരാ എന്ന് പറഞ്ഞ് കരിക്കട്ടയാക്കരുത്. രത്നം എവിടെയിരുന്നാലും തിളങ്ങും. അതതിന്റെ സ്വഭാവമാണ് അല്ലെങ്കിൽ ഗുണമാണ്. ഈ ഗുണം ഒരു പക്ഷെ കഴിഞ്ഞ ജന്മത്തിൽ കിട്ടിയതാവാം. അതറിയാൻ മരണമതിലുകൾ പൊളിച്ചുമാറ്റണം. പക്ഷെ ഓരോ മതിൽ പൊളിയുമ്പോഴും ഒരു പുതിയ രാജ്യമാവും അവിടെ. കണ്ണുകെട്ടിയാവും കൊണ്ടുപോവുക. ഒന്നും കാണാൻ പറ്റില്ല. ഒന്നും ഓർമ്മയും വരില്ല. അവിടെയാണ് പ്രജ്ഞ ഉണരേണ്ടത്. കണ്ണുകൾ രാത്രിയിൽ ആവശ്യമില്ല കാരണം പുറത്തും അകത്തും ഇരുട്ടാണ്. എന്നാലും കാണാം നിങ്ങൾക്ക്. അകക്കണ്ണുകൊണ്ട് അങ്ങിനെ മതിലുകൾ പൊളിയുമ്പോൾ നിങ്ങൾ ഏതു മതത്തിലാണ് ജനിച്ചത്, ഏത് മതത്തിലാണ് ജീവിച്ചത് എന്നൊക്കെ അറിയാം. അതെ വെറും മണ്ടത്തരങ്ങൾ മിഥ്യ ധാരണകൾ. ഈ മതിലുകൾക്കപ്പുറം കാണാൻ കഴിയണം. പറ്റും നിങ്ങൾക്ക്. ഈ ജന്മത്തിൽ തന്നെ. ഇവിടെയിരുന്ന് അവിടെ ഇന്ത്യയോ പാകിസ്ഥാനോ ബംഗ്ലായോ, ഹിന്ദുവോ മുസ്ലീമോ ആഫ്രിക്കക്കാരനോ ആസ്ട്രേലിയക്കാരനോ ഒന്നും ഇല്ല. അവിടെ ബുഷില്ല, ഒബാമയില്ല,

മോദിയില്ല, ആരുമില്ല എന്നാലോ എല്ലാവരുമുണ്ട്. എല്ലാവരും കല്ലും മുള്ളും പാറ്റയും പുഴുവും മൃഗങ്ങളും സസ്യങ്ങളും വെള്ളവും വെളിച്ചവും എല്ലാം. എല്ലാവർക്കും പരസ്പരം അറിയാം. എല്ലാവർക്കും സന്തോഷം, എല്ലാവർക്കും സുഖം ഈ മതിലുകളാണ് പൊളിക്കേണ്ടത്. ഇത് നമ്മുടെ ഉള്ളിൽ ത്തന്നെയാണ്. ഒന്ന് ഉള്ളിലേക്ക് നോക്കൂ. വീണ്ടും വീണ്ടും നോക്കൂ. ആഴത്തിൽ നോക്കൂ. അങ്ങ് ദൂരെ കാണുന്നില്ലേ എല്ലാം അവിടെയെല്ലാവരുമുണ്ടാവുമ്പോൾ പിന്നെ എന്തിനാണ് പ്രാർത്ഥന.

■ലേഖനം



നന്ദകുമാർ ടി. വി.
9820988026

# മനുഷ്യരെ സംഘടിപ്പിക്കുമ്പോൾ...


മനുഷ്യൻ ഒരു സാമൂഹിക ജീവിയാണ്. ഒറ്റയ്ക്ക് അവന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ വളരെ പരിമിതമാണ്. സംഘടിക്കുമ്പോൾ മാത്രമാണ് അവൻ ശക്തനായിത്തീരുന്നത്. മനുഷ്യരെ സംഘടിപ്പിക്കാൻ പരമ്പരാഗതമായി മൂന്നു വികാരങ്ങളേയാണ് സ്വാധീനിച്ചിരുന്നത്. ഒന്ന് ഭയം, രണ്ട് വിദ്വേഷം, മൂന്ന് സ്നേഹം.

ഭയം എന്ന വികാരത്തെ അടിസ്ഥാനമാക്കിയുള്ള ചൂഷണത്തിലൂടെയാണ് ഭൂരിഭാഗം മത വിഭാഗങ്ങളും ജനമനസ്സുകളെ ഒന്നിപ്പിച്ചുനിർത്തുന്നത്. ഏതുമത വിഭാഗത്തിൽ പെട്ട ആളുകൾക്കും ഭയക്കേണ്ടതായി വളരെയേറെ വസ്തുതകൾ നിലവിലുണ്ട്. ആരാധനാലയങ്ങളെ ഭയക്കണം, പുരോഹിതന്മാരേ ഭയക്കണം, ആചാരങ്ങളെ ഭയക്കണം, എന്തിനധികം പറയുന്നു കരുണാമയനായ ദൈവത്തെ ത്തന്നെ ഭയക്കണം. ഭയം നമ്മെ പ്രതികൂലമായി ബാധിക്കുന്ന ഒരു വികാരമാണ്, ഭയക്കുന്തോറും നമ്മിലെ സ്വതന്ത്രചിന്താശക്തി നശിക്കുന്നു, ആശയങ്ങളെ വസ്തുതാപരമായി അവലോകനം ചെയ്യുവാനുള്ള ശേഷി നഷ്ടമാകുന്നു. ഒരു വ്യക്തി നമ്മെ ഭയപ്പെടുത്തുമ്പോൾ നാം നമ്മുടെ മനസ്സുതന്നെയാണ് അവിടെ അടിയറവുവെക്കേണ്ടതായി വരുന്നത്. അയാൾ പറയുന്നതത്രെയും സത്യമാണെന്നു ധരിക്കേണ്ടിവരുന്നു, അയാളുടെ വാക്കുകൾ അതേപടി അനുസരിക്കേണ്ടിവരുന്നു. ഒരുപക്ഷെ വ്യക്തിപരമായി ഒട്ടും താല്പര്യപ്പെടാത്ത കാര്യങ്ങൾ പോലും ചെയ്യുവാൻ നാം നിർബന്ധിതരാവുന്നു.

ഭയം എന്ന വികാരത്തിലൂടെ സംഘടിപ്പിക്കുന്ന ഒരു പ്രസ്ഥാനത്തിന് സമൂഹത്തിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവെക്കാൻ സാധ്യമായെന്നുവരില്ല, കാരണം ഭയത്തിനടിമപ്പെട്ട് ചിന്താശക്തി നശിച്ച്, അതാത് പ്രസ്ഥാനങ്ങളുടെ തലപ്പത്തിരിക്കുന്ന ഏതാനും ചിലരുടെ താല്പര്യം സംരക്ഷിക്കുവാൻ അവനവന് ലഭിക്കുന്ന ആജ്ഞകൾ അതേപടി ചെയ്തുകാണിക്കുന്ന പാവകൾ മാത്രമായിത്തീരുന്നു പ്രവർത്തകർ. ഇക്കാരണം കൊണ്ടുതന്നെ നേതാക്കളുടെ മനോഭാവത്തെ അടിസ്ഥാനപ്പെടുത്തിയിരിക്കും അവർക്കും കീഴിലുള്ളവരുടെ പ്രവർത്തനമഹിമ. നല്ല നേതൃത്വത്തിന്റെ ഫലമായി ജനനന്മയും മറിച്ചാണെങ്കിൽ തിന്മ വിതറുന്ന പ്രവൃത്തികളായിരിക്കും അവർ ചെയ്യുക.

മനുഷ്യരെ സംഘടിപ്പിക്കുവാൻ രണ്ടാമതായി അവലംബിക്കുന്ന വികാരമാണ് വിദ്വേഷം. ഈ വികാരത്തെ കൂടുതലായി ചൂഷണം ചെയ്യുന്നത് രാഷ്ട്രീയക്കാരാണ്. അയൽരാജ്യത്തോടുള്ള വിദ്വേഷം, അന്യമതങ്ങളോടുള്ള വിദ്വേഷം, അന്യഭാഷ സംസാരിക്കുന്നവരോടുള്ള വിദ്വേഷം, അങ്ങിനെ പലതും. വിദ്വേഷം ഒരുതരത്തിൽ ആസക്തി തന്നെയാണ്, അത് ചിന്തകളിൽ പടരുമ്പോൾ കൈവരുന്ന വിവേകരഹിതമായ ആവേശത്തിലൂടെ പലവിധ അനാവശ്യ കർമ്മങ്ങളിൽ ഏർപ്പെടുന്ന വിദ്വേ

■കഥ



സുരേഷ് തെക്കീട്ടിൽ
9446330957

## അർത്ഥം

എന്തോ അവനെ അംഗീകരിക്കാൻ എനിക്കൊരു മടി. അതുകൊണ്ടാണ് കഴിയുന്നിടത്തൊക്കെ ഞാൻ അവന് പാര പണിതത്. എന്നാൽ അതൊന്നും അവന് കാര്യമായി ഏൽക്കുന്നില്ല. മാത്രവുമല്ല അവന് ജോലിയിലും, ജീവിതത്തിലും എല്ലാം വെച്ചടി വെച്ചടി കയറ്റം. ഞാൻ പാര പണിയുന്നതൊക്കെ അവനറിയുകയും ചെയ്യാം. എന്നിട്ടും എന്നെ കാണുമ്പോഴൊക്കെ അവൻ നന്നായി ചിരിക്കുന്നു. ഒടുവിൽ ചെറിയ ഒരു സംശയം തോന്നിയ ആ ചിരിയുടെ അർത്ഥമറിയാനാണ് നെറ്റിൽ പരതിയത്. തെളിഞ്ഞു വന്നത് ഇങ്ങനെ


നീ പോടാ പുല്ലേ

ഷത്തിലൂടെ ഒരു ജനവിഭാഗത്തെ ഒന്നിപ്പിക്കുമ്പോൾ അത് ഒരു വ്യാധിപോലെ സമൂഹത്തിൽ പടർന്നുപിടിക്കുവാൻ കാരണമായിത്തീരുന്നു. വിദ്വേഷത്തെ അടിസ്ഥാനമാക്കിയുള്ള ഒരു സംഘം ചേരലിന് അഥവാ പ്രസ്ഥാനത്തിന് ഒരിക്കലും കാലത്തെ അതിവർത്തിച്ചു നിലനിൽക്കുവാൻ സാധ്യമാവുകയില്ല എന്നുമാത്രമല്ല അത് മൂർഖൻ പാമ്പുകളാൽ ഒന്നിച്ചുചുറ്റിയ കമ്പുകൾ പോലെയാണ്, അവയുടെ ചുറ്റ് നിലനില്ക്കുന്നിടത്തോളം കാലം അതിന് ബലം കാണാനും. എന്നാൽ, ഏതൊരു വിഷയമാണോ വിദ്വേഷത്തെ ജനിപ്പിക്കാൻ കാരണമായത് അത് ഒരുനാൾ ഇല്ലാതായിത്തീരുമ്പോൾ ഈ വിഷപാമ്പുകൾ തിരിഞ്ഞുകൊത്തുവാൻ തുടങ്ങുകതന്നെ ചെയ്യും. സ്വമനസ്സുകളിൽ നിറഞ്ഞിരിക്കുന്ന വിദ്വേഷത്താൽ വിവേചനബുദ്ധി പോലും നശിച്ച ഇക്കൂട്ടർ സ്വന്തം കുടുംബത്തേയും ചുറ്റുപാടുകളേയും ഈ ദുർവികാരത്തിന്റെ ഇരകളാക്കിത്തീർക്കുന്നു.

മനുഷ്യരെ ഒന്നിച്ചുചേർക്കുവാനുള്ള ഉജ്ജ്വലമായ വികാരങ്ങൾ സ്നേഹവും അനുകമ്പയുമാണ്. പ്രകൃതിയോടുള്ള സ്നേഹം, സഹജീവികളോടുള്ള സ്നേഹം, സ്വന്തം കർത്തവ്യങ്ങളോടും കടമകളോടുമുള്ള സ്നേഹം അങ്ങിനെ പലതും. സ്നേഹത്തിലൂടെയുള്ള ഒന്നിപ്പിക്കൽ ശാശ്വതമാണ് കാരണം ആ സമൂഹത്തിലെ മനസ്സുകളിൽ നിറഞ്ഞുനിൽക്കുന്നത് സ്നേഹവും അനുകമ്പയും ആയിരിക്കും. അങ്ങനെയുള്ള സമൂഹത്തിലെ ഒരു വ്യക്തിക്ക് ഒരിക്കലും മറ്റൊരുവനെ കൊല്ലാനോ മുറിവേൽപ്പിക്കാനോ കഴിയുകയില്ല. പക്ഷെ സ്നേഹത്താൽ ഒരു സമൂഹത്തെ ഒന്നിപ്പിക്കുക എന്ന ദൗത്യം എളുപ്പമല്ല. അതുകൊണ്ടുതന്നെയാണ് മതപരമോ രാഷ്ട്രീയ പരമോ ആയ സംഘടനകൾ അതിനു മുതിരാത്തത്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഭയത്തിലൂടേയും വിദ്വേഷത്തിലൂടേയും ഉള്ള ഒന്നിപ്പിക്കൽ എളുപ്പമാണുതാനും. സ്നേഹത്തിന്റെ മാർഗ്ഗത്തിലൂടെ ഒരു ജനതയെ മുഴുവൻ ഒന്നിപ്പിക്കുക എന്ന മഹത്തായ ഉദ്യമത്തിൽ നമുക്കെന്നും മാതൃകയാണ് നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി. ബ്രിട്ടീഷുകാർക്കെതിരെ ശക്തമായ സമരമുറകൾ ആസൂത്രണം ചെയ്യുമ്പോഴും, അവരോടുള്ള വിദ്വേഷമായിരുന്നില്ല അദ്ദേഹം സമൂഹത്തിന് നൽകിയിരുന്ന ഊർജ്ജം. മറിച്ച് ഏകതാ ഭാവത്തിലൂടെ ജനത്തെ സംഘടിപ്പിച്ച് ബ്രിട്ടീഷുകാരും മനുഷ്യരാണ് എന്ന തിരിച്ചറിവ് പകർന്ന് സഹനസമരങ്ങളിലൂടെ ബ്രിട്ടീഷുകാരെ അവരുടെ മണ്ണിലേക്ക് തിരിച്ചയച്ചു. അഹിംസാ സിദ്ധാന്തത്തിലൂടെ നേടിത്തന്ന സ്വാതന്ത്ര്യം എന്ന കാരണത്താൽ തന്നെ ഈ സമൂഹത്തിൽ ഇന്നും ആ സദ്ചേതനയുടെ ശേഷിപ്പുകൾ നമുക്ക് കാണാനാവുന്നത്. അതിനുത്തമ ഉദാഹരണമാണ് നാനാവർണ്ണ ഭാഷകൾ, മതങ്ങൾ, ആചാരങ്ങൾ എന്നിവയ്ക്കെല്ലാം ആസ്പദമായി കാലത്തെ അതിവർത്തിക്കുന്ന ഭാരതം.

ഇന്നും നമുക്ക് പലവിധ ഉദ്യമങ്ങൾക്കും കൂട്ടായി പ്രവർത്തിക്കേണ്ടിവരുന്നു പല നേതാക്കളും നമ്മൾക്ക് മോഹന വാഗ്ദാനങ്ങൾ നൽകുന്നു. ഏതുവികാരത്തെ മുൻനിർത്തിയാണ് അവർ നമ്മെ ഒന്നിപ്പിക്കുന്നത് എന്ന വിഷയത്തിൽ നാം ജാഗ്രത പുലർത്തേണ്ടത് അനിവാര്യമാണ്. അനുകമ്പയും സ്നേഹവും വളർത്തി ഒന്നിപ്പിക്കുന്നവർക്ക് സങ്കുചിത താല്പര്യങ്ങളോ ഗൂഢമായ ലക്ഷ്യങ്ങളോ ഇല്ലാത്തതിനാൽ അവരുടെ കൂടെ നിൽക്കുന്നതോടൊപ്പം പുറമേക്ക് എത്ര തന്നെ ഉദ്ദേശശുദ്ധി തോന്നിയാലും ഭയവും വിദ്വേഷവും വളർത്തി സംഘടനാപ്രവർത്തനം നടത്തുന്നവരിൽ നിന്നും അകന്നുനിൽക്കുകയും വേണം.

●



**എം. എം. മേനോൻ**
**0491 6451469**

# അറിയിപ്പ്

'ഉറങ്ങുന്ന ലോകത്ത് ഉറങ്ങാനാവാതെ...' മുരളിയുടെ ഈ വരിയുടെ അഗാധ സത്യം/പ്രാധാന്യം തെളിവാക്കുന്നത് എക്കണത്ത് ഈശ്വരന്റെ പുസ്തകം 'Your life is your message', ISBN 0915132745 Blue Mountain Centre of Meditation (BMCM) USA, P86ൽ ആണ്. സാരാംശം : 'ധനം - സുഖഭോഗം - അധികാരേച്ഛ എന്നിവയുടെ മാസ്മരിക ആകർഷണത്താൽ കുടുക്കപ്പെടാതെ, നമ്മൾ കെട്ടിപ്പൊക്കിയ രാജകൊട്ടാരത്തിന്റെ അടിത്തറയാകുന്ന പരിസര/ചുറ്റുപാടുകൾ, നമ്മളറിയാതെത്തന്നെ, അജ്ഞാനം - ആർത്തി - ശത്രുത/ദ്വേഷം എന്നിവയുടെ മാരക പ്രഭാവത്താൽ കുറച്ചുകുറച്ചായി ഇടിഞ്ഞുപൊളിയുന്നത്, സ്വപ്നത്തിൽ മയങ്ങി ഉറങ്ങുന്ന നമ്മൾ ഒട്ടും അറിയുന്നില്ല.'

***ജനങ്ങളെ ! (പ്രത്യേകിച്ച് ചിന്തകരേ ! ബുദ്ധിജീവികളെ !!) ഉത്തിഷ്ഠത ! ജാഗ്രത !! (എഴുന്നേൽക്കുക ! ഉണരുക !!)***

(നവംബർ ഒടുവിനുമുമ്പ്, 125 പേജുള്ള ഈ പുസ്തകം പാലക്കാട് ഡിസ്ട്രിക്ട് പബ്ലിക് ലൈബ്രറിയിൽ എത്തിക്കുന്നതാണ്.)

എടപ്പാൾ സി. സുബ്രഹ്മണ്യൻ
9446472231

# വാക്കാണ് സത്യം

**വാ**ക്ക് സത്യമാകുന്നു. വാക്കാണ് സത്യം എന്നത് വളരെയധികം ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ്. വാക്ക് സത്യമാകുന്നതിന്റെ പിറകിൽ പ്രവർത്തിക്കുന്നതെന്താണ്. വാക്കിന് അപ്പുറവും ഇപ്പുറവും കരുത്തരായ രണ്ടുപേർ നിൽക്കുന്നുണ്ട്. മനസാ വാചാ കർമ്മണാ എന്നതിൽ നിന്നു മനസ്സിലാക്കാം, വാക്കിനപ്പുറം നിൽക്കുന്നത് മനസ്സാണ്. മനസ്സ് ചിന്തകളുടെ കടലാണ്. ചിന്തയിൽ നിന്നാണ് വാക്ക് മുളയ്ക്കുന്നത്. ചിന്തയെക്കുറിച്ച് പറയുമ്പോഴാകട്ടെ ആദ്യം പറയേണ്ട വാക്യം - നാം എന്തുചിന്തിക്കുന്നുവോ നാം അതായി മാറുന്നു എന്നതാണ്. അങ്ങനെ വരുമ്പോൾ വാക്ക് സത്യമാകുന്നു എന്നത് ഏറ്റവും വലിയ സത്യമാകുന്നു.

വാക്ക് അനുഗ്രഹമായും ശാപമായും പരിണമിച്ചതിന്റെ നിരവധി ഉദാഹരണങ്ങൾ ഓരോരുത്തരുടേയും ജീവിതത്തിലുണ്ടാകും. ചില പ്രത്യേക സന്ദർഭങ്ങളിൽ നാം കേട്ട, വായിച്ച, അറിഞ്ഞ, അനുഭവിച്ച, ചില വാക്കുകൾ ജീവിതത്തിന്റെ മൊത്തം ഊർജ്ജമായി മാറിയതിന്റെ കെടാത്ത ഓർമ്മകളുണ്ടാകും. ആശംസാവചനങ്ങളുടെ മൂല്യങ്ങളെക്കുറിച്ച് സാധാരണ പറഞ്ഞുവരുന്ന ഒരു സംഗതിയുണ്ട്. അന്തരീക്ഷത്തിൽ എല്ലായ്പ്പോഴും അദൃശ്യരായ മാലാഖമാർ സഞ്ചരിക്കുന്നുണ്ടത്രെ. നാം അനുഗ്രഹവചസ്സുകളായി ചൊരിയുന്ന, നീ നല്ലൊരു കലാകാരനാകട്ടെ, സാഹിത്യകാരനാകട്ടെ, ചിത്രകാരനാകട്ടെ, അഭിനേതാവാകട്ടെ, മഹാനായ ശാസ്ത്രജ്ഞനാകട്ടെ എന്നൊക്കെ പറയുമ്പോൾ അന്തരീക്ഷത്തിലൂടെ യാത്ര ചെയ്യുന്ന മാലാഖ പറയുമത്രെ, അതങ്ങനെത്തന്നെ സംഭവിക്കട്ടെ അതങ്ങനെത്തന്നെ സംഭവിക്കട്ടെ എന്ന്. അതുപിന്നെ യാഥാർത്ഥ്യമായി മാറുന്നു.

അനുഗ്രഹവാക്കുകൾ പോലെ ശാപവചസ്സുകളും ശക്തമാണ്. അതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് ഇടശ്ശേരി ഗോവിന്ദൻ നായരുടെ പൂതപ്പാട്ട്. ആറ്റിൻ വക്കത്തെ മാളിക വീട്ടിൽ ആറ്റുനോറ്റു പിറന്ന ഉണ്ണി. പാപ്പയും പാലും കൊടുത്ത് വളർത്തിയ നങ്ങേലിയമ്മ. ഏഴുവയസ്സുകഴിഞ്ഞപ്പോൾ കയ്യിൽ പൊൻപിടിക്കൊച്ചെഴുത്താണി നൽകി അമ്മ മകനെ പഠിക്കാൻ വിട്ടു. എന്നാൽ ചെന്നുപെട്ടത് പൂതത്തിന്റെ കൈയിൽ. വെയിൽ മങ്ങിയിട്ടും മഞ്ഞക്കതിരു പൊങ്ങിയിട്ടും മകനെ കാണാഞ്ഞ് നങ്ങേലി നാടുനീളെ അലഞ്ഞു. പൂമരച്ചോട്ടിൽ ഉണ്ണിയുമായി രസിച്ചിരുന്ന പൂതം അമ്മയെ ആദ്യം പേടിപ്പിച്ചോടിക്കാൻ നോക്കി. കാറ്റിൻ ചുഴലിയായും കാട്ടുതീയായും നരിയായും പുലിയായും ഒക്കെ. പിന്തിരിയാത്ത അമ്മയ്ക്ക് മുന്നിൽ പ്രലോഭനങ്ങളുടെ പൊൻകൂമ്പാരമുയർന്നു. അമ്മയാകട്ടെ സ്വന്തം കണ്ണുകളാണ് പകരം വെച്ചത്. ഇപ്പോൾ അമ്മയെ പറ്റിക്കാൻ പൂതം ചെയ്തത് കൊടും ക്രൂരതയാണ്.

*തെച്ചിക്കോലു പറിച്ചുപൂതം*
*ചേലോടു മന്ത്രം ജപിച്ചു പൂതം*
*മറ്റൊരുണ്ണിയെ നിർമ്മിച്ചു പൂതം*
*അതിനെയാണ് പൂതം*
*അമ്മയ്ക്ക് നല്കിയത്.*

അമ്മയെടുത്തിട്ടുമ്മകൊടുത്തിട്ടഞ്ചിതമോദം മൂർദ്ധാവിങ്കൽ തടകിത്തടകി പുൽകി. തന്റെ കുട്ടിയല്ലെന്ന് തിരിച്ചറിയുന്ന അമ്മ, തന്നെ പൂതം പറ്റിച്ചിരിക്കുന്നു എന്ന് ബോധ്യപ്പെട്ട അമ്മ ഇപ്പോൾ പഴയ അമ്മയല്ല. നങ്ങേലി ഇപ്പോൾ നരിയായി, പുലിയായി, കാറ്റിൻ ചുഴലിയായി, കാട്ടുതീയായി.

*പെറ്റ വയറ്റിനെ വഞ്ചിക്കുന്നൊരു*
*പൊട്ടപ്പൂതമിതെന്നു കയർത്താൾ*
*താപം കൊണ്ടു വിറയ്ക്കെ*
*ക്കൊടിയൊരു*
*ശാപത്തിന്നവൾ*
*കൈകളുയർത്താൾ.*

ഇത്തരമൊരു സന്ദർഭത്തിൽ അമ്മയുടെ വാക്കുകൾ തന്നെ ഭസ്മമാക്കുമെന്ന് പൂതം പോലും മനസ്സിലാക്കുന്നതുകൊണ്ടാണ് കുട്ടിയെ വിട്ടുകൊടുക്കുന്നത്. വാക്കുകൾക്ക് അതിന്റെ സന്ദർഭത്തിലാണ് വില നിലനിൽക്കുന്നത്. ശക്തിയും ദൗർബല്യവും കുടികൊള്ളുന്നത് സന്ദർഭത്തിലാണ്. അത് മനസ്സിലാക്കുകയും പ്രയോഗിക്കുകയും ചെയ്യലാണ് യഥാർത്ഥ പഠനം. അതിലാണ് ജീവിതത്തിന്റെ വിജയപരാജയങ്ങൾ സ്ഥിതിചെയ്യുന്നത്. വാക്കുകൾ സന്ദർഭാനുസൃതം അടുക്കിവെക്കുമ്പോഴാണല്ലോ നല്ലൊരു സാഹിത്യ സൃഷ്ടിപോലും പിറവിയെടുക്കുന്നത്.

വീട്ടിലായാലും വിദ്യാലയത്തിലായാലും കൃത്യമായ സന്ദർഭത്തിലാണ് കുട്ടിക്ക് അഭിനന്ദനങ്ങൾ കിട്ടേണ്ടത്. അനുയോജ്യമായ അവസരത്തിലാണ് തെറ്റുകൾ തിരുത്തി മുന്നോട്ടുപോകേണ്ടത്. ആദിയിൽ വചനമുണ്ടായെന്ന് ബൈബിൾ. വാക്ക് കാമധേനുവെന്ന് വേദം. വാക്ക് ശരിയായി പ്രയോഗിക്കാൻ കുട്ടികൾക്ക് പ്രായോഗിക പരിശീലനം നൽകേണ്ടതുണ്ട്.

വാക്കുകൾ ചേറിക്കൊഴിക്കാനും കാച്ചിക്കുറുക്കാനും കഴിയണം. വാക്കിന്റെ വക്കുമിനുക്കി തിളക്കിയെടുക്കണം. വാക്കിന്റെ നാക്ക് പുറത്തുനീട്ടീട്ടതിൽ മോതി

രം കൊണ്ട് എഴുതിക്കൊടുക്കണം. വാക്കിന്റെ തൂക്കം എടുത്തുനോക്കണം. വാക്കുകളൊക്കെയും വേവിച്ചെടുത്ത് പാകത്തിന് ഉപ്പ് പുരട്ടണം. വാക്ക് വളച്ചതിൽ അസ്ത്രം കൊടുത്ത് ലക്ഷ്യത്തിലേക്ക് വലിച്ചുവിട്ടീടണം. വാക്കിന്റെ ഊക്കിങ്കൽ ഊറ്റമാർന്നീടാനും വാക്കിന്റെ പുറത്തേറി ലോകം ജയിക്കാനും സാധിക്കണം. വാക്കിന്റെ മീതെ അടയിരുന്ന്, വാക്കിന്റെ ജീവനെ കൊത്തിയുണർത്തി വാക്കിന്റെ ചിറകിൽ കരുത്ത് കൊരുത്ത് പ്രയോഗിക്കാൻ കഴിയണം.

വാക്കുകൾ കെട്ടുപോകാതെയും കെട്ടുപൊട്ടിക്കാതെയും നോക്കണം. വാക്കിൽ തിരികൊളുത്തി എണ്ണ വറ്റാതെ ശ്രദ്ധിക്കണം. വാക്കിന്റെ ഇപ്പുറത്ത് നല്ല ചിന്ത എന്നതുപോലെ വാക്കിന്റെ അപ്പുറത്ത് നല്ല പ്രവൃത്തികളും ഉണ്ടാകട്ടെ. ●

■ കവിത


# ഹർത്താലിന് സ്വാഗതം

**ജയൻ പണിക്കർ**
**9946167259**

എന്തൊരു രസമാണെന്തൊരു സുഖമാ
ബന്ദെന്നു കേൾക്കുമ്പോൾ
ഹർത്താലെന്നു കേൾക്കുമ്പോൾ
ബന്ദും, സമരവും
ഹർത്താലിലലിഞ്ഞല്ലോ.
നാളത്തെ ഹർത്താലിന്നു
ഹാഫും, ഫുള്ളും ഒരുക്കേണം.
മിലിട്ടറി ക്വാട്ടകളുള്ളൊരു വീട്ടിൽ
മൊബൈലിനു സ്വീച്ചോഫ്.
റോഡിൽ അപകടമില്ലാതെ
കിക്കായി നടക്കാമല്ലൊ.
പോലീസിന്നെ പേടിയ്ക്കാതെ
റോഡിന്റെ വീതി അളക്കാമല്ലോ
ഹർത്താലുള്ള ദിവസം തന്നെ
കിച്ചണിൽ ചിക്കന്റെ മണമാണല്ലൊ !
സ്കൂളില്ല, കോളേജില്ല,
അംഗനവാടികളൊന്നുമില്ല.
കുട്ടികളോടൊത്തുരസിക്കാം
ഹർത്താലിന്നു നന്ദിയും പറയാം.
സൺഡേയാണെങ്കിൽ
വെഡ്ഡിംഗിന്റെ തിരക്കാ
അതുകൊണ്ടുതന്നെ,
എന്തൊരു രസമാണെന്തൊരു സുഖമാ
ഹർത്താലെന്നു കേൾക്കുമ്പോൾ.

■ലേഖനം





# കളരിപ്പയറ്റ്

## വ്യായാമത്തിനും സ്വരക്ഷയ്ക്കും

**ടി. വി. നാരായണൻകുട്ടി**
**8547594929**

**കോ**ഴിക്കോട് ജില്ലയിലെ വടകരയ്ക്കടുത്തായിരുന്നു തച്ചോളി മാണിക്കോത്ത് തറവാട്. വടക്കൻ പാട്ടിലൂടെ പേരുകേട്ട തച്ചോളി ഒതേന ചേകവരുടെ ജന്മഗൃഹം. (തച്ചോളി ഓമന കുഞ്ഞോതേനൻ... എന്നു തുടങ്ങുന്ന വടക്കൻ പാട്ടിലെ വരികൾ). കളരിപ്പയറ്റിന്റെ ഈറ്റില്ലം. അവരുടെ കുടുംബപരദേവതയുടെ അമ്പലമായ ലോകനാർ കാവ് അധികം അകലെയല്ലാതെ സ്ഥിതിചെയ്യുന്നു. ഒതേനൻ, സുഹൃത്ത് കണ്ടാച്ചേരി ചാപ്പൻ ചന്തു (ചതിയനോ അതോ വടക്കൻ വീരഗാഥയിലെ ചതിയനല്ലാത്ത ചന്തുവോ ? നിഗമനം വായനക്കാർക്ക് വിടുന്നു.) ആരോമൽ ചേകവർ, വെള്ളുവകമ്മാരൻ, കണ്ണപ്പനുണ്ണി, പാലാട്ട് കോമൻ, കതിരൂർ, മതിലൂർ ഗുരുക്കന്മാർ, തച്ചോളി അമ്പു, വീരാംഗനകളായ ആറ്റും മണമേലെ ഉണ്ണിയാർച്ച, കടത്തനാട്ട് മാക്കം, ഉമ്മിണിത്തങ്ക, തുമ്പോലാർച്ച, കാവിൽ ചാത്തോത്ത് കുഞ്ഞിക്കുങ്കി, ഇങ്ങിനെ നീണ്ടു നീണ്ടുപോകുന്നു വടക്കൻ പാട്ടിലെ വീരനായകന്മാരുടേയും നായികമാരുടേയും നിര. പതിനാറാം നൂറ്റാണ്ടിലാണ് ഒതേനൻ ജീവിച്ചിരുന്നതെന്നാണ് പറയപ്പെടുന്നത്.

വടക്കെ മലബാറിലെ കളരികളെല്ലാം കടത്തനാടൻ മുറകൾ പരിശീലിപ്പിക്കുന്ന കളരികളാണ്. ചേകവരുടെ നാടായ വടകരയിൽ, പുതുപ്പണം, മുട്ടുങ്ങൽ, പരവന്തല തുടങ്ങി മിക്ക സ്ഥലങ്ങളിലും അങ്ങിങ്ങായി അനേകം കളരികളുണ്ടായിരുന്നു. ആൺകുട്ടികളെ ചെറുപ്പം തൊട്ടേ കളരി അഭ്യസിക്കാനയക്കുന്ന ശീലം മിക്ക വീട്ടുകാർക്കുമുണ്ടായിരുന്നു. ക്രമേണ ചിലർ പെൺകുട്ടികളേയും അയക്കാൻ തുടങ്ങി.

പണ്ടുകാലത്തെ കളരികളൊക്കെ ചുരുങ്ങിയത് 80' നീളവും 40' വീതിയും ഉള്ളവയാണ്. ഏതാണ്ട് 3 - 4 അടിയോളം ആഴത്തിൽ മണ്ണ് നീക്കി, വശങ്ങളും, നിലവും മണ്ണ് കൊണ്ട് മെഴുകി തയ്യാറാക്കിയ കുഴിക്കളരികളാണ് മിക്കതും. മേൽക്കൂര മദ്ധ്യഭാഗം ഏതാണ്ട് ഇരുപതടിയോളം ഉയരത്തിൽ രണ്ട് വശത്തേക്കും ചെരിച്ച്, അറ്റം, ചുമരിൽ നിന്നല്പം മാറി നിലത്ത് മുട്ടത്തക്ക വിധം, മടഞ്ഞ ഓല കൊണ്ട് മേഞ്ഞാണ് നിർമ്മിക്കുക. ത്രികോണാകൃതിയിലുള്ള മുൻഭാഗവും പിൻഭാഗവും പകുതിഭാഗം വരെ ഓല കൊണ്ട് മറയ്ക്കും. പ്രവേശന കവാടത്തിൽ കളരിയിലേക്കിറങ്ങാൻ രണ്ടോ മൂന്നോ പടവുകളുണ്ടാകും. പ്രവേശനകവാടത്തിന്റെ നേരെ എതിർവശത്തെ ഇടത്തെമൂലയിൽ മണ്ണുകൊണ്ട് വൃത്തഖണ്ഡത്തിന്റെ മാതൃകയിൽ ഏകദേശം ആറിഞ്ചോളം (15cm)വീതിയിൽ പ

ടവുകൾ നിർമ്മിച്ചിരിക്കും. ഇതിനെ കളരി പരദേവതയെന്ന് സങ്കല്പിച്ച് വണങ്ങിയിട്ടാണ് പരിശീലനം തുടങ്ങുന്നത്. പൂജിക്കാൻ തുമ്പയുടെ ഇലയും, പൂവും ചേർന്ന തണ്ടാണ് അന്നൊക്കെ ഉപയോഗിച്ചിരുന്നത്. കളരി കഴിഞ്ഞ് മടങ്ങുമ്പോൾ വീണ്ടും പരദേവതയെ വണങ്ങി പിന്നോട്ട് നടന്നാണ് പുറത്തേക്ക് പോവുക. എല്ലാവരും പുറത്തേക്ക് പോയാൽ മടഞ്ഞ ഓല കൊണ്ട് കളരി വാതിൽ അടയ്ക്കും. പിന്നീട് അന്ന് കളരിയിൽ ആരും പ്രവേശിക്കരുതെന്നാണ് പറയാറ്. ഇക്കാലത്ത്, മേൽക്കൂരയ്ക്ക് ഓലയ്ക്ക് പകരം, ഓടുപയോഗിക്കുന്നതും ഹാളുകളിൽ കളരിയഭ്യസിപ്പിക്കുന്നതും അടക്കം പലമാറ്റങ്ങളും വന്നിട്ടുണ്ട്.

1950ൽ ശ്രീനിവാസ ഗുരുക്കൾ സ്ഥാപിച്ച കടത്തനാടൻ കളരിസംഘത്തിന്റെ മേൽനോട്ടത്തിലാണ് മിക്ക കളരികളും പ്രവർത്തിച്ചുവന്നിരുന്നത്. ഇതിന് ശേഷമാണ് ഈ രംഗത്തൊരു ഐക്യരൂപം കൈവന്നത്. രാഘവൻ ഗുരുക്കൾ, കരുണൻ ഗുരുക്കൾ, ദാമു ഗുരുക്കൾ എന്നിവരായിരുന്നു തുടക്കത്തിലെ പ്രമുഖർ. 1942ൽ ജനിച്ച മീനാക്ഷി തന്റെ ഏഴാം വയസ്സിൽ കളരി അഭ്യാസം തുടങ്ങി. ഇവർ പിന്നീട് രാഘവൻ ഗുരുക്കളെ വിവാഹം ചെയ്ത് മീനാക്ഷി ഗുരുക്കളായി. ഇവർ പുതുപ്പണം കേന്ദ്രമാക്കി കളരി പഠിപ്പിക്കൽ ഇന്നും തുടരുന്നൊരു വനിതയാണ്. ആയോധന കലയിൽ (Martial Art) ഇവർ നൽകിയ സംഭാവനകൾ മാനിച്ച് 2016ൽ സാർത്ഥക് നാരി പുരസ്കാരം നൽകി രാഷ്ട്രം ഇവരെ ആദരിച്ചു. ഇന്ന് കേരളത്തിലങ്ങോളമിങ്ങോളം ധാരാളം കളരി സംഘങ്ങളും അവയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന ശാഖകളും, ആൺകുട്ടികളേയും പെൺകുട്ടികളേയും കളരിയഭ്യസിപ്പിക്കുന്നു. വേഷവിധാനങ്ങളിലൊക്കെ കാലത്തിനൊത്ത മാറ്റങ്ങളും ഉണ്ടായിട്ടുണ്ട്.

**വേഷം**

1954-59 കാലത്താണ് ഞാൻ വടകരയിൽ കളരി പഠിച്ചത്. അന്ന് ഏതാണ്ട് 25സെ.മീ. (8'') വീതിയും, അഞ്ചോ ആറോ മീറ്റർ നീളവുമുള്ള തുണികൊണ്ടുള്ള കച്ച അരയിൽ വരിഞ്ഞുടുത്തിട്ടാണ് അഭ്യാസങ്ങൾ ചെയ്തിരുന്നത്. കച്ച മുറുക്കിയുടുത്ത് അരവണ്ണം കുറയണമെന്നൊക്കെ അന്ന് ഗുരുക്കൾ പറയുമായിരുന്നു. ചിലർ 'ലങ്കോട്ടി' എന്നുപറയുന്ന അരവസ്ത്രമാണുടുക്കുക. ദേഹം മുഴുവൻ എണ്ണ തേക്കണമെന്ന് നിർബന്ധമാണ്. (ഇന്ന് ഈ നിബന്ധന ഒഴിവാക്കിയെന്നാണ് മനസ്സിലാക്കുന്നത്)

വൈകുന്നേരങ്ങളിൽ ഏകദേശം ഒന്നരമണിക്കൂറോളം പരിശീലിക്കും. കളരി കഴിഞ്ഞ് വീടെത്തിയാൽ തെങ്ങിൻ ചക്കരയും, കുരുമുളകുമിട്ട കട്ടൻ കാപ്പി ഇളം ചൂടോടെ കുടിക്കാൻ തരും. അത് കഴിയുമ്പോൾ നന്നായി വിയർക്കും. ഈ വിയർപ്പാറിയാൽ കുളത്തിൽ ചെന്ന് കുളിക്കും. എണ്ണ കളയുന്നതിന് ചീനിക്കപ്പൊടിയോ ചെറുപയർപൊടിയോ ഉപയോഗിക്കും. കുളി കഴിഞ്ഞ് വന്നാൽ മിക്ക ദിവസവും ആട്ടിറച്ചിക്കറിയും കൂടെ പത്തിരിയോ ദോശയോ വയറു നിറയെ കിട്ടും. ഇതിന്നുവേണ്ടി കളരിയിൽ പോകുന്നവരും അന്നുണ്ടായിരുന്നു.

ഉഴിച്ചിൽ (Massage)

പരിശീലന കാലത്ത്, മിക്കപ്പോഴും കർക്കിടകത്തിൽ തുടർച്ചയായി കുറേ ദിവസങ്ങളിൽ നിലത്ത് പായയിൽ കിടത്തി ഗുരുക്കൾ തന്റെ ശിഷ്യന്മാർക്ക് ഉഴിച്ചിൽ നടത്തും. ചെറിയ കുട്ടികൾക്ക് കൈകൊണ്ടും, മുതിർന്നവർക്ക് ഉത്തരത്തിൽ കെട്ടിയ കയറിൽ പിടിച്ച് കാലുകൊണ്ടുമാണ് ഇത് നടത്തുക. വളയാനും നിവരാനും മറ്റും എല്ലുകളും പേശികളും ആവശ്യാനുസരണം വഴങ്ങുവാനും നാഡി ഞരമ്പുകൾക്ക് നല്ല പരിരക്ഷ ലഭിക്കാനും ഇത് സഹായിക്കും. അരക്കെട്ടിലെ എല്ല് ആവശ്യാനുസരണം വഴങ്ങാത്തവർക്ക് 'കെട്ടിന് വെക്കുക' എന്ന സൂത്രം ഗുരുക്കൾ ഇടക്കിടെ ചെയ്യും. ഇതിന് അല്പം വേദന സഹിക്കേണ്ടിവരും. കമിഴ്ന്ന് കിടന്ന് കൈമുട്ടുകൾ നിലത്തു കുത്തി, മുട്ടുമുതൽ കൈപ്പടം വരെയുള്ള ഭാഗങ്ങൾ മുൻപിലേക്ക് നീട്ടിവെക്കുക. കാലുകൾ രണ്ടും വശങ്ങളിലേയ്ക്ക് മടക്കി, തുടകൾ രണ്ടും നിലത്ത് മുട്ടത്തക്ക വണ്ണം വെച്ച്, തല ഉയർത്തി, മുൻപിലേക്ക് ദൃഷ്ടി പായിച്ച് കിടത്തും. അരക്കെട്ടിലെ എല്ല് വഴങ്ങാത്തവരുടെ വയർ നിലത്ത് നിന്നല്പം പൊങ്ങി നിൽക്കുന്നത് കാണാം. ഉഴിയുന്ന ഗുരുക്കൾ കാലുകൊണ്ട് അരയിൽ പതുക്കെ അമർത്തി സാവധാനം വയർ നിലത്ത് മുട്ടിക്കാൻ ശ്രമിക്കും. ചിലർക്ക് മൂന്നോ നാലോ ദിവസം ഇതാവർത്തിക്കേണ്ടി വരും. മുക്കൂട്ട് എന്നറിയപ്പെടുന്ന മൂന്ന് ചേരുവകളുടെ എണ്ണ മിശ്രിതമാണ് ഉഴിച്ചിലിന് ഉപയോഗിച്ചിരുന്നത്. ഇത് മിക്കവരും അതത് വീടുകളിൽ തന്നെ തയ്യാറാക്കും.

**അഭ്യാസങ്ങൾ**

ഗുരുക്കൾക്ക് ദക്ഷിണ നൽകി അനുഗ്രഹം വാങ്ങിയാണ് ആദ്യമായി അഭ്യാസങ്ങൾക്ക് തുടക്കം കുറിക്കുന്നത്. മെയ്യഭ്യാസങ്ങളാണ് തുടക്കത്തിൽ. ഇത് കുറേ പഠിച്ചുകഴിഞ്ഞാൽ, തുടർന്ന് ഗുരുക്കൾ ചൊല്ലുന്ന വായ്ത്താരിക്കനുസരിച്ച് ദേഹം വളച്ചും കൈകൾ വളച്ചും നിവർത്തിയും മുൻപോട്ടും പിൻപോട്ടും വീശിയെറിഞ്ഞും ചാടി തിരിഞ്ഞും നിവർന്നും കുനിഞ്ഞും കാലുകൾ മാറി മാറി മുൻപോട്ട് തലയ്ക്ക് മുകളിലേക്കുയർത്തി വീശിയും പല അടവുകൾ തുടർന്നുകൊണ്ടേയിരിക്കണം. ഇത് ആദ്യം ഒറ്റയ്ക്കും പിന്നീട് കൂട്ടമായും ചെയ്യിക്കും. സൂചിക്കിരുത്തൽ എന്ന അഭ്യാസവും പഠിപ്പിക്കും. കാലുകൾ രണ്ടും പരസ്പരം വിപരീതദിശയിലേക്ക് നിവർത്തിവെച്ച്,

ആസനം നിലത്ത് ചേർത്തുവെച്ച് ഇരിക്കുന്ന ഒരഭ്യാസമാണിത്. യോഗയിൽ ഇത് കാണാൻ സാധിക്കും.

മെയ്യഭ്യാസങ്ങൾ കഴിഞ്ഞാൽ ചെറിയ വടി ('മുച്ചാൺ', ഏകദേശം 3 ചാൺ നീളമുള്ളത്) ഉപയോഗിച്ചുള്ള പയറ്റാണ്. അതു കഴിഞ്ഞാൽ ഒറ്റ എന്ന വടി. ഇതിന് മുച്ചാണിനെ അപേക്ഷിച്ച് ആകൃതിയിൽ അല്പം മാറ്റമുണ്ട്. തുടർന്ന് ഏകദേശം 2 മുതൽ 3 മീറ്റർ വരെ നീളവും 2 - $2\frac{1}{2}$ സെ.മീ വരെ വണ്ണവുമുള്ള ചൂരൽ വടി ഉപയോഗിച്ചുള്ള അഭ്യാസങ്ങളാണ്. ഈ ചൂരൽ മദ്ധ്യത്തിലും, അഗ്രത്തിലും പിടിച്ച് വീശാനാണ് ആദ്യം പഠിപ്പിക്കുക, പിന്നീട് പല അടവുകളും പഠിപ്പിക്കും. തമിഴ് സിനിമകളിൽ 'വടി ചണ്ടൈക്ക്' ഇത്തരം ചൂരൽ ഉപയോഗിക്കുന്നത് കാണാം.

വടിപ്പയറ്റ് കഴിഞ്ഞാൽ അടുത്തത് 'കഠാരി' (കത്തി) കൊണ്ടുള്ള അഭ്യാസങ്ങളാണ്. ഇത് പഠിപ്പിക്കുമ്പോൾ മുൻകരുതലായി ആദ്യം മരം കൊണ്ട് നിർമ്മിച്ച കത്തിയാണ് ഉപയോഗിക്കുക. അടവുകൾ ഒരുവിധം പഠിച്ചുകഴിഞ്ഞാൽ ലോഹകത്തി നൽകും. ഇതിന് ശേഷമാണ് 'വാൾ' ഉപയോഗിച്ചുള്ള പയറ്റ്. വാളിനൊപ്പം തടുക്കാൻ പരിചയും ഉണ്ടാകും. (വടക്കൻ പാട്ടിലെ നായകന്മാരെല്ലാം അങ്കത്തിന് തുടക്കത്തിൽ വാളും പരിചയുമാണുപയോഗിക്കുക) വാൾ പയറ്റിൽ ചില അടവുകളിൽ അഭ്യാസികൾ ഏതാണ്ട് അഞ്ചടിക്കുമേൽ ഉയരത്തിൽ ചാടി പരസ്പരം വാളുകൊണ്ട് വെട്ടുന്നത് കാണാം. ഇതു കഴിഞ്ഞ് ഒടുവിലാണ് 'ഉറുമി' പ്രയോഗം പഠിപ്പിക്കുക. ഇരുതല മൂർച്ചയുള്ള ലോഹ പട്ടകൊണ്ട് നിർമ്മിച്ച ഇത് ചുരുട്ടി കൈയ്യിൽ ഒതുക്കിവെക്കാൻ പറ്റിയ ഒരായുധമാണ്. പിടിയിൽ പിടിച്ച് വീശുമ്പോൾ ഇത് പൂർണ്ണമായി നിവരും. മാത്രമല്ല ഒരു ശീൽക്കാര ശബ്ദവും കേൾക്കാം. ഉറുമിയോടൊപ്പവും പരിച ഉപയോഗിക്കും. ഉറുമി പഠിപ്പിക്കുന്നതിനുമുമ്പ് ചിലർ 'കുന്തം' ഉപയോഗിച്ചുള്ള അഭ്യാസങ്ങളും പഠിപ്പിക്കാറുണ്ട്.

കളരിപ്പയറ്റിൽ ആകെ പതിനെട്ട് അടവുകളുള്ളതായാണ് പറയപ്പെടുന്നത്. ഇതിൽ അവസാനത്തേതാണ് 'പൂഴിക്കടകൻ' എന്ന പ്രയോഗം. മണൽ (പൂഴി) നിറഞ്ഞ നിലത്ത് (അങ്കത്തട്ടിൽ മുകൾ നിരപ്പിൽ പൂഴിയുണ്ടാകും) കാൽ ഒരു പ്രത്യേക താളത്തിൽ ഇളക്കി ചലിപ്പിക്കുമ്പോൾ പൂഴി നാലുപാടും ചിതറിത്തെറിച്ച്, ശത്രുവിന് തന്റെ എതിരാളിയെ കാണാൻ പറ്റാത്ത വിധത്തിലുള്ള അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നു. ഈയവസരം മുതലെടുത്ത് പൂഴിക്കടകൻ പ്രയോഗിച്ചയാൾക്ക് എതിരാളിയുടെ തല വെട്ടിവീഴ്ത്താൻ നിഷ്പ്രയാസം സാധിക്കും. പണ്ടെ, ഈ അടവ് പഠിച്ചവർ വിരളമാണ്. ഇന്നിതറിയുന്നവർ ഉണ്ടോ എന്നറിയില്ല.

**ചുവടുമാറ്റം**

കളരിപ്പയറ്റിന്റെ ഓരോ വർഷത്തേയും സമാപനം കുറിച്ചുകൊണ്ട് നടത്തുന്നൊരു ചടങ്ങാണിത്. സമീപ പ്രദേശങ്ങളിലുള്ള ചില കളരികളും ചേർന്ന് സംയുക്തമായും ഇത് സംഘടിപ്പിക്കും. പൊതുജനങ്ങൾക്ക് കളരി അഭ്യാസം കാണാനും, പഠിച്ചവർക്ക് തങ്ങളുടെ കഴിവ് തെളിയിക്കാനുമുള്ള ഒരവസരമാണിത്. നാട്ടിലെ ചില പ്രമുഖ വ്യക്തികളും ഹാജരാകും. അന്ന് ആൺകുട്ടികൾക്ക് ഹാഫ് ട്രൗസറും, സാൻഡോ ബനിയനും, മുതിർന്നവർക്ക് തറ്റുടുത്ത മുണ്ടും സാൻഡോ ബനിയനുമാണ് വേഷം. ഏതെങ്കിലും കൊപ്പരക്കളത്തിൽ (പാണ്ടികശാല) വെച്ചായിരിക്കും ചിലപ്പോൾ ഇത് നടക്കുക. ഇത് എല്ലാ അഭ്യാസികൾക്കും, ഗുരുക്കന്മാർക്കും ആവേശം പകരുന്നൊരു ചടങ്ങാണ്.


മേൽ പറഞ്ഞ കാര്യങ്ങളൊക്കെ പഴയകാലത്തെ കാര്യങ്ങളാണ്. ഇപ്പോഴത്തെ രീതിയെക്കുറിച്ച് എനിക്ക് വ്യക്തമായ അറിവില്ല. കാലത്തിനനുസരിച്ച് ചില ചിട്ടവട്ടങ്ങൾ മാറിയിട്ടുണ്ടാവുമെങ്കിലും, അടിസ്ഥാനപരമായ പാഠങ്ങൾക്ക് മാറ്റം വരാൻ സാധ്യത കാണുന്നില്ല. മുമ്പത്തെ അപേക്ഷിച്ച് ധാരാളം പേർ കളരി പഠിക്കാൻ വരുന്നതും, അതിൽ പെൺകുട്ടികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവും വേഷങ്ങളിൽ പല മാറ്റവും വരുത്താൻ പ്രേരണയായിട്ടുണ്ടാകും. എണ്ണ തേക്കുന്ന ശീലം ഒഴിവാക്കിയത് ഇതുകൊണ്ടാകും.

എന്ത് തന്നെയായാലും അന്നത്തെ കാലത്ത് വടക്കൻ കേരളത്തിലെ കുട്ടികൾക്ക്, പ്രത്യേകിച്ച് കടത്തനാടൻ പ്രദേശങ്ങളിൽ കളരിപ്പയറ്റ് ഒരു ഹരമായിരുന്നു. ഇത് വ്യാപകമായി പ്രോത്സാഹിപ്പിക്കേണ്ടത് ഇന്നത്തെ തലമുറയ്ക്ക് കായികശേഷി വർദ്ധിപ്പിക്കുന്നതിന് ഏറെ ഗുണകരമാകുമെന്ന കാര്യത്തിൽ തർക്കമില്ല. 'യോഗാഭ്യാസം' പോലെത്തന്നെ മനസ്സിനും ശരീരത്തിനും നല്ലൊരു വ്യായാമ മുറ കൂടിയായി ഇതിനെ കണക്കാക്കുന്നതിൽ തെറ്റില്ല. യോഗയ്ക്ക് വ്യായാമത്തിനാണ് മുൻതൂക്കമെങ്കിൽ കളരിപ്പയറ്റിൽ വ്യായാമത്തോടൊപ്പം സ്വരക്ഷയ്ക്കുള്ള പരിശീലനവും ലഭിക്കുമെന്ന ഗുണവുമുണ്ട്.

## അറിയിപ്പ്

രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.

**എഡിറ്റർ**



പി. രാധാകൃഷ്ണൻ നായർ
9495367909

# അമ്മ ശത്രുവാണോ ?

**പു**രോഗമന ചിന്തയും വിദ്യാഭ്യാസവും സംസ്കാരവും കൂടുതലുണ്ടെന്ന് ഭാവിയ്ക്കുന്ന കേരളീയരായ നമ്മൾക്ക് അമ്മ ശത്രുവാണോ ? മാതാ, പിതാ, ഗുരു, ദൈവം എന്ന് നമ്മെ പഠിപ്പിച്ച ഗുരുനാഥൻമാരും, നമ്മുടെ പൂർവ്വീകരും ഉദ്ദേശിച്ചത് എന്താണെന്ന് നാം എന്തേ മനസ്സിലാക്കാതെ പോയത് ? പത്തുമാസം പെടാപ്പാടുപെട്ട് കുഞ്ഞിന് ജന്മം നൽകുന്ന ഒരു സ്ത്രീയാണ് അമ്മ എന്ന കാര്യം നാം മറന്നുവോ ? ഈ ലോകത്ത് നാം കാണുന്ന യാഥാർത്ഥ്യ സത്യങ്ങളിൽ പ്രഥമസ്ഥാനമാണ് അമ്മ എന്ന നിത്യസത്യത്തിന്. അമ്മയെന്നത് സത്യം. അച്ഛനെന്നത് മിഥ്യ. ഇതാണ് പരമസത്യം. എന്നിട്ടും എന്തേ ഇങ്ങിനെയൊക്കെ ? ഗുരുവായൂർ അമ്പലനടയിൽ അമ്മയെ ഉപേക്ഷിച്ചുപോകുന്ന മക്കൾ, അധികാരികളും, സന്നദ്ധ സംഘടനകളും മക്കളെ അന്വേഷിച്ചു കണ്ടെത്തിയിട്ടും പെറ്റമ്മയെ കൂട്ടിക്കൊണ്ടുപോകാൻ തയ്യാറല്ലാത്ത മക്കൾ വീടുമാറി പോകുമ്പോൾ വീട്ടുസാധനങ്ങൾ കയറ്റിയ വണ്ടിയിൽ അമ്മയേയും കയറ്റി ആളൊഴിഞ്ഞ സ്ഥലത്ത് കട്ടിലോടുകൂടി അമ്മയെ ഇറക്കിവെച്ച് തടി തപ്പുന്ന മക്കളെക്കുറിച്ചും വാർത്ത വന്നിരുന്നു. ആ അമ്മയോട് മക്കളെക്കുറിച്ച് ചോദിച്ചപ്പോൾ യാതൊരു വിവരവും പറഞ്ഞില്ല. കാരണം അമ്മയ്ക്ക് അപ്പോഴും തന്നെ പാതയോരത്ത് ഇറക്കി സ്ഥലംവിട്ട മക്കളോട് സ്നേഹം. അവരെ പരസ്യപ്പെടുത്തിയാൽ സമൂഹത്തിൽ തന്റെ മക്കൾക്ക് പോരായ്മയാണെന്ന് ആ മാതൃഹൃദയം കരുതിക്കാണും. അതാണ് മാതൃത്വത്തിന്റെ മഹത്വം. രക്ഷിതാക്കളോടുള്ള നമ്മുടെ സ്നേഹത്തിന്റെ ആഴക്കൂടുതൽ കൊണ്ടാണ് നാട്ടിൽ ഇത്രയേറെ (വൃദ്ധസദനം) (അനാഥാലയങ്ങൾ) പെരുകാൻ കാരണമായത്.


പുരാണേതിഹാസങ്ങളിൽ പോലും ദുഷ്ടരെന്ന് മുദ്ര കുത്തിയ അസുരൻമാർ അവരുടെ പെറ്റമ്മയ്ക്കുവേണ്ടി ദേവന്മാരോടുപോലും ജീവൻ വെടിയുന്നതുവരെ യുദ്ധം ചെയ്ത കഥകൾ കേൾക്കാൻ കഴിഞ്ഞിട്ടുണ്ട്. കാരണം അസുരന്മാർക്കുകൂടി അറിയാം അമ്മയിൽ കവിഞ്ഞ ഒരു ദൈവവും ഇല്ലെന്ന്. നാം അവരേക്കാൾ തരം താഴ്ന്നവരായതിൽ ലജ്ജയില്ലേ ? ഏതുവിദ്യ നേടിയാലും അമ്മയെന്ന ആത്മവിദ്യയെ നേടാനാവാത്ത മക്കൾ അസുരൻമാരെന്ന് പറഞ്ഞാൽ അസുരർക്കുകൂടി നാണക്കേടാകും.

കുളിച്ചു സുന്ദരനായി ശുഭ്രവസ്ത്രം ധരിച്ച് തിലകം ചാർത്തി ചൊടിയിൽ പുഞ്ചിരി പിടിപ്പിച്ച് നടക്കുന്ന മക്കളേ ! നിങ്ങളുടെ ഹൃദയം ഇത്രയും ഇരുണ്ടതാണോ എന്നാണ് ആ ഹൃദയത്തിൽ സ്നേഹമാകുന്ന ഒരു നെയ്തിരി കത്തിച്ച് ആ വെളിച്ചത്തിൽ പെറ്റമ്മയെ കുടിയിരുത്തുന്നത്.

*ഏവർക്ക്മുണ്ടുമരണം*
*പുനരായതൊന്നും*
*ഭാവിച്ചിടാതെ, ചിലരുണ്ട്*
*നടന്നീടുന്നു*
*ആവശ്യമുള്ളതറിയാതെ*
*കളിച്ചുവെന്നാൽ,*
*ചാവുന്ന നേരമറിയാം*
*മറിമായമെല്ലാം !*

●





സൈനുദീൻ മുണ്ടക്കയം
9947253006

# ഒറ്റക്കെട്ട്

ഒറ്റക്കെട്ടിനുമുറുകീല്ല,
വീണ്ടും കെട്ടി മുറുകീല്ല,
കൂട്ടിക്കെട്ടീ മുറുകീല്ല,
ചുറ്റിക്കെട്ടി മുറുകീല്ല.

കെട്ടുമുറുക്കാൻ നേതാക്കൾ
ചുറ്റും നിന്നൊരു കെട്ടായി,
കെട്ടുന്തോറുമഴിഞ്ഞിടും
കെട്ടുമുറുക്കാനാളില്ല.

തെരഞ്ഞെടുപ്പിനുകാലായി,
തിരക്കുകൂട്ടി നേതാക്കൾ,
തിരിഞ്ഞുനിന്നൂ വിമതന്മാർ,
തിരുപ്പുറപ്പാടെതിരായി.


വാക്കുകൾ കൊണ്ടും കെട്ടിട്ടു,
നോക്കുകൾ കൊണ്ടും കെട്ടിട്ടു,
വിലക്കുകൊണ്ടും കെട്ടിട്ടു
വീണ്ടും കെട്ടുകളഴിയുന്നു.

ആദർശത്തിൻ കെട്ടിട്ടു,
വാദമുഖങ്ങൾ നിരത്തീട്ടും,
ചിന്നിച്ചിതറിയ നേതാക്കൾ,
ഒറ്റക്കെട്ടല്ലിപ്പോഴും.

ഒറ്റക്കെട്ടെന്നുച്ചത്തിൽ,
ഒത്ത നടുക്കായ് നേതാവ്,
നിന്ന്, കിതച്ചു, പറയുമ്പോൾ
കെട്ടും പൊട്ടിച്ചോടുന്നു.

നാവാൽ കെട്ടുമുറുക്കുന്നു
നാലാൾക്കൊപ്പം നിൽക്കാനായ്
നായുടെ വാൽപോൽ നേതാക്കൾ
നാലായ്പ്പിരിയുന്നെവിടേക്കോ !

പല്ലുവെളുക്കെ കാട്ടീട്ട്
പിന്നേം പറയുന്നെല്ലാരും
ഒറ്റക്കെട്ടാണൊറ്റക്കെട്ടാ-
ണൊറ്റക്കെട്ടാണിപ്പോഴും.



## എന്റെ അഭിനയ സ്മരണകൾ

ഭാഗം 11



മുക്കം ഭാസി
9846138693

# കോട്ടയ്ക്കൽ ആയുർവേദ കോളേജും ആയിഷയും

**ബേ**പ്പൂർ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് സെക്കന്റ് ക്ലാസ്സോടെ പാസ്സായി. ഇനിയെന്ത്? നാടകം കൊണ്ട് ജീവിയ്ക്കാനാവുമോ ?

ഒരു ചെറിയ ജോലി. സ്വന്തമായ ഒരു വീട്. ചെറുകുടുംബം. ഇതായിരുന്നു എക്കാലത്തേയും എന്റെ സ്വപ്നം. അക്കൂട്ടത്തിൽ കലയും നാടകവും. ഞങ്ങളുടെ സൂപ്രണ്ടിന്റെ ഔദാര്യത്താൽ അന്നത്തെ മൈസൂർ സ്റ്റേറ്റിൽ 12 പേരെ വിവിധ ഇൻസ്റ്റിറ്റ്യൂട്ടിലേയ്ക്ക് തെരഞ്ഞെടുത്തു. ഔദാര്യം എന്ന് ഞാൻ പറയാൻ കാരണം ബേപ്പൂരിൽ പരിശീലനം കഴിഞ്ഞ 12 പേരെ മൈസൂർ സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് ആ പട്ടികയിൽ എന്നെ കൂടി ഉൾപ്പെടുത്തുകയായിരുന്നു സൂപ്രണ്ട്. ഇത് 1961ൽ 100 കയാണ് ശമ്പളം.

ഞാനും എന്റെ ജ്യേഷ്ഠനും കെട്ടും ഭാണ്ഡവുമായി പുറപ്പെട്ടു. മുൾക്കി എന്ന സ്ഥലത്താണ് എന്നോട് ഹാജരാവാൻ പറഞ്ഞത്. മംഗലാപുരത്ത് ട്രെയിനിറങ്ങി. ഞങ്ങൾ ബസ് സ്റ്റാന്റിലേയ്ക്ക് നടന്നു. സ്റ്റാന്റിൽ ബസ്സുകൾ നിരനിരയായി സ്ഥാനം പിടിച്ചിരിയ്ക്കുന്നു. ബസ്സിന്റെ ബോർഡുകളെല്ലാം കർണ്ണാടക ലിപികളിലാണ്. എവിടെയാണ് മുൾക്കി ? ഏതാണ് മുൾക്കിയ്ക്കുള്ള ബസ്സ് ? പലരോടും ഇംഗ്ലീഷിൽ തിരക്കി. അവരെല്ലാം മേലോട്ട് നോക്കുന്നു. ആർക്കും ഇംഗ്ലീഷറിഞ്ഞുകൂടാ...

ഒടുവിൽ ചെറുപ്പക്കാരനായ ഒരു കണ്ടക്ടറോട് ഞാൻ ഇംഗ്ലീഷിൽ മുൾക്കിയ്ക്കുള്ള ബസ് അന്വേഷിച്ചു. ഭാഗ്യം ! അയാൾ ചൂണ്ടിക്കാണിച്ചുതന്നു. ഞങ്ങളതിൽ കയറി. വൈകുന്നേരം ഒരഞ്ചുമണിയോടെ സ്ഥലത്തെത്തി. സ്ഥാപനം കണ്ടുപിടിച്ചു. അതൊരു അർദ്ധസർക്കാർ സ്ഥാപനമായിരുന്നു. ഒരു പരിശീലനകേന്ദ്രം. ഏതാനും കുട്ടികൾ അവിടെത്തന്നെയുണ്ട്.

ഇവരെയൊക്കെ പരിശീലിപ്പിയ്ക്കേണ്ട ഒരു ഇൻസ്ട്രക്ടരാണ് ഞാൻ. അവിടെയുള്ള ഒരാൾക്ക് പോലും ഒരു മുറി ഇംഗ്ലീഷ് വശമില്ല. കർണ്ണാടകമാണെങ്കിൽ എന്റെ അടുത്തുകൂടി പോയിട്ടുമില്ല ! "ഗുലു... ഗുലു...ഗലു... ഗലു..." എന്നൊക്കെ അവർ പറയുന്നു. പെട്ടത് തന്നെ. ഇനി എന്തുചെയ്യും ? എനിയ്ക്ക് പരിചയമുള്ള ഒരാളുണ്ടായിരുന്നു അവിടെ ! ശ്രീനാരായണ ഗുരു ! ഗുരുവിന്റെ പ്രതിമ !!

ഞാൻ ഗുരുവിനോട് എന്റെ സങ്കടമെല്ലാം ഉണർത്തിച്ചു മൗനമായി. അപ്പോഴുണ്ട് പയ്യന്നൂർകാരൻ ഒരു പോസ്റ്റ്മാൻ പ്രത്യക്ഷപ്പെടുന്നു. പുള്ളി അവിടെ അടുത്താണ് താമസം. ആശ്വാസം. കക്ഷി ഞങ്ങളുടെ ദ്വിഭാഷിയായി. ചുരുക്കിപ്പറയട്ടെ. പിറ്റേന്ന് അവരുടെ ഡയറക്ടർ ബോർഡ് കൂടി തീരുമാനം അപ്പോൾ അറിയിക്കാമെന്ന് ദ്വിഭാഷയിൽ കൂടി അവരറിയിച്ചു. ഞങ്ങൾ അവിടെ രാത്രി കഴിച്ചുകൂട്ടി.

ഡയറക്ടർ ബോർഡ് മീറ്റിങ്ങിൽ അവർ ഗലു... ഗലു... ഗുലു... ഗുലു... എന്നൊക്കെ പറയുന്നു. ദ്വിഭാഷി വന്നു. അദ്ദേഹത്തിൽ കൂടി എനിയ്ക്ക് വിവരം ലഭിച്ചു. കർണ്ണാടകമറിയാതെ എങ്ങനെ കുട്ടികളിൽ ആശയവിനിമയം നടത്തും. ഏതായാലും ഒരാഴ്ചയ്ക്കുള്ളിൽ വിവരമറിയിക്കാം. പയ്യന്നൂർകാരനോട് ഞാൻ പറഞ്ഞു, "സുഹൃത്തേ എനിയ്ക്ക് കുറച്ച് പച്ചത്തെറിയുണ്ട്. അത് ഞാൻ പറയും. നിങ്ങളത് തർജ്ജമ ചെയ്ത് കർണ്ണാടകത്തിൽ കൂടി അവരോട്

പറയണം.''

മടിച്ച് മടിച്ചാണെങ്കിലും അയാൾ അത് അവരോട് പറഞ്ഞു. അവരുടെ മുഖം വിവർണ്ണമാവുന്നത് ഞങ്ങൾ കണ്ടു. ഉടൻ തന്നെ ഞങ്ങൾ നാട്ടിലേയ്ക്ക് വണ്ടി കയറി. ഏതാനും ദിവസങ്ങൾക്കകം മലപ്പുറം ജില്ലയിലെ ചെമ്മാട് തൃക്കുളം ഗവ. യു. പി. സ്കൂളിൽ ഒരു ക്രാഫ്റ്റ് ഇൻസ്ട്രക്റ്ററായി എനിയ്ക്ക് നിയമനം ലഭിച്ചു. കേവലം അഞ്ചുമാസത്തേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ചുമുഖേന.

അവിടുത്തെ അഞ്ചുമാസം സന്തോഷപ്രദമായിരുന്നു. പെൺമണി അച്യുതൻ പിള്ള, കൊട്ടാരക്കര ചന്ദ്രശേഖരൻനായർ, ചവറ വാസുദേവൻ നായർ എന്നിവർ എന്റെ സഹമുറിയന്മാരായിരുന്നു. ചവറ വാസുദേവൻ മാസ്റ്റർ മൂക്ക് കൊണ്ട് 'നാദസ്വരം' വായിക്കും. പെൺമണി സാഹിത്യകാരനാണ്. പക്ഷെ പാടാനറിയില്ല.

മൂപ്പർ വയലാറിന്റെ 'ആയിഷ'യെ ഒരു കഥാപ്രസംഗമാക്കി. സാഹിത്യം അദ്ദേഹം വിളമ്പും സംഗീതം ഞാനും. തൃക്കുളത്തുള്ള ഒന്നു രണ്ടു കലാകാരന്മാരേയും കൂട്ടി. അതിലൊന്ന് തൃക്കുളം രാവുണ്ണിക്കുട്ടി.

ദിവസവും ഞങ്ങളുടെ ലോഡ്ജിൽ റിഹേഴ്സൽ. വെൺമണി സാഹിത്യം ഉരുട്ടിയുരുട്ടി സദസ്സിലേയ്ക്ക് എറിയുന്ന ഭാവത്തിൽ എറിഞ്ഞ് കൈ കൊണ്ട് എന്റെ നേരെ ഒരാംഗ്യമാണ്. ഈയുള്ളവൻ അതേറ്റുപിടിച്ചുപാടും.

*...അദ്രമാൻ കൈചൂണ്ടി*
*കൊണ്ടലി പെണ്ണെ നിന്നെ*
*കത്തികൊണ്ടരിഞ്ഞു ഞാൻ*
*കടയിൽ കെടിത്തൂക്കും.*

കഥാപ്രസംഗം റെഡി. അപ്പോഴതാ വരുന്നു കോട്ടയ്ക്കൽ ആയുർവേദ കോളേജിൽ നിന്നൊരു സംഘം. അവർക്ക് വാർഷികത്തിനൊരു കഥാപ്രസംഗം വേണം. ഏറ്റു ഞങ്ങൾ. അവരുടെ വാർഷികാഘോഷത്തിൽ വയലാറിന്റെ ആയിഷ പൊടിപാറ്റി. അങ്ങനെ കഥാപ്രസംഗവേദിയിൽ ഞാനുമൊരു 'അർദ്ധനാരീശ്വരനായി'.

നിയോഗങ്ങൾ യാദൃശ്ചികമാണല്ലോ. തൃക്കുളം വെൽഫയർ സ്കൂളിലെ ഹെഡ്മാസ്റ്റർ ചന്ദ്രശേഖരനെ പരിചയപ്പെട്ടു. തങ്കം പോലത്തെ മനുഷ്യൻ. സ്കൂളിന് വേണ്ടി മരിയ്ക്കും. വളരെ മനോഹരമായ തോട്ടമുണ്ടാക്കിയിരിക്കുന്നു. താമസവും സ്കൂളിൽ തന്നെ. സ്കൂൾ വാർഷികത്തിന്ന് നാടകം വേണം. ഞങ്ങൾ സഹായിക്കണം. തിക്കോടിയന്റെ 'ഏകാദശി മാഹാത്മ്യത്തിന്ന്' നറുക്ക് വീണു. കുട്ടികളുടെ കലാപരിപാടിയ്ക്കൊപ്പം ഞങ്ങളുടെ നാടകവും. അവിടുത്തെ സ്റ്റാഫിന്റെ കൂടെ ഞാനും ആ നാടകത്തിൽ ഒരു വേഷം ചെയ്തു. അഞ്ചുമാസത്തിനുള്ളിൽ ചെമ്മാട് – തൃക്കുളം പ്രദേശത്തെ സഹൃദയരായ കലാപ്രേമികളുടെ ഹൃദയത്തിൽ 'മുക്കം ഭാസി' എന്ന പേര് ഞാനടയാളപ്പെടുത്തി. കൂട്ടത്തിൽ പറയട്ടെ, എന്റെ മണിക്കുട്ടന്റെ – ബേപ്പൂർ മണി എന്ന സംവിധായകന്റെ അച്ഛനായിരുന്നു ചന്ദ്രശേഖരൻ മാസ്റ്റർ – വെൽഫെയർ സ്കൂൾ എച്ച്. എം. !

തൃക്കുളത്ത് കാര്യമായി തൊഴിലൊന്നുമില്ലാതെ, ബീഡിയും വലിച്ചുകൊണ്ട് ഞങ്ങളുടെയൊക്കെ കൂടെ പാട്ടുമൂളിക്കൊണ്ട് നടക്കുന്ന ഒരു ചെറുപ്പക്കാരനുണ്ടായിരുന്നു. അവനാണ് പിൽക്കാലത്ത് പേരെടുത്ത കാഥികൻ തൃക്കുളം കൃഷ്ണൻ കുട്ടി. തന്റെ ശീതളച്ഛായ എന്ന കഥാപ്രസംഗത്തിലൂടെ ജനമനസ്സുകളെ ത്രസിപ്പിച്ച സഖാവ് തൃക്കുളം കൃഷ്ണൻകുട്ടി!!

(തുടരും)

**ഏക തത്ത്വയിലേയ്ക്ക്**
**മികവുറ്റ സൃഷ്ടികൾ**
**അയച്ചുതരിക.**

**വരിസംഖ്യ എടുത്തും**
**വരിസംഖ്യ യഥാസമയം**
**പുതുക്കിയും**
**സഹകരിക്കുക**

**പരസ്യങ്ങളും നല്കാം!**

# ജലം കൊണ്ട് മുറിവേറ്റവൾ

വി. എൻ. നിഷ പയ്യനെടം
9544 626 654



ഞാൻ കടൽ
മൗനത്തിന്റേയും
കലാപത്തിന്റെയും കടൽ
എന്റെ കടലാഴങ്ങളിലേയ്ക്ക്
കവിതയും കലാപവുമെറിഞ്ഞത്
നീയാണ്
എന്നോടുള്ള നിന്റെ
പ്രചണ്ഡമായ പ്രണയം.

ചില നിമിഷം
നട്ടുച്ച വെയിലിന്റെ
രക്തമുറ്റിച്ചുവന്നതും
ചില നിമിഷം
ഭ്രാന്തൻ തിരമാലയായ്
ആർത്തിരമ്പിയതും
ചിലപ്പോൾ
പുറമെ കരിനീലിച്ച്
അകമേ വെന്തൊടുങ്ങിശ്ശമിച്ചതും
എല്ലാം...
നീ തന്ന വിഷമിറക്കാൻ
ഏത് കാട് തേടുന്നു ഞാൻ.
എന്റെ ഖസാക്കിന്റെ
ഇതിഹാസകാരന്,
അപരിചിതമായ ജന്മങ്ങളിലൂടെ
നാം കൈമാറിയ
പ്രാചീനലിപികളെത്തേടി
ഞാൻ വരുന്നു.

മഞ്ഞായും മഴയായും
മരമായും നിഴലായും
തിരയായും കാറ്റായും
ജന്മങ്ങളൊടുങ്ങിയ നീ
എന്നെ ദംശിച്ചയീ കൊടും
വിഷമിറക്കാൻ.

*കടപ്പാട് : തലക്കെട്ടിന് കടപ്പാട്*
*സംവിധായകൻ*
*ആർ. എസ്. വിമൽ.*
*സമർപ്പണം : 'ജലം കൊണ്ട്*
*മുറിവേറ്റവർക്ക്'.*



**മുരളീധർ കൊല്ലത്ത്**
**9387475851**

# എന്റെ വിദ്യാലയം

**കോ**രിച്ചൊരിയുന്ന മഴ. മഴയുടെ കൂടെ ഇടിയും മിന്നലും. ശക്തിയായ കാറ്റിൽ ചിലരുടെ കുട മറിഞ്ഞുപോവുന്നു. തോട്ടിലൂടെ ഒലിച്ചുപോവുന്ന മഴവെള്ളം. നീർക്കോലിയേയും പാമ്പിനേയും തവളകളേയും ഒക്കെ കണ്ടു അമ്പരന്നുനിന്ന സ്കൂൾ ബാല്യകാലം. നല്ല നിറത്തിലുള്ള കീറാത്ത ഉടുപ്പുള്ളവർ വളരെ വിരളം. ഇന്ന് നാം കൊട്ടിഘോഷിക്കുന്ന യൂണിഫോമാലിറ്റി അന്ന് കേട്ടിട്ടേയില്ല. പക്ഷേ ഒരേ മനസ്സായിരുന്നു, ഒരേ ചി ന്തയായിരുന്നു അന്നത്തെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും. പുസ്തകക്കെട്ട് റബ്ബറിൽ മുറുക്കി നടക്കുന്നവർ കുറച്ചുഭേദപ്പെട്ട വീട്ടിലെ കുട്ടികൾ. പക്ഷെ ഏകീകരണത്തിന്റേയും അച്ചടക്കത്തിന്റേയും ആജ്ഞാവൃത്തിയുടേയും ഒക്കെ സീമകൾക്കപ്പുറത്തായി ഉച്ചനേരം വിളമ്പുന്ന ഉപ്പുമാവും പാലും കഴിച്ച് വയർ നിറച്ചവരുടെ മക്കളോ, പേരക്കുട്ടികളോ ആ പഴയ സ്കൂൾ വരാന്തയെ ഒന്നുതൊഴുതു നമസ്ക്കരിച്ചേ പറ്റൂ. അന്നത്തെ സ്കൂൾ മുറ്റം വിദ്യാർത്ഥികളെക്കൊണ്ട് നിറഞ്ഞു. നന്മയ്ക്കായുള്ള പ്രാർത്ഥനയും അസംബ്ലിയും എല്ലാം ഒരു പൈതൃകത്തേയും സാധു പഠിതാക്കളേയും കുറച്ചൊന്നുമല്ല സ്വാധീനിച്ചിരുന്നത്. സാധാരണക്കാരനിൽ സാധാരണക്കാരായ മാതാപിതാക്കളുടെ മക്കൾക്ക് അന്ന് അഷ്ടിയ്ക്ക് വകയുണ്ടായിരുന്നില്ല. എന്നിട്ടും അവരൊക്കെ ചുറ്റുപാടുകളോട് പടപൊരുതി നേടി ജീവിതം. ജീവിയ്ക്കാനുള്ള അവകാശം നിഷേധിക്കപ്പെട്ട എണ്ണമറ്റ സഹോദരങ്ങൾക്ക് വേണ്ടി കൂടിയാവണം തുച്ഛമായ ജീവിതം എന്ന് അനുഭവം അവരെ പഠിപ്പിച്ചുകൊടുത്തു. അദ്ധ്യാപകൻ പ്രഹരിച്ചാൽ അടങ്ങാക്കലിയുമായി ഒരു പിതാവും വിദ്യാലയത്തിലേക്കോടിയെത്തിയില്ല. പഴയ ഗുരുകുല വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിന്നും ഇന്നേറെ മാറ്റം വന്നു. സ്കൂളുകൾ പെരുകി. ഓരോ ജാതിക്കാരനും മതക്കാരനും പ്രത്യേകം പ്രത്യേകം സ്കൂളുകൾ പ്രത്യേക ബസ്സ് സർവ്വീസുകൾ. തോളിലെ ബാഗിൽ എടുക്കാൻ കഴിയാത്ത ഭാരവും പേറി നമ്മുടെ പിഞ്ചുകുഞ്ഞുങ്ങൾ അനുസരണയോടെ ഒരേ ഡ്രസ്സിൽ കാണാൻ നല്ല ഭംഗിയുണ്ട്. സാക്ഷരതയുടെ സാമൂഹ്യപാഠം പഠിപ്പിച്ചു പ്രയാണമാരംഭിയ്ക്കുകയായി. കലയും സാഹിത്യവും ഒക്കെ വിരൽത്തുമ്പിൽ മൊബൈൽ ഫോണിലുള്ള കളി എന്ന് പറയരുത് ഗെയിം എന്നേ മൊഴിയാവൂ. കായികക്ഷമത നേടാൻ മക്കൾക്ക് ഫോൺ വാങ്ങിക്കൊടുക്കുന്ന മാതാപിതാക്കൾ. മതി, മകൻ കേമനായത്രെ. ഇങ്ങിനെ നാം ഓരോരുത്തരും മക്കളെ വളർത്തി, വളർത്തി, പല സ്കൂളുകളും തഴുതിടേണ്ട ഗതികേടിലെത്തി. 3000 സ്കൂളുകളിൽ 50-ൽ താഴെ വിദ്യാർത്ഥികളത്രെ. 200 സ്കൂളുകളിൽ 10-ൽ താഴെ കുട്ടികൾ. 8-6-16 വരെ വിദ്യാഭ്യാസവകുപ്പിന് ലഭിച്ചത് പതിനായിരത്തോളം വിദ്യാലയങ്ങളുടെ കണക്കാണ്. 2000 ത്തോളം സ്കൂളുകളുടെ കണക്ക് കിട്ടാനാണ്. ഇതെഴുതുമ്പോഴും വ്യക്തമായ കണക്ക് കിട്ടിയിട്ടുണ്ടോ എന്നറിയില്ല. വിദ്യാഭ്യാസം സമ്പന്ന വിഭാഗങ്ങളുടേയും ജാതി മത വർഗ്ഗീയ കക്ഷികളുടേയും കൈകളിൽ അമർന്ന് തെരുവുകച്ചവടമായി അധഃപതിച്ചിരിക്കുന്ന ഒരു കാലഘട്ടത്തിൽ കലാലയജീവിതം ഒരു മരീചിയാവുകയാണോ ? 100 ശതമാനം സാക്ഷരത നേടിയെന്ന അവകാശവാദം നിഷ്പ്രഭമാവുകയാണോ ? മദനനും മുഹമ്മദും മേരിയും ഒരിമിച്ചിരുന്ന് പഠിച്ച ബാല്യകൗമാരങ്ങളുടെ സ്മരണയിൽ നമുക്ക് വീണ്ടുമാശിക്കാം. അ, ആ എന്നെഴുതാനും അക്ഷരം കൂട്ടി വായിക്കാനും ഒപ്പം ഒളപ്പമണ്ണയുടെ എന്റെ വിദ്യാലയം എന്ന കവിതയെ നെഞ്ചോടു ചേർത്തുറക്കെ പാടാം.

*തിങ്കളും താരങ്ങളും*
*തൂവെള്ളിക്കതിർ ചിന്നും*
*തുംഗമാം വാനിൻ*
*ചോട്ടിലാണെന്റെ വിദ്യാലയം.*

## മനുഷ്യാവകാശം

(ഡിസംബർ 10 - ലോക മനുഷ്യാവകാശ ദിനം)

**ചെങ്ങാലൂർ പെരുമാരാത്ത് വെളക്കപ്പാടി**

തൂലികയ്ക്ക് പടവാളിനേക്കാൾ
ശക്തിയുണ്ടത്രെ !
അതെവിടെ ?
പടവാളില്ലാത്ത ലോകത്ത്
പടവാളിനു കീഴിൽ
എല്ലാ നിയമവും മൂകമാകുന്നു.
നിയമം മൂകമാകുന്നിടത്തു
മനുഷ്യാവകാശം ഉണ്ടോ ?
അല്ലെങ്കിലും
പോലീസിനും പട്ടാളത്തിനും
എന്തു മനുഷ്യാവകാശം ?

# കീർത്തിയുടെ പടവുകൾ കയറിയ ഗ്രാമീണൻ

**ക്ലാപ്പന ഷൺമുഖൻ, തിരുവനന്തപുരം**
**9645494767, 9495874461**

**ജീ**വിതത്തിലെ ഏറ്റവും ധന്യമായ ഒരു ഘട്ടം തന്നെയാണ് ബാല്യകാലജീവിതം. മനസ്സിൽ കളങ്കമില്ലാത്ത, സ്നേഹത്തിന്റെ മാധുര്യം പങ്കുവയ്ക്കുന്ന കൂട്ടുകാരോടൊത്തുള്ള പള്ളിക്കൂട സഹവാസം ഓർമ്മയിൽ എന്നെന്നും ജ്വലിച്ചുനിൽക്കും. ബാല്യത്തിലേക്ക് ഒരിക്കൽ കൂടി തിരിച്ചുപോകാനാശിക്കാത്തവർ ആരും തന്നെയുണ്ടാകാനിടയില്ല.

ഒരു നൂറ്റാണ്ട് എന്നേ പിന്നിട്ട ഞങ്ങളുടെ നാട്ടിലെ ഒരേ കോമ്പൗണ്ടിൽ തന്നെയുള്ള ക്ലാപ്പന ആൾസോൾസ് പ്രൈമറി സ്കൂളിലും സെന്റ് ജോസഫ്സ് മിഡിൽ സ്കൂളിലുമാണ് ഞാൻ പഠിച്ചിരുന്നത്. അന്നത്തെ പ്രൈമറി സ്കൂൾ ഇന്ന് എൽ. പി. എസ്. എന്നും മിഡിൽ സ്കൂൾ ഇന്ന് യു. പി. എസ്. എന്നുമാണല്ലോ അറിയപ്പെടുന്നത്. പ്രൈമറി സ്കൂളിൽ അഞ്ചും മിഡിൽ സ്കൂളിൽ മൂന്നും ഹൈസ്കൂളിൽ മൂന്നും വർഷം വീതം സ്കൂൾ വിദ്യാഭ്യാസം അന്ന് പതിനൊന്ന് വർഷമായിരുന്നു.

ഇന്നത്തെപ്പോലെ പൊങ്ങച്ചം പറയുന്ന രക്ഷിതാക്കളും ആഡംബരം പുലർത്തുന്ന കുട്ടികളുമൊന്നുമല്ലായിരുന്നു അന്നുള്ളത്. പ്രകൃതിയേയും ചുറ്റുപാടുകളേയും കണ്ടും അറിഞ്ഞും ഇടവഴികളിലൂടേയും വയൽവരമ്പുകളിലൂടേയും വെള്ളമൊഴുകുന്ന ചെറുതോടുകളിലൂടെയുമൊക്കെ പരിമിതമായ പഠനസാമഗ്രികളും കൈയിലൊതുക്കി ചിരിച്ചും രസിച്ചും കാൽനടയായി സ്കൂളുകളിലേക്ക് നീങ്ങുന്ന ബാല്യത്തിന്റെ പ്രസരിപ്പുള്ള ആ നാളുകൾ ഇന്നത്തെ തലമുറയ്ക്ക് ആസ്വദിക്കാനുള്ള ഭാഗ്യമില്ല.

അന്നത്തെ കുട്ടികളിലേറെയും ദാരിദ്ര്യത്തിന്റെ കയ്പുനീർ കുടിച്ചാണ് വളർന്നത്. ഞങ്ങൾ ഇലഞ്ഞിപ്പഴവും ചാമ്പയ്ക്കയും പച്ചമാങ്ങയും മറ്റും പ്രൈമറി-മിഡിൽ സ്കൂൾ പഠനകാലത്ത് പള്ളിക്കൂടയാത്രയിൽ പലയിടത്തുനിന്നും ശേഖരിയ്ക്കുകയും കൂട്ടുകാർക്ക് പങ്കുവെയ്ക്കുകയും ചെയ്യുമായിരുന്നു. സെന്റ് ജോസഫ്സ് സ്കൂളിന് തൊട്ടടുത്തുള്ള 'ഇത്താന്തറ' എന്ന വീട്ടിൽ ധാരാളം മാവും പറങ്കിമാവും മറ്റുമുണ്ടായിരുന്നു. ഉച്ചയ്ക്ക് വിടുമ്പോൾ ഞങ്ങൾ കുട്ടികൾ അവിടെ പോയി മാങ്ങയും പറങ്കിമാമ്പഴവും മറ്റും പറിച്ചെടുത്ത് കഴിക്കുമായിരുന്നു. ആ വീട്ടിലെ സുമുഖനും മിടുക്കനുമായ കുട്ടി എന്റെ ബഞ്ചിലിരുന്നാണ് മിഡിൽ സ്കൂളിൽ പഠിച്ചിരുന്നത്. ആ കുട്ടി തന്നെയാണ് സ്വന്തം വീട്ടിലേയ്ക്ക് ഞങ്ങളെ കൂട്ടിക്കൊണ്ടുപോകുന്നത്. ഹൃദയശുദ്ധിയുള്ള സമർത്ഥനായ ആ കുട്ടിയാണ് പിന്നീട് ഇന്ത്യയൊട്ടുക്ക് അറിയപ്പെടുന്ന തലത്തിലേക്ക് ഉയർന്നത്. അത് മറ്റാരുമല്ല ഇന്ത്യൻ പ്രസിഡന്റായിരുന്ന ശ്രീമതി പ്രതിഭാ ഭായി പട്ടേലിന്റെ സെക്രട്ടറിയായി സേവനമനുഷ്ഠിച്ച ഐ. എ. എസ്സുകാരൻ ക്രിസ്റ്റി ഫെർണാണ്ടസ്സാണ്.

അക്കാലത്ത് മിഡിൽ സ്കൂളിൽ ഡ്രോയിംഗിന് ഒരു പിരീയഡ് ഉണ്ടായിരുന്നു. ഡ്രോയിംഗ് ടീച്ചറുൾപ്പടെ അധ്യാപകരിൽ ബഹുഭൂരിപക്ഷവും കന്യാസ്ത്രീകളായിരുന്നു. ചിത്രം വരപ്പിൽ ഏറ്റവും മിടുക്കൻ എന്ന നിലയിൽ എന്നെക്കൊണ്ടായിരുന്നു ക്ലാസ്സിലെ മിക്ക കുട്ടികളും ഡ്രോയിംഗ് ബുക്കിൽ വരപ്പിച്ചിരുന്നത്. ക്രിസ്റ്റിയും എന്നെക്കൊണ്ട് പടം വരപ്പിക്കുമായിരുന്നു. അതുമൂലം ആ കുട്ടി ഒരു പ്രത്യേക മമത എന്നോട് പുലർത്തുകയും ചെയ്തിരുന്നു.

മിഡിൽ സ്കൂൾ കഴിഞ്ഞ് ദൂരെയുള്ള പ്രയാർ രവിവർമ്മ സപ്തതി മെമ്മോറിയൽ ഹൈസ്കൂളിലേയ്ക്ക് പഠിക്കാൻ പോകുമ്പോൾ ക്രിസ്റ്റി ഒപ്പമില്ലായിരുന്നു. അദ്ദേഹം അതിനേക്കാൾ അകലത്തിലുള്ള മറ്റേതോ സ്കൂളിൽ ചേർന്നിരുന്നു. നിത്യദാരിദ്ര്യത്തിലും പഠിത്തത്തോടൊപ്പം ഭാവിയെപ്പറ്റി സ്വപ്നങ്ങൾ നെയ്യുന്ന, ഉത്തരവാദിത്തങ്ങൾ സ്വയം ഏറ്റെടുക്കാൻ തന്റേടം കാണിക്കുന്ന കൗമാരപ്രായത്തിന്റെ സുവർണ്ണദിനങ്ങളായിരുന്നു ഹൈസ്കൂൾ വിദ്യാഭ്യാസത്തിന്റെ കാലം.

ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം വ്യോമസേനയിൽ പോയ എനിക്ക് ക്രിസ്റ്റിയെ പിന്നീട് ഒരിക്കലും നേരിൽ കാണാൻ കഴിഞ്ഞിട്ടില്ല. അവസരം വരുമ്പോഴൊക്കെ അദ്ദേഹത്തിന്റെ കാര്യങ്ങൾ കൂട്ടുകാരോടൊക്കെ ചോദിക്കുമായിരുന്നു. ബിരുദവും ബിരുദാനന്തര ബിരുദവുമൊക്കെ കഴിഞ്ഞ വാർത്തകളിലും തുടർന്ന് ഐ. എ. എസ്സിന് പഠിക്കുന്നെന്നും മറ്റുള്ള സന്തോഷകരമായ അറിവുകളിലും ഞാൻ നിർവൃതി കൊണ്ടിട്ടുണ്ട്.

ഐ. എ. എസ്കാരനായിത്തീർന്ന ക്രിസ്റ്റി, ക്ലാപ്പന എന്ന ഗ്രാമത്തിന് അഭിമാനമായി ഉയർന്നപ്പോൾ സഹപാഠിയെപ്പറ്റിയുള്ള ഗതകാല അനുഭവത്തിന്റെ മാധുര്യം എന്നിൽ കോരിത്തരിപ്പുണ്ടാക്കിയിരുന്നു. അദ്ദേഹം കേരളത്തിലും മറ്റ് സംസ്ഥാനങ്ങളിലും പല ഉന്നത ഔദ്യോഗിക പദവികളും അലങ്കരിച്ചു. ഏറ്റവും അവസാനം ചുമതല വഹിച്ച സ്ഥാനം രാഷ്ട്രപതിയുടെ

സെക്രട്ടറി എന്ന നിലയിലുള്ളതായിരുന്നു.

ക്ലാപ്പന സെന്റ് ജോസഫ് സ്കൂളിന്റെ ശതാബ്ദി ആഘോഷത്തിൽ മുഖ്യാതിഥി ക്രിസ്റ്റി ഫെർണാണ്ടസായിരുന്നു. കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ എറണാകുളം പാർലമെന്ററി മണ്ഡലത്തിൽ ഇടതുപക്ഷ സ്ഥാനാർത്ഥിയായി മത്സരിച്ചുകൊണ്ട് രാഷ്ട്രീയത്തിലും ചുവടുവച്ചുതുടങ്ങി.

കൂടെ പഠിച്ച പലരും സമൂഹത്തിന്റെ വിവിധ ശ്രേണിയിൽ ശ്രദ്ധേയരായെങ്കിലും ക്രിസ്റ്റി ഫെർണാണ്ടസ്സിനെപ്പറ്റി ഓർക്കുമ്പോൾ എപ്പോഴും അഭിമാനം തിരതല്ലുകയാണ്. ഇനിയും സമൂഹത്തിൽ അറിയപ്പെടുന്നവരായി വളർന്നുവന്ന പല സഹപാഠികളേയും അനുസ്മരിക്കാനുണ്ട്. അതിൽ ഒരാളെപ്പറ്റിക്കൂടി പറഞ്ഞുകൊണ്ട് ഈ ചെറിയ കുറിപ്പ് അവസാനിപ്പിക്കാം.

ക്ലാപ്പനയ്ക്കടുത്തുള്ള ആലുംപീടിക എന്ന സ്ഥലത്തുനിന്നും പഠിക്കാൻ വന്നിരുന്ന ഒരു ചുറുചുറുക്കുള്ള കുട്ടി ഹൈസ്കൂളിൽ കൂടെ ഉണ്ടായിരുന്നു. ആ കുട്ടി പിന്നീട് ബി. മാണിക്യം എന്ന പേരിൽ അറിയപ്പെടുന്ന കവിയും സിനിമാ ഗാനരചയിതാവും മറ്റുമായി ഉയർന്നുവന്നു. 'ജനയുഗം' പത്രാധിപസമിതിയിലും സജീവമായി പ്രവർത്തിച്ചിരുന്ന അദ്ദേഹം അകാലത്തിൽ പൊലിഞ്ഞുപോയത് ദുഃഖത്തോടെ ഓർക്കുകയാണ്. ●

■ കവിത

# സ്നേഹബന്ധം



**മധുമാഷ് വെഞ്ഞാറമൂട്**

**9497920181**


കാഫലം തീർന്ന ഫലവൃക്ഷം കണക്കെ
പരിത്യക്തൻ, ശയ്യാവലംബിയാം വൃദ്ധൻ
രോഗപീഡയിൽ വൃദ്ധനാം പിതാവിനി
'ബാധ്യത', എന്ന സത്യം ഗ്രഹിച്ചു മക്കൾ
വെറുതെ പിണങ്ങി പണ്ടേ വേർപിരിഞ്ഞു
പാഴ്ച്ചെലവൊഴിവാക്കാൻ പോംവഴി കണ്ടു.
പത്നിതൻ പ്രായക്കുറവതുനന്നായി
ആശ്വാസമായ് അരികിലൊരാളുണ്ടായി.
നീണ്ട കാത്തിരിപ്പിന്നൊടുവിലൊരുന്നാൾ
വൃദ്ധദേഹത്തുനിന്നക്ഷരാത്മാവിനെ
വേർപെടുത്തുവാൻ കനിവുകാട്ടി, 'മൃത്യു'
മരണവിവരമറിഞ്ഞെത്തി മക്കൾ,
ബന്ധുമിത്രാദികൾ, പൗരപ്രമുഖരും
മൃതശരീരം കണ്ടുവിതുമ്പി, മക്കൾ
വിഷാദം പൂണ്ടു വീർപ്പുമുട്ടി, കാണികൾ
തൊടിയിൽ ചിതാഗ്നി നടുവിലുയർന്നു
മനുഷ്യമാംസം കത്തിയമർന്ന ഗന്ധം
അകത്തളത്തിലെ ബിരിയാണി മണം
വഴിമാറിയ പുതുജീവിതശൈലി.
യജമാനൻ തന്നുടെ ദേഹവിയോഗം
ശുനകനറിഞ്ഞു, ആരും പറയാതെ.
നിഴലിനെ കാൺകിലും ശൗര്യം മുഴങ്ങും
നായ്ക്കൂട്ടിനുള്ളിലുണ്ടെന്നു ശാന്തത
ചട്ടിയിലാരോ കൂട്ടിൽ നീട്ടിയ, 'ശിഷ്ടം'
വ്യസനം കൊണ്ടാശ്വാവതു തൊട്ടിട്ടില്ല.

■ മഹാത്മ

# എന്റെ ബാപ്പുജി






**ബിന്ദു. കെ**

**9446422321**


**സൗ**ത്ത് ആഫ്രിക്കയിലെ ഫീനിക്സ് എന്ന സ്ഥലത്ത് ഗാന്ധിജി കുട്ടികൾക്കുവേണ്ടി ഒരു സ്കൂൾ തുടങ്ങി. അദ്ദേഹത്തിന് കുട്ടികളെ എങ്ങനെ പഠിപ്പിക്കണമെന്ന് വ്യക്തമായ ധാരണയുണ്ടായിരുന്നു. പരീക്ഷാ സമ്പ്രദായത്തെ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. ആൺകുട്ടികൾ തന്റെ സ്കൂളിലൂടെ സത്യസന്ധമായ അറിവ് നേടണമെന്നും അതിലൂടെ അവരുടെ മനസ്സും ബുദ്ധിയും മെച്ചപ്പെടുമെന്നും അദ്ദേഹം വിശ്വസിച്ചു. ഗാന്ധിജിക്ക് തന്റെ കുട്ടികളെ മനസ്സിലാക്കുന്നതിന് തന്റേതായൊരു ശൈലിയുണ്ടായിരുന്നു. എല്ലാ കുട്ടികളോടും ഒരേ ചോദ്യം ചോദിക്കുമായിരുന്നു. എന്നാൽ വളരെ കുറവ് മാർക്ക് വാങ്ങിച്ച ആൺകുട്ടിയെ അദ്ദേഹം അഭിനന്ദിക്കുകയും കൂടുതൽ മാർക്ക് കിട്ടിയ കുട്ടിയെ ശകാരിയ്ക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ഈ രീതി കുട്ടികളെ ആകെ കുഴച്ചു. അവർ ഇതേപ്പറ്റി ഒരുദിവസം ചോദിച്ചപ്പോൾ ഗാന്ധിജി പറഞ്ഞു : "ഓരോരുത്തരുടേയും ബുദ്ധിശക്തിക്കനുസരിച്ചല്ല ഞാൻ മാർക്കിടുന്നത്. ഞാൻ നോക്കുന്നത് അവർ എത്രത്തോളം മനസ്സിലാക്കിയിട്ടുണ്ടെന്നും അതിലൂടെ അവർ എത്രത്തോളം പുരോഗമിച്ചു എന്നുമാണ്. ഒരു ബുദ്ധിമാനായ കുട്ടി മന്ദബുദ്ധിയായ കുട്ടിയുമായി താരതമ്യം ചെയ്താൽ അവന് അറിവിന്റെ കാര്യത്തിൽ വളരുവാൻ സാധിക്കുകയില്ല. അവൻ അവന്റെ കഴിവിൽ അഹങ്കരിച്ച് അറിവു നേടുന്നിൽ നിന്ന് പിന്തിരിയും. ഏത് കുട്ടിയാണോ തന്റെ കഴിവിന്റെ പരമാവധി അദ്ധ്വാനിച്ച് വളരുവാൻ ശ്രമിക്കുന്നത്, ആ കുട്ടി നല്ല പ്രവർത്തനം കാഴ്ചവെയ്ക്കുകയും അവനെ ഞാൻ അഭിനന്ദിക്കുകയും ചെയ്യും." അങ്ങനെ ഗാന്ധിജി നല്ല പ്രകടനം കാഴ്ചവെക്കുന്ന കുട്ടികളെ അവർ കഠിനാദ്ധ്വാനം ചെയ്യുന്നുണ്ടോ എന്നും എന്താണവർ മനസ്സിലാക്കുന്നത് എന്നും സസൂക്ഷ്മം വീക്ഷിച്ച് അവരെ ബോധവാൻമാരാക്കുമായിരുന്നു. ●

■ ബാലപാഠം
(മുതിർന്നവർക്ക്) – 1

# അച്ഛ, അമ്മ, മോളൂ !

കെ. വിജയകുമാരൻ
9448312631, 9444540631

ഇവിടെ പരസ്യം അരുത് എന്ന് ചുവരിലെങ്ങാനും എഴുതിയിട്ടാൽ അതിന്റെ പുറത്തുതന്നെ പരസ്യം ഒട്ടുന്നതാണല്ലോ നാട്ടുനടപ്പ്. രാഷ്ട്രീയക്കാർ ഇലക്ഷൻ സമയത്ത് മതിലുകൾ കയ്യടക്കുന്നതുപോലെ മാളു ചുവരിൽ കയ്യെത്താവുന്ന ഉയരത്തോളം വരതുടങ്ങിയപ്പോൾ വീട്ടിൽ അച്ഛനും അമ്മയും അവളുടെ ശത്രുക്കളായി പരിണമിച്ചു. പല വിരട്ടലുകളും അവഗണിച്ചുകൊണ്ട് ആ കൊച്ചു കലാകാരി ചുവരിൽ പെൻസിൽ, ക്രയോൺ എന്നിവകൊണ്ട് അസംഖ്യം ചിത്രങ്ങൾ വരച്ചിട്ടു. ഒടുവിൽ ചുവർ നിറഞ്ഞു, വാമനൻ മൂന്നാമത്തെ കാലടി വയ്ക്കാൻ സ്ഥലം തേടുന്നതുപോലെ ഇനിയെവിടെ എന്ന ചോദ്യവുമായി മാളു അയാളെ നോക്കി. അവൾ പ്രശ്നം അവതരിപ്പിച്ചു.

“അച്ഛാ മാളൂന്ന് വറക്കാൻ പ്ലേസില്ല” (ആംഗലവും മലയാളവും കലർന്നതാണ് അവളുടെ അഭിനവമണിപ്രവാളം)

അയാൾ ഒരു പഴയ നോട്ടുപുസ്തകം തപ്പിയെടുത്തു കൊടുത്തു. അവൾ ഒട്ടും സമയം പാഴാക്കാതെ തറയിൽ ഇരുന്ന് വര തുടങ്ങി. പ്രശ്നത്തിന് സമാധാനം കണ്ട സന്തോഷത്തോടെ അയാൾ ഓഫീസിലേയ്ക്ക് പോയി. അന്നത്തെ പണികളിൽ ഉത്സാഹത്തോടെ ഏർപ്പെട്ടു.

വൈകുന്നേരം വീട്ടിലെത്തുമ്പോൾ അമ്മയും മകളും ഒരു വലിയ വഴക്കിന്റെ ചൂടും പുകയും അടങ്ങാതെ ഇരിപ്പാണ്. വന്നപാടെ മാളു അമ്മ വഴക്കുപറഞ്ഞ സംഗതി അല്പം കരച്ചിലോടെ അച്ഛനെ ബോധിപ്പിച്ചു. പ്രശ്നം ഇതായിരുന്നു. മാളു താൻ കൊടുത്ത നോട്ടുബുക്കിൽ മുഴുവൻ വരച്ചുകഴിഞ്ഞ് കംപ്യൂട്ടർ പ്രിന്ററിലെ കണ്ടിന്യുവസ് ഫീഡ് പേപ്പറിൽ കൈവച്ചിരിക്കുന്നു.

“അത് സാരമില്ല. അവൾ വരച്ചത്രയും പേപ്പർ അറുത്തുമാറ്റിയാൽ പ്രശ്നം തീർന്നല്ലോ ?” എന്നായി അയാൾ.

എന്നാലൊന്ന് ചെന്ന് നോക്കാനായി ഭാര്യ വെല്ലുവിളിച്ചു. അയാൾ ചെന്നുനോക്കി. മുപ്പതോളം പേജ് നീളമുള്ള പേപ്പറിൽ ആദ്യ പേജിൽ ഒരു പാമ്പിന്റെ തലയാണ് കണ്ടത്. പുള്ളികളുള്ള പാമ്പിന്റെ ഉടൽ അടുത്ത പേജിലേക്കും, അതിനടുത്ത പേജിലേക്കും, അതിനടുത്ത പേജിലേക്കും അങ്ങിനെ നീണ്ട് പേപ്പറിന്റെ അവസാനം അറ്റത്ത് മുറിഞ്ഞ് അവസാനിക്കുന്നു. അയാൾ മുപ്പതടി നീളമുള്ള (ഉടൽ മുറിഞ്ഞ) പാമ്പിനെക്കണ്ട് അതിശയിച്ചു നിൽക്കുമ്പോൾ മാളു പറയുന്നു.

“അച്ഛ പാമ് അപ്രത്തുണ്ട് (ഇവിടെ മാളു ‘പാമ്പി’നുപകരം ‘പാമ്’ എന്ന തെലുഗു പദമാണ് ഉപയോഗിക്കുന്നത്)

അയാൾ അവസാന പേജ് മറിച്ചുനോക്കി. മറുഭാഗത്ത് മുറിഞ്ഞ പാമ്പിന്റെ ഉടൽ വീണ്ടും തുടരുന്നു. അതവസാനിക്കുന്നത് പാമ്പിന്റെ തല വരഞ്ഞ പേജിന്റെ പുറകിൽ ഒരു വാലിലാണ്. അറുപതടി നീളമുള്ള ഒരു പാമ്പ് ! അയാൾ മകളുടെ ഭാവന കണ്ട് അമ്പരന്നു. കുട്ടികളോട് ‘ഡ്രീം ബിഗ്’ എന്നൊക്കെ പ്രസംഗിക്കാറുള്ള അയാൾക്ക് ‘ശരിയാണ്, പക്ഷേ ഇത്രേം വലിപ്പം ഉദ്ദ്യേശിച്ചില്ലാട്ടോ’ എന്ന് പറയേണ്ടതായിത്തോന്നി. എന്നിരുന്നാലും കലിതുള്ളി നില്ക്കുന്ന ഭാര്യയോടായി പറഞ്ഞു, “സാരമില്ല ഈ പേപ്പർ വല്ല ഡ്രാഫ്റ്റും പ്രിന്റ് ചെയ്യാനുപയോഗിക്കാം.”

“മകളെ ലാളിച്ച് വഷളാക്കിക്കോളൂ” എന്നുപറഞ്ഞ് ഭാര്യ അടുക്കളയിലേക്ക് പോയി. അയാൾ വസ്ത്രം മാറിവന്ന് സോഫയിൽ ഇരുന്നു. മാളു പതിവുപോലെ അയാളുടെ മടിയിൽ കയറി ഇരുന്നു.

“മാളു ഇത്ര വലിയ പാമ്പ് എവിടെയാ കണ്ടത് ?”

“നമ്മളന്ന് സൂവില് പോയപ്പോ ഒരു പാമ് കണ്ടില്ലെ, അതാണ് ഈ പാമ്.”

“അതിന് ഇത്ര നീളം ഇല്ലായിരുന്നല്ലോ ?”

“അച്ഛാ അത് ‘ഗ്രോ’ ആയതാ.” (വീണ്ടും മണിപ്രവാളം)

ശരിയാണ്. സൂ സന്ദർശിച്ചിട്ട് ഏതാണ്ട് ഒരു വർഷം ആകുന്നു. ഇതിനകം പാമ്പ് കണ്ടമാനം നീളം വച്ചിരിക്കുമല്ലോ! അയാൾ വളർച്ച, രൂപമാറ്റം എന്നീ പ്രകൃതി നിയമങ്ങളെക്കുറിച്ചുള്ള തന്റെ അജ്ഞത മനസ്സിലാക്കി.

“അച്ഛ തന്ന നോട്ട്ബുക്കിൽ മാളു എന്തു വരച്ചു ?”

മാളു ഓടിച്ചെന്ന് നോട്ട്ബുക്ക് കൊണ്ടുവന്ന് അയാൾക്ക് കൊടുത്തു. വീണ്ടും മടിയിൽ കയറി ഇരുന്നു. അയാൾ നോട്ട്ബുക്ക് തുറന്നു. ആദ്യത്തെ പേജിൽ മൂന്നു പൂക്കളാണ്, ഒന്നല്പം വലുത്, രണ്ടാമത്തേത് ഇടത്തരം മൂന്നാമത്തേത് സ്വല്പം ചെറുത്. അടുത്ത പേജിൽ മൂന്നു കാക്കകൾ, പൂവുകളുടെ അതേ ആനുപാതിക വലുപ്പത്തിൽ.

“ഇത് അച്ഛക്കാക്ക, ഇത് അമ്മക്കാക്ക, ഇത് മാളുക്കാക്ക” മാളു വിശദമാക്കി.

മൂന്നാമത്തെ പേജിൽ മൂ

ന്നു പാറ്റകൾ (കൂറ/ കോക്രോച്ച്)

"ഇത് അച്ഛകോക്കോച്, ഇത് അമ്മകോക്കോച്, ഇത് മാളു കോക്കോച്" മാളു പറഞ്ഞു.

തുടർന്ന പേജുകളിൽ എല്ലാം പല പക്ഷികളുടേയും മൃഗങ്ങളുടേയും അച്ഛ, അമ്മ, മാളു പതിപ്പുകൾ. പുസ്തകം പൂർണ്ണമായും തീർത്ത ശേഷമാണ് കംപ്യൂട്ടർ പേപ്പറിൽ കയ്യേറ്റം നടത്തിയത് എന്ന് വ്യക്തമായി. കഴിഞ്ഞ ദിവസം "ഒരു പെൺകുട്ടിയും മൂന്നു കരടികളും എന്ന കഥ വായിച്ചു കേൾപ്പിച്ചതിന്റെ പ്രേരണ സൃഷ്ടികളിൽ ഉണ്ടോ എന്നയാൾ സംശയിച്ചു.

ന്യൂക്ലിയാർ കുടുംബങ്ങളിൽ കുട്ടികൾ അവരുടെ ലോകം കാണുന്നത് എങ്ങിനെയാണെന്ന് അയാൾക്ക് വ്യക്തമായി. സ്കൂളിൽ പോകുന്നതോടെ അവരുടെ ലോകം അല്പം വികസിക്കുമെന്നിരുന്നാലും നാലു തലമുറകൾ ഒരുമിച്ചുകഴിഞ്ഞിരുന്ന പഴയ വീടുകളിലെ അനുഭവങ്ങൾ അവർക്ക് ഒരിക്കലും ലഭിക്കാനിടയില്ല. ഒപ്പം കൊടുക്കൽ - വാങ്ങലുകൾക്കും വിട്ടുവീഴ്ചകൾക്കും അവസരങ്ങൾ വിരളമാകയാൽ കുട്ടികൾ കൂടുതലും ശാഠ്യക്കാരാകാൻ സാധ്യതയില്ലേ എന്നയാൾക്ക് തോന്നി. മത്സരമാണ് ജീവിതം എന്നുകരുതുന്ന ഒരു സമൂഹത്തിൽ ഒറ്റപ്പെടലും അവഗണനയും ഒരു പാർശ്വഫലമായി ഭാവിയിൽ അനുഭവപ്പെടുമെന്ന ഒരു കയ്പുനിറഞ്ഞ സത്യം അയാളറിഞ്ഞു. എന്നിരുന്നാലും ഒരു മാറ്റത്തിനായി അയാൾ വൃഥാ ആഗ്രഹിച്ചു - താൻ ഒഴുക്കിലകപ്പെട്ട പൊങ്ങുതടിയാണെന്ന് അറിഞ്ഞു കൊണ്ടുതന്നെ. ●

## ആദരാഞ്ജലി



**ഏ**ക തത്ത്വ കുടുംബത്തിലെ ഒരു അംഗമായ ശ്രീ. പ്രസാദചന്ദ്രൻ പിള്ള നവംബർ പതിനെട്ടിന് രാവിലെ നിര്യാതനായി. അറുപത്തിരണ്ട് വയസ്സായ ശ്രീ. പിള്ള കേരള മത്സ്യ വകുപ്പിൽ അഡീഷണൽ ഡയറക്ടറായി വിരമിച്ച് വായനയും എഴുത്തുമായി കൊല്ലത്ത് കഴിയുകയായിരുന്നു. വിപുലമായ വായനയും അഭിപ്രായങ്ങൾ തുറന്നുപറയുന്ന പ്രകൃതവും വി. കെ. എൻ. കൃതികളോടുള്ള അസാധാരണ പ്രേമവും അദ്ദേഹത്തെ അടുത്തറിയുന്ന സുഹൃത്തുക്കൾ സൂചിപ്പിച്ച ചില വ്യക്തിപ്രതലങ്ങൾ മാത്രം. എഴുത്തിൽ ഒരുപാട് പ്രതീക്ഷകൾ ഉണ്ടായിരുന്നത് സാക്ഷാത്കരിക്കും മുമ്പ് അദ്ദേഹത്തിന്റെ വിയോഗം കുടുംബാംഗങ്ങൾക്കൊപ്പം ഏക തത്ത്വയ്ക്കും തീരാനഷ്ടമാണ്.

-ഡോ. കെ. വിജയകുമാരൻ-



# ദം ആലു



പി. എൻ. ഗംഗാലക്ഷ്മി
9447972209

### ആവശ്യമുള്ള സാധനങ്ങൾ

ഉരുളക്കിഴങ്ങ് ചെറുത് (ബേബി പൊട്ടാറ്റോ) - 1/2 കി.
സവാള - 1 വലുത്
മല്ലിയില അരിഞ്ഞത് - 2 ടേബിൾ സ്പൂൺ
തൈര് (പുളി ഇല്ലാത്തത്) - $^{1}/_{2}$ കപ്പ്.
ജീരകം - $^{1}/_{2}$ സ്പൂൺ
മല്ലിപ്പൊടി - 1 സ്പൂൺ
മുളകുപൊടി - 1 സ്പൂൺ
മഞ്ഞൾ പൊടി - $^{1}/_{4}$ സ്പൂൺ
ഗരം മസാല - $^{1}/_{2}$ സ്പൂൺ
പെരുഞ്ചീരകം - $^{1}/_{2}$ സ്പൂൺ
ചുക്ക് - 1 ചെറിയ കഷ്ണം
ഏലക്കായ - 2 എണ്ണം
ഗ്രാമ്പു - 2 എണ്ണം
ബിരിയാണി ഇല - 2 എണ്ണം
അണ്ടിപ്പരിപ്പ് - 8 എണ്ണം
കസൂരിമേത്തി - $^{1}/_{2}$ സ്പൂൺ
(ഉലുവ ഇല ഉണക്കിയത്)
ഉപ്പ് - ആവശ്യത്തിന്
എണ്ണ - ആവശ്യത്തിന്

### പാകം ചെയ്യേണ്ട വിധം

ഉരുളക്കിഴങ്ങ് 1 സ്പൂൺ ഉപ്പ് ചേർത്ത് വേവിക്കുക. കൂടുതൽ വെന്തുപോകരുത്. തണുത്തതിനു ശേഷം തൊലികളഞ്ഞ് ഫോർക്കുകൊണ്ട് കുത്തി തുളകൾ ഇടുക. ഒരു പാനിൽ എണ്ണ ചൂടാക്കി ബ്രൗൺ നിറമാകുന്നതുവരെ വറുത്ത് എണ്ണ വാരാൻ വയ്ക്കുക. ഒരു പാനിൽ 2 ടേബിൾ സ്പൂൺ എണ്ണ ചൂടാക്കി ജീരകം, ബിരിയാണി ഇല എന്നിവ ഇടുക. ജീരകം പൊട്ടിക്കഴിഞ്ഞാൽ ഇഞ്ചി, വെളുത്തുള്ളി, സവാള എന്നിവ പേസ്റ്റാക്കിയത് ചേർത്ത് വഴറ്റുക. ഇത് മൂത്ത് തുടങ്ങിയാൽ മല്ലിപ്പൊടി, മുളകുപൊടി, മഞ്ഞൾ പൊടി എന്നിവ ചേർത്ത് വഴറ്റുക. അതിനുശേഷം ഏലക്കായ, ഗ്രാമ്പു, പെരുഞ്ചീരകം, ചുക്ക് എന്നിവ പൊടിച്ചുചേർക്കുക. തൈര് ചേർത്ത് തിളപ്പിക്കുക. തിള വന്നുകഴിഞ്ഞാൽ വറുത്ത ഉരുളക്കിഴങ്ങ് ചേർത്ത് അഞ്ച് മിനുറ്റ് അടച്ചുവെച്ച് വേവിക്കുക. എണ്ണ തെളിയാൻ തുടങ്ങിയാൽ അണ്ടിപ്പരിപ്പ് അരച്ചത് $^{1}/_{2}$കപ്പ് വെള്ളത്തിൽ കലക്കിച്ചേർക്കുക. തിള വന്നുകഴിഞ്ഞാൽ മല്ലിയില, കസൂരിമേത്തി എന്നിവ ചേർത്ത് തീ അണയ്ക്കുക. ചപ്പാത്തി, പൂരി എന്നിവയോടൊപ്പം കഴിയ്ക്കാം. ●



# കേരളം തിരുത്തുന്നു

**കുന്നിൽ വിജയൻ**
**9447417093**

**ഭ്രാ**ന്താലയമെന്ന് സ്വാമി വിവേകാനന്ദൻ കല്പിച്ച കേരളത്തിന്റെ സുവർണ്ണ ദിനങ്ങളിൽ ഒന്നായിരുന്നു അബ്രാഹ്മണരേയും ക്ഷേത്ര പുരോഹിതരാക്കാനുള്ള തീരുമാനം വന്ന ദിവസം. നൂറ്റാണ്ടുകളിലായി ചേറിലമർന്നു കഴിഞ്ഞിരുന്ന ജനവിഭാഗങ്ങളെ മുഖ്യധാരയിലെത്തിക്കാനുള്ള ദൃഢചിന്തയുടെ പ്രകടനമായിരുന്നു അത്. മാറുമറയ്ക്കാൻ അവകാശമില്ലാത്ത, വഴിനടക്കാനവകാശമില്ലാത്ത, ക്ഷേത്ര പ്രവേശനത്തിനവകാശമില്ലാത്ത, തമ്പുരാന്റെ ചെയ്തികൾക്ക് വായ്കൈയ് പൊത്തി എറാൻ മൂളാൻ മാത്രം വിധിക്കപ്പെട്ട, പ്രഥമ രാത്രിയിൽ കെട്ടിയ പെണ്ണിനെ തമ്പ്രാന്റെ മുറിയിലെത്തിച്ച് പുറത്ത് കാവൽനിൽക്കാൻ വിധിക്കപ്പെട്ട, പിറ്റേന്ന് തിരിച്ചുകിട്ടുന്ന കരിമ്പിൻ ചണ്ടിയ്ക്ക് ഓമ്പ്രാ... ഓമ്പ്രാ... എന്ന് നന്ദിപറയാൻ മാത്രം വിധിക്കപ്പെട്ട ദളിതന്റെ തലമുറകളുടെ ത്യാഗത്തിന് ഫലമുണ്ടായത് പുരോഗമന പ്രസ്ഥാനങ്ങളും സാമൂഹ്യ പരിഷ്കർത്താക്കളും ഉയർത്തിപ്പിടിച്ച കൊടികൾ ചുവന്നപ്പോഴാണ്. ആ സാമൂഹ്യ നവോത്ഥാനത്തിന്റെ മുൻപന്തിയിൽ നിന്നവരിൽ പ്രമുഖരോടൊപ്പം വിശപ്പടക്കാൻ വിദ്യാർത്ഥിയുടെ ചോറ് കട്ട് തിന്നത്തക്ക പട്ടിണിയിലായിരുന്ന അധ്യാപകരുമുണ്ടായിരുന്നു. കേളപ്പജിയും ചട്ടമ്പിസ്വാമികളും പി. കൃഷ്ണപ്പിള്ളയും ഇ. എം. എസും എം. ആർ. ബി.യും വി.ടി.യുമൊക്കെ തങ്കലിപികളിൽ എഴുതപ്പെട്ട ചരിത്ര നാമങ്ങളാണ്.

കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിൽ ഭൂപരിഷ്കരണ നിയമം ചെലുത്തിയ സ്വാധീനം കാർഷിക മേഖലയിലായിരുന്നെങ്കിൽ, സാംസ്കാരികമേഖലയിൽ വാഴ്ത്തിപ്പാടേണ്ടുന്ന തീരുമാനമാണ് സഖാവ് പിണറായിയുടേത്. ഭാരതീയരൊന്നടങ്കം, ചില ലോകനേതാക്കളുൾപ്പടെ ഈ പ്രവൃത്തിയെ പ്രശംസിച്ചുവെങ്കിലും കേരളത്തിന്റെ പ്രബുദ്ധചിന്ത അതെത്രമാത്രം വിലയിരുത്തിയെന്നുള്ളത് ചിന്തിക്കേണ്ടതാണ്. വരേണ്യവർഗ്ഗം പരമ്പരാഗതമായി ചെയ്തിരുന്ന ബോധപൂർവ്വമോ അല്ലാതെയോ ഉള്ള ശാന്തികർമ്മങ്ങൾ അനുഷ്ഠിക്കാൻ ഇനി വേദജ്ഞനായ, താന്ത്രിക വിദ്യകളഭ്യസിച്ച ആർക്കുമാവും. അതിന് ദേവന് നിവേദിച്ച ഘൃതവും, കടുമധുരവും പടച്ചോറും തിന്ന് കുംഭവീർക്കണമെന്നില്ല. ഏതെങ്കിലും സാമുദായിക മേൽക്കോയ്മ കല്പിച്ചുനൽകുന്ന ഊണ് നൂൽ വേണമെന്നുമില്ല.

അധമനെന്ന് വിളിപ്പേരിട്ടവന്റെ അജ്ഞതയേയും അന്ധവിശ്വാസങ്ങളിൽ അധിഷ്ഠിതമായ വിശ്വാസങ്ങളേയും ചൂഷണം ചെയ്തപ്പോഴാണ് ചിലർ പുരോഹിതരായത്. ദൈവത്തിന്റെ ഇടനിലക്കാരിലൂടെ മാത്രമേ ദൈവഹിതം നടക്കൂ എന്ന് വിശ്വസിക്കാൻ ചിലർ ബാധ്യസ്ഥരായത്. നിർഭാഗ്യവശാൽ ഇരുപതു നൂറ്റാണ്ടുകഴിഞ്ഞിട്ടും അതേ അന്ധത കൺമിഴിക്കാതെ പല രൂപത്തിലും ഇന്നും നിലകൊള്ളുന്നു. അത്തരം ചിന്തകൾക്ക് കടിഞ്ഞാണിടാൻ ഒരുപരിധിവരെ മുഖ്യമന്ത്രിയുടെ വിപ്ലവകരമായ ഈ തീരുമാനത്തിന് കഴിയും. എല്ലാരും മനുഷ്യരാണെന്നും ഏതിന്റേയെങ്കിലുമടിസ്ഥാനത്തിൽ അതിൽ വിവേചനമുണ്ടാകരുതെന്നുമുള്ള സമഭാവനയുടെ വിളംബരമാണിത്. ഏത് ക്ഷേത്രത്തിലേയും ഏത് ശാന്തിക്കാരന്റേയും ഐ. ഡി. കാർഡിനും റേഷൻകാർഡിനും കോരന്റെ കാർഡിന്റെ വിലയേയുള്ളൂ. ശാന്തിക്കാരന്റേയും കോരന്റേയും വയറിളക്കത്തിന് ശാന്തിയുണ്ടാവാൻ കലക്കി കൊടുക്കുന്ന ഒ. ആർ. എസ്സ് പൊടി ഒന്നുതന്നെയാണ്. ചോരയിലുള്ളത് റെഡ് കോർപ്പസിൽസും വൈറ്റ് കോർപ്പസിൽസും ആണ്. എന്നിട്ടുമെന്തേ ഇത്ര കാലം വേദജ്ഞനായ കീഴാളനു വേണ്ടി ശ്രീകോവിൽ തുറന്നുകൊടുക്കാതിരുന്നതെന്നുള്ള ചോദ്യത്തിന് ഇനി പ്രസക്തിയില്ല.

പഴമക്കാർ പറഞ്ഞുകേട്ടിട്ടുണ്ട്. ഗുരുവായൂർ ദർശനത്തിനെത്തുന്ന കീഴാളന് മഞ്ജുളാൽ വരെയെത്താനേ അവകാശമുണ്ടായിരുന്നുള്ളു കിലോമീറ്ററുകൾക്ക് അപ്പുറത്തുള്ള പാട്ടുകുളത്തിൽ കുളിച്ച് മഞ്ജുളാലിനടുത്ത് നിന്ന് അകലെക്കാണുന്ന ഗുരുവായൂരപ്പനെ ഉണ്ണികൾക്ക് ചൂണ്ടിക്കാണിച്ചു കൊടുക്കാനേ അന്നവകാശമുള്ളു. ഉണ്ണികൾ ഗുരുവായൂരപ്പനെ കണ്ടിട്ടുണ്ടാവില്ല. കണ്ടത് ശാന്തിയുടെ പിന്നാമ്പുറമാവും. അതേ ഉണ്ണി ഇനി ശ്രീകോവിലിൽ കയറും. സമസ്ത ഭക്തിഭാവവും നെഞ്ചേറ്റിക്കൊണ്ട് ഗുരുവായൂരപ്പനെ പൂജിക്കും. പൂവും പ്രസാദവും അർച്ചിക്കും ഭക്തർക്ക് ചന്ദനാദികൾ നൽകും. ഒരുതടസ്സവുമില്ല. പുരോഗതിയുടെ ചാലകശക്തിയായിത്തീരുന്ന ഈ തീരുമാനം വാഴ്ത്താനാവുന്നില്ലെങ്കിൽ പിന്നെ പേനയുന്തിയിട്ടെന്തുകാര്യം ? അതുകൊണ്ടുതന്നെ സഖാവ് പിണറായി വിജയന് അഭിനന്ദനത്തിന്റെ നറുമലരുകൾ ചൊരിയുന്നു.

നിർഭാഗ്യവശാൽ വിശ്വാസിസമൂഹത്തെ ചൂഷണം ചെയ്യു

ന്ന ആൾദൈവങ്ങൾ മൂക്കിന് മുക്കിന് ഇപ്പോഴും വിലസുകയാണ്. ലക്ഷക്കണക്കിന് അനുയായികളെ വരച്ച വരയിൽ നിർത്തി അനുവർത്തികളാക്കി ഖുർമിത് റാംറഹിം സിങ്ങ്മാർ വിരാജിച്ചത് അങ്ങനെയാണ്. ആശ്രമത്തിലെ തരുണീമണികളുടെ കന്യാചർമ്മത്തിന് കാവൽഭിത്തികെട്ടാൻ വേണ്ടി അതേ ആശ്രമവാസികളായ നാനൂറിലേറെ യുവാക്കളുടെ പൗരുഷത്തെ വന്ധ്യം കരിച്ച് വരിയുടക്കാനായത് അത് കൊണ്ടാണ്.

ജയ് വിളിക്കാൻ മാത്രമറിയാവുന്ന അനുയായികൾ ഒരു സംസ്ഥാനത്തിന് തീ കൊളുത്തിയതും അതുകൊണ്ടാണ്. കേരളത്തിൽ പുലർച്ചെ കുളി കഴിഞ്ഞ് സുതാര്യമായ ഈറനോടെ ഭക്തർക്ക് ദർശനം നൽകിയിരുന്ന ഒരു യൗവ്വന മസാലദോശ ഉണ്ടായിരുന്നു പോലും. ഒരു പ്രമുഖ രാഷ്ട്രീയ യുവജന സംഘടന ഇടപെട്ടതോടെ ആ ദൈവം പായും ചുരുട്ടി സ്ഥലംവിട്ടെന്നാണ് കേൾവി. മരിച്ചു പോയ ആൾ ഉയർത്തെഴുന്നേൽക്കുമെന്ന വിശ്വാസത്തിൽ ദിവസങ്ങളോളം അഴുകിയ മൃതശരീരവുമായി കാത്തിരുന്ന ബന്ധുക്കളുണ്ടായ നാടാണിത്. അതും ഈ നൂറ്റാണ്ടിൽത്തന്നെ. രോഗം മാറാൻ മന്ത്രവാദവും നരബലിയും വരെ ഇന്നും നടക്കുന്നു. പുറത്തറിയുന്നത് എത്രയോ കുറവുമാത്രം.

അനാചാരങ്ങളുടേയും അപ്രമാദിത്തത്തിന്റേയും മുഖത്തുനോക്കി അശുദ്ധിയില്ലാത്ത മനസ്സുള്ള, മന്ത്രവിധിയറിയാവുന്ന ആർക്കും ഇനി പൂജാരിയാകാമെന്ന് തുല്യം ചാർത്തിയ സഖാവിന്റെ വിരലുകൾക്ക് ആയിരം അഭിവാദ്യങ്ങൾ.

ഗുരുവായൂർ ക്ഷേത്രതന്ത്രിമാരിലൊരാളായ ചേന്നാസ് ദിവാകരൻ നമ്പൂതിരിപ്പാടിനെ പ്രശംസിക്കണം. വിശ്വാസികളായ ആർക്കും ഗുരുവായൂരപ്പനെ തൊഴാമെന്നും ക്ഷേത്രദർശനം നടത്താമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സ്വാമി അയ്യപ്പന് പള്ളിയുറങ്ങാൻ ഹരിവരാസനം പാടുന്ന ഗാനഗന്ധർവ്വന്, ഗുരുവായൂരമ്പലനടയിൽ ഒരു ദിവസം ഞാൻ പോകും ഗോപുരവാതിൽ തുറക്കും, ഞാൻ ഗോപകുമാരനെക്കാണും എന്ന് ഉള്ളം തെളിഞ്ഞ് പാടിയ യേശുദാസിന്, അദ്ദേഹത്തിന്റെ ജാതിക്കുറി നോക്കി വേണം ഗുരുവായൂർ ക്ഷേത്ര പ്രവേശനം എന്നുവരുന്നത് കഷ്ട മല്ലെ ? ഹിന്ദുസമുദായത്തിന് അപമാനമല്ലേ ? വിശ്വാസിയാണെന്നുള്ള സാക്ഷ്യപത്രക്കുറിപ്പടിക്കുവേണ്ടി ഇനിയും കടിച്ചുതൂങ്ങണോ ? ദിനേശൻ നമ്പൂതിരിപ്പാടിന്റെ പ്രസ്ഥാവനയെ സ്വാഗതം ചെയ്തുകൊണ്ട് ആദ്യം രംഗത്തു വന്നത് കടകം പള്ളി സുരേന്ദ്രനാണ്.

വളരെ സന്തോഷത്തിൽ കഴിഞ്ഞ അതേ ദിവസങ്ങളിൽ ത്തന്നെ മനസ്സിനെ നൊമ്പരപ്പെടുത്തുന്ന മറ്റൊരു വാർത്ത വന്നു. കൊല്ലത്തൊരു കലാലയത്തിന്റെ മൂന്നാം നിലയിൽ നിന്നുചാടി ഒരു പെൺകുട്ടി ജീവനൊടുക്കി. സഹോദരിയെ ആൺകുട്ടികളോടൊപ്പമിരുത്തി ശിക്ഷിച്ച ടീച്ചർ ചേച്ചിയേയും ശാസിച്ചുവത്രെ. മനംനൊന്ത കുഞ്ഞ് ജീവനവസാനിപ്പിച്ചു. ഊണ് കഴിക്കാനിരുന്ന കുട്ടിയെ ടീച്ചർ നേരിട്ടുവന്ന് വിളിച്ചുകൊണ്ടുപോയി കാലന് കൊടുക്കുകയായിരുന്നു. സി. സി. ടി. വി. ദൃശ്യങ്ങളിൽ നിന്ന് കുട്ടി ഗ്രൗണ്ടിൽ വന്നു വീഴുന്നകാഴ്ച വേദനിപ്പിക്കും. ബന്ധപ്പെട്ട ടീച്ചർമാരെ മാനേജുമെന്റ് സസ്പെന്റ് ചെയ്തു. പതിവുപോലെ അന്നും പൂർവ്വാധികം ഭംഗിയായ ചാനൽ ചർച്ച ഉണ്ടായിരുന്നു. അതിൽ പങ്കെടുത്ത ഫെഡറേഷൻ ഭാരവാഹി ഉൽക്കണ്ഠപ്പെട്ടതും പൊട്ടിത്തെറിച്ചതും കലാലയങ്ങളുടെ കണ്ണാടിച്ചില്ലുകൾ തകർക്കുന്നതിലാണ്. മരണങ്ങൾ സംഭവിക്കുന്നത് അപക്വമായ മാനസ്സിക നിലവാരത്തിൽ കുട്ടികളെ വളർത്തുന്നതിലാണ് എന്നാണദ്ദേഹത്തിന്റെ അഭിപ്രായം. അതുകേട്ടിട്ട് നിർവ്വികാരനായിരിക്കാനേ കഴിഞ്ഞുള്ളൂ ആവണക്കെണ്ണ കുടിച്ച മഹോദരക്കാരനെപ്പോലെ ഞെളിപിരികൊള്ളുന്ന ചാർച്ചക്കാർക്ക് സ്വന്തം മക്കളുടെ തുന്നിക്കൂട്ടി കോറത്തുണിയിൽ പൊതിഞ്ഞ ശരീരം വീട്ടുമുറ്റത്തു വച്ചിരിക്കുന്നത് കാണാനിടവരരുതേയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

പൊതുസമൂഹത്തിന്റെ മനോഭാവത്തിന് മാറ്റം വരാത്തിടത്തോളം കാലം എങ്ങനെ നമുക്ക് സ്വസ്ഥമായുറങ്ങാൻ കഴിയും? മുമ്പ് തിരുവനന്തപുരത്തെ ഒരു സ്കൂളിൽ ആത്മഹത്യ ചെയ്ത അർജ്ജുൻ എന്നൊരുകുട്ടിയെ ഓർമ്മയില്ലേ ? ബെസ്റ്റ് സ്റ്റുഡന്റ്. തോല്പിക്കാനും ടി. സി. കൊടുക്കാനുമൊരുങ്ങിയപ്പോൾ അവൻ ആത്മഹത്യയിലൂടെ അവരെ തോല്പിച്ചു. എത്രയെത്ര സംഭവങ്ങൾ... അധ്യാപക വിദ്യാർത്ഥി ബന്ധത്തിലെ സ്നേഹത്തിന്റെ താളക്രമം നഷ്ടപ്പെടുന്നതല്ലേ കാരണം. അധ്യാപകരിലേറെ പ്രഹഷണലുകൾ മാത്രമാണിന്ന്. വികാരത്തിനടിമപ്പെട്ട ആ പെൺകുട്ടിയേക്കാൾ പക്വതവേണ്ടിയിരുന്നത് ശിക്ഷിക്കാൻ വിളിക്കുന്നത് ഒരു പിടി ചോറുണ്ടിട്ടാവട്ടെയെന്നെങ്കിലും ചിന്തിക്കാതിരുന്നവർക്കല്ലേ ? ആരേയും അടച്ചാക്ഷേപിക്കുകയല്ല. എല്ലായിടത്തും ഇടിമുറികളില്ല കുട്ടികളുടെ സ്വകാര്യതയിലേയ്ക്ക് തുറന്നുവെച്ച ക്യാമറക്കണ്ണുകൾ എല്ലായിടത്തുമില്ല.

വിദൂര വിദ്യാഭ്യാസത്തിലൂടെ പോലും ലഭിക്കുന്ന സർട്ടിഫിക്കറ്റിലൂടെ സ്വകാര്യസ്ഥാപനങ്ങളുടെ ഫാക്കൽറ്റിയാകാം. യാതൊരു മനഃശ്ശാസ്ത്ര പരീക്ഷണങ്ങളുമില്ല. പിന്നെ ജിമിക്കിക്കമ്മൽ കളിക്കുന്ന ഫാക്കൽറ്റിമാരേയും കുട്ടികളേയും അമ്മമാരേയും തിരിച്ചറിയാനാവില്ല. കുട്ടിയോട് ആഫ്രിക്കൻകാപ്പിരിസ്റ്റൈയിൽ മുടിവെട്ടാൻ രക്ഷിതാവ് പറഞ്ഞിട്ടനുസരിക്കുന്നില്ല. മാഷ് പറഞ്ഞാൽ കേൾക്കു

മല്ലോ എന്നുകരുതി മാഷെക്കാണാൻ ചെന്ന രക്ഷിതാവ് നിരാശനായി മടങ്ങിപ്പോന്നു. മാഷിന് അന്റാർട്ടിക്കൻ സ്റ്റൈൽ. കേട്ടത് പറഞ്ഞുപോയതാ. പക്ഷെ ഒന്നുണ്ട്, ആൺകുട്ടികളോടൊപ്പമിരുന്നാൽ ശിക്ഷയാകുമെന്ന് ചിന്തിക്കുന്ന അധികാരികളുടെ മാനസിക നില പരിശോധിക്കണം.

രണ്ടാം ക്ലാസ്സുകാരൻ സസ്പെന്റ് ചെയ്യപ്പെടുന്നു. മലയാളം പറഞ്ഞ കുട്ടിയുടെ മുതുകിൽ സ്റ്റിക്കർ ഒട്ടിച്ചു പരിഹസിക്കുന്നു. ശിക്ഷയുടെ ഭാഗമായി പട്ടിക്കൂട്ടിലടക്കുന്നു. പണക്കൊഴുപ്പിന്റേയും പൊങ്ങച്ചത്തിന്റേയും പേരിൽ കുഞ്ഞുങ്ങളെ സ്വകാര്യ വിദ്യാലയങ്ങളെന്ന കൊലാശാലകളിലേയ്ക്ക് തള്ളിവിടുന്ന തന്തമാർ ഇതിന്റെയൊക്കെ ഫലമനുഭവിക്കും. നാളെ വൃദ്ധസദനത്തിലാക്കിയെന്ന് പരിതപിക്കേണ്ട. മക്കളോട് ചെറുപ്പത്തിൽ നിങ്ങൾ ചെയ്തതും ഇതേ അധാർമ്മികതയല്ലേ ?

അധ്യാപിക സഹോദരങ്ങളേ... നന്മകൾ വിതച്ച് നവോത്ഥാനം കൊയ്തവരാണ് നിങ്ങളുടെ പൂർവ്വീകർ. ചരിത്രത്തിൽ അധ്യാപകർ മതപുരോഹിതരേക്കാൾ പൂജ്യരായിരുന്നു. നല്ല തറവാട്ടിൽ ഏതോ ജന്തുവും ജനിക്കുമെന്നൊരു നാടൻ ചൊല്ലുണ്ട്. അത് സമൂഹത്തെക്കൊണ്ട് അനുസ്മരിപ്പിക്കരുത്. പൂർവ്വസൂരികൾ വിള വിറക്കാൻ വിട്ടുപോയ വളക്കൂറുള്ള മണ്ണിൽ സമ്പന്നമായ വിളവെടുക്കാൻ വിധിക്കപ്പെട്ടവരാണ്.

നിങ്ങൾ ഗുരുവിന്റെ ചിന്താദാരിദ്ര്യത്തിന്റെ ലഘുത്വത്തിൽ നിന്ന് സമൂഹത്തിന് തിന്മയുണ്ടാകരുത്. ചാണക്യന്റെ കാലിൽ തറച്ച ശരപ്പുല്ലിന്റെ മുന മാത്രമെടുത്ത് കളയുകയല്ല അദ്ദേഹം ചെയ്തത്. മറ്റൊരാളുടെ കാലിൽ അത് കൊള്ളാതിരിക്കാൻ അതിന്റെ വേരും നാരും പിഴുതെടുത്ത് ഉന്മൂല നാശം വരുത്തുകയാണ് ചെയ്തത്. ഗൗരിമാരെയോർത്ത് നമുക്ക് ഇനിയും പരിതപിക്കാം.

■ കവിത


## ആത്മഗതം



സോമനാഥൻ മാസ്റ്റർ
9946429805

നഖമുള്ള കാൽവിരൽ തുമ്പിനാൽ മണ്ണിൽ ഞാൻ
ചികയുന്നു മക്കൾക്ക് തിന്നാൻ,
വിരയോ പുഴുക്കളോ പാറ്റയോ എന്തേലു-
മവരുടെ വിശപ്പൊന്നടക്കാൻ
കരുതിയിട്ടുണ്ടായിരിക്കാം സുനിശ്ചയം
സകലർക്കുമമ്മയാം ഭൂമി.

■ ആരോഗ്യം




ഡോ. സി. രാമകൃഷ്ണൻ
9447358663, 0491 2505521

# വിഷജ്വരം

## (സ്കാർലറ്റീന / സ്കാർലറ്റ് ഫീവർ)

**ചി**ക്കൻപോക്സ്, മീസിൽസ് ഇവക്ക് സമാനമായ അതീവ തീക്ഷണതയുള്ള ഒരു സാംക്രമിക രോഗമാണ് ഇത്. അധികവും ഉഷ്ണമേഖലാ പ്രദേശങ്ങളിലായിരിക്കും ഈ രോഗം കാണപ്പെടുക. കുട്ടികളെയാണ് സാധാരണ ബാധിക്കാറുള്ളത്. ചിക്കൻപോക്സ് മീസിൽസ് ഇവക്ക് ആരംഭത്തിൽ പനിയും, പിന്നീട് മാത്രമേ തടിപ്പുകൾ (Rashes) ശരീരത്തിൽ പ്രത്യക്ഷപ്പെടുകയുള്ളു. എന്നാൽ സ്കാർലറ്റീനക്ക് തുടക്കം തന്നെ നല്ല പനിയോടുകൂടിയുള്ള ചുവന്ന തടിപ്പുകൾ പ്രത്യക്ഷപ്പെടുന്നതായിരിക്കും. കൂടാതെ തൊണ്ട വേദന, തലവേദന, ഛർദ്ദി, തലചുറ്റൽ ഇവയാണ് മറ്റ് രോഗലക്ഷണങ്ങൾ. പനി കുറയുന്നതോടുകൂടി രോഗത്തിന്ന് ശമനം ഉണ്ടാവുന്നതാണ്. എന്നാൽ വൈഷമികാവസ്ഥയിൽ താപനില വളരെ ഉയർന്നനിലയിലേക്ക് ($110^{\circ}F$) പ്രവേശിക്കുന്നത് വളരെ അപകടകരമാണ്. ഈ ഘട്ടത്തിൽ രോഗി അബോധാവസ്ഥയിലായിരിക്കും കാണപ്പെടുക. ചിലപ്പോൾ കറുത്ത തടിപ്പുകളും കാണാവുന്നതാണ്. ഈ തടിപ്പുകൾ പ്രത്യക്ഷപ്പെടുന്നതിന്നുമുമ്പുതന്നെ ചിലർക്ക് മരണം വരെ സംഭവിക്കാവുന്നതാണ്. തടിപ്പുകൾ നെഞ്ചിൽ നിന്നാണ് ആരംഭം. പിന്നീട് മറ്റു ശരീരഭാഗങ്ങളിലേക്കും വ്യാപിക്കുന്നതാണ്. സാധാരണ ഗതിയിൽ ഒരാഴ്ചയോ പത്തുദിവസത്തിന്നുള്ളിലോ രോഗത്തിന്ന് ശമനം ഉണ്ടാവുന്നതാണ്. രോഗം പിടിപെട്ടാൽ രോഗിയെ ആൾ സമ്പർക്കമില്ലാത്ത പ്രത്യേക മുറിയിലേയ്ക്ക് ഉടനെ മാറ്റേണ്ടതാണ് മുൻകരുതലായി. ചില ഘട്ടങ്ങളിൽ വൃക്കകളേയും ബാധിക്കുവാൻ സാധ്യതയുള്ളതുകൊണ്ട് വൈഷമ്യങ്ങൾ ഉണ്ടാവുന്നതാണ്. സമയോചിത ഫലപ്രദമായ ചികിത്സ എടുക്കുകയാണെങ്കിൽ രോഗത്തിൽ നിന്ന് മോചനം നേടുവാൻ സാധിക്കും. രോഗത്തെ തിരിച്ചറിഞ്ഞ് ചികിത്സിക്കേണ്ടതുണ്ട്. തെറ്റായ രോഗനിർണ്ണയത്തിൽ പെട്ടു ചികിത്സിച്ചാൽ രോഗം വൈഷമ്യാവസ്ഥയിലേക്ക് പ്രവേശിക്കും. ഈ രോഗത്തിന് വളരെ ഫലപ്രദമായ പ്രതിരോധ മരുന്നുകൾ ഹോമിയോപതിയിലുണ്ട്.



# കൃത്രിമമായി പഴുപ്പിച്ചെടുക്കുന്ന പഴങ്ങൾ

**ഗോപിനാഥ മേനോൻ ചെറുവട്ടത്ത്**
9446024238

ഒരുദിവസം ഒരാപ്പിൾ, എന്നാൽ ഡോക്ടറെ കാണേണ്ട ആവശ്യമില്ല. പ്രസിദ്ധമായ പഴം ചൊല്ലാണ്. എന്നാൽ എല്ലാ കാലത്തും ലഭിക്കുന്ന വാഴപ്പഴമോ അല്ലെങ്കിൽ മാമ്പഴമോ ദിവസം ഓരോന്ന് കഴിക്കുമ്പോൾ ശ്രദ്ധിക്കേണ്ടതുണ്ട്. ആരോഗ്യകരമായ ആഹാരത്തിന്റ കൂടെ അനുബന്ധമായി നാം ഭക്ഷിക്കുന്ന മാമ്പഴം, വാഴപ്പഴം, പപ്പായ, പൈനാപ്പിൾ ഇവയൊക്കെ പഴുത്ത് പാകമാവുമ്പോൾ ആകർഷകവും മോഹിപ്പിക്കുന്നതുമാണ്. വലിയൊരു അപകടം പതിയിരിക്കുന്നത് നമ്മൾ പലരും അറിയുന്നതേയില്ല. എന്തും ചെയ്യാൻ മടിയില്ലാത്ത കച്ചവടക്കണ്ണുകൾ നോട്ടമിടുന്നത് പെട്ടെന്നുള്ള അമിതലാഭത്തിലാണ്. പ്രകൃതിദത്തമായി മുത്തു പഴുത്തു കിട്ടുന്നത് വരെ കാത്തിരിക്കാൻ ക്ഷമയില്ലാതെ ഹാനികരമായ കെമിക്കലുകൾ ഉപയോഗിച്ച് കൃത്രിമമായി പഴുപ്പിക്കുന്നു.

വളരെ സാധാരണമായി ഉപയോഗത്തിലുള്ളത് കാൽസിയം കാർബൈഡ് എന്ന വസ്തുവാണ്. ലോഹത്തിന്റെ വെൽഡിങ്ങിന് വേണ്ടി ഉപയോഗിക്കുന്ന ഈ രാസപദാർത്ഥം വളരെ വിലക്കുറവുള്ളതായത് കൊണ്ട് തീരെ വിവേചനമില്ലാതെ തന്നെ ഉപയോഗിക്കപ്പെടുന്നു. കാൽസിയം കാർബൈഡ് വെള്ളമോ ഈർപ്പമോ തട്ടിയാൽ അസിറ്റിലിൻ എന്ന ഗ്യാസ് ഉണ്ടാവും. സ്വതവേ പഴങ്ങൾ സ്വയം ഉണ്ടാക്കുന്ന എത്തിലിൻ എന്ന പദാർത്ഥമാണ് കാലാകാലങ്ങളിൽ പഴങ്ങളെ സ്വാഭാവികമായി പഴുക്കാൻ സഹായിക്കുന്നത്. ആസിറ്റിലിനും എതിലിനും അവയുടെ കെമിക്കൽ ഘടനയിൽ സാമ്യമുള്ളതിനാൽ, സ്വാഭാവികമായി എത്തിലിന്റെ പഴുപ്പിക്കാനുള്ള കഴിവിനെ അസിറ്റിലിൻ സമർത്ഥമായി അനുകരിച്ച് ചുരുങ്ങിയ സമയത്തിൽ പഴങ്ങളെ പഴുപ്പിക്കുന്നു എന്നതാണ് ചുരുക്കത്തിൽ ഇതിന്റെ കെമിസ്ട്രി.

പലപ്പോഴും പഴങ്ങളുടെ തൊലി മാത്രം പഴുത്ത പോലെ കാണപ്പെടുകയും അകം പച്ചയായിരിക്കയും ചെയ്യുന്നു. അപ്പോൾ അകവും കൂടെ പഴുപ്പിക്കാൻ കൂടുതൽ അളവ് കാൽസിയം കാർബൈഡ് ഉപയോഗിക്കേണ്ടി വരുന്നു. എന്നാലും ഒരു ലോറി മാമ്പഴം പഴുപ്പിക്കാൻ രണ്ടോ മൂന്നോ കിലോഗ്രാം കാർബൈഡ് ലോഡിന്റെ ഏറ്റവും താഴെ വിതറിയിട്ടാൽ മതി. പാകമാവാത്ത മാങ്ങ അല്ലെങ്കിൽ മറ്റേതെങ്കിലും പഴം ലക്ഷ്യസ്ഥാനത്ത് എത്തുമ്പോഴേക്കും പഴുത്തിരിക്കും.

മാർക്കറ്റിൽ കിട്ടുന്ന കാൽസിയം കാർബൈഡിൽ ആർസെനിക്, ഫോസ്ഫറസ് എന്നീ ആപൽക്കരമായ രാസപദാർത്ഥങ്ങൾ അടങ്ങിയിരിക്കുന്നത് കൊണ്ടാണ് ആരോഗ്യത്തിന് ഹാനികരമാണെന്ന് പറയുന്നത്. ഇവ അകത്തുചെന്നാൽ ഛർദി വയറ്റിളക്കം, നെഞ്ചെരിച്ചിൽ, ദാഹം, തളർച്ച, വിഴുങ്ങുവാൻ പ്രയാസം, ശ്വാസത്തിന് വെളുത്തുള്ളിയുടെ ഗന്ധം ഇവയുണ്ടാവും. ശ്രദ്ധിച്ചില്ലെങ്കിൽ മരണം വരെ സംഭവിക്കാം.

എങ്ങനെ പഴം കൃത്രിമമായി പഴുപ്പിച്ചതാണ് എന്ന് കണ്ടു പിടിക്കാം ? നിർഭാഗ്യവശാൽ ചെറിയ ചെറിയ അടയാളങ്ങൾ മാത്രമേ അതിന് സഹായകമായിട്ടുള്ളു. മാമ്പഴത്തിന്റെ തൊലിയിലുള്ള കറുത്ത പാടുകൾ, കട്ടി തോന്നിക്കുന്ന തൊലി, പുറത്തു ഒരേപോലെയുള്ള നിറവും അകത്ത് പച്ചനിറവും, വാഴപ്പഴമാണെങ്കിൽ തോല് നല്ല സ്വർണ്ണനിറവും അകത്തെ പഴം പച്ചയുമാവും. ലാബറട്ടറിയിൽ സങ്കീർണ്ണമായ ടെസ്റ്റുകൾക്ക് വിധേയമാക്കിയാൽ മാത്രമേ ശരിക്കും എത്ര അളവ് ഒരു പഴത്തിൽ ഉണ്ടായിരുന്നു എന്ന് കൃത്യമായി അറിയാൻ കഴിയൂ. മിക്കവാറും ലോകത്തിലെ എല്ലാ രാജ്യങ്ങളിലും കാൽസിയം കാർബൈഡ് ഉപയോഗിച്ച് പഴങ്ങൾ പഴുപ്പിക്കുന്നത് നിരോധിച്ചിട്ടുണ്ട്. ●



**മുഹമ്മദ് കനി**
**8157874953**



# മൊട്ടക്രോപ്പ്

**സം**ഭവം നടക്കുന്നത് അര നൂറ്റാണ്ടിനുമുമ്പ്. മുള്ളൻ പന്നിയുടെ മുള്ളുകൾ പോലെ എത്ര ചീകിയാലും അനുസരിയ്ക്കാത്ത രോമങ്ങൾ എന്റെ തലയിൽ ഫിറ്റു ചെയ്തുതന്ന ദൈവ(അല്ലാഹു)ത്തോട് എനിയ്ക്ക് വല്ലാത്ത പകയുണ്ടായിരുന്നു. അത് (രോമങ്ങൾ) മൃദുലതയുള്ളതാക്കിത്തീർക്കുവാൻ എന്റെ സ്നേഹനിധികളായ മാതാപിതാക്കൾ കണ്ടെത്തിയ പോംവഴിയായിരുന്നു തുടർച്ചയായി 'മൊട്ടയടിക്കുക' എന്ന പ്രക്രിയ.

അംഗനവാടികളോ എൽ. കെ. ജി.യോ യു. കെ. ജി.യോ ഒന്നുമില്ലാതിരുന്ന അക്കാലത്ത് എന്നെ ഒന്നാം ക്ലാസ്സിൽ ചേർക്കുന്നതിനുവേണ്ടി വെട്ടുകാട് എൽ. പി. സ്കൂളിലെ ഹെഡ്മാസ്റ്ററും (പേര് ബോസ് മാസ്റ്റർ) ജാനകി ടീച്ചറും ചേർന്ന് എന്റെ വീട്ടിലെത്തി. എന്റെ മാതാപിതാക്കളോട് സംസാരിച്ചതും വള്ളി ട്രൗസർ മാത്രം ധരിച്ചിരുന്ന ഞാൻ അവരെ കൗതുകത്തോടെ നോക്കി നിന്നതുമെല്ലാം എന്റെ മനസ്സിന്റെ ഓർമ്മച്ചെപ്പിലെ ധാരാളം മുത്തുകളോടൊപ്പം ഒരു മുത്തായി ഇപ്പോഴും സൂക്ഷിച്ചുവച്ചിട്ടുണ്ട്.

രോമങ്ങൾ ഒരുവിധം വളർന്നുവരുന്നതുവരെ മറ്റു കുട്ടികൾ എന്റെ തലയാകുന്ന ക്യാൻവാസിൽ ചോക്കുകൊണ്ട് ചിത്രരചനകൾ നടത്താറുണ്ടായിരുന്നു. അടക്കാനാവാത്ത സങ്കടവും ദേഷ്യവും കണ്ണുനീരൊഴുക്കിക്കൊണ്ട് അവസാനിപ്പിക്കാറാണ് പതിവ്. എല്ലാ ആൺകുട്ടികളും ക്രോപ്പ് ചെയ്ത തലയുമായി സ്കൂളിലേക്ക് പോകുമ്പോൾ ഞാൻ മാത്രം മുണ്ഡനം ചെയ്ത തലയുമായി പോകേണ്ടിവരുന്നതിൽ എനിയ്ക്ക് അവരോടെല്ലാം അസൂയയും എന്റെ പ്രിയപ്പെട്ടവരോട് വല്ലാത്ത ദേഷ്യവും തോന്നുമായിരുന്നു. എന്നാലും അവരെപ്പോലെ സ്കൂളിലേയ്ക്കുപോകുന്ന ദിവസങ്ങൾ എന്റെ ജീവിതത്തിലുമുണ്ടാവുമെന്ന പ്രതീക്ഷയോടെ മൂന്നാം തരത്തിൽ നിന്നും നാലാം തരത്തിലേയ്ക്ക് പ്രവേശിച്ചു. എന്നാലും തലമുണ്ഡനക്കാര്യത്തിൽ ഒരു മാറ്റവും സംഭവിച്ചില്ല.

അങ്ങിനെ ഒരു വർഷം കൂടി കടന്നുപോയി. ഉപരിപഠനത്തിനുവേണ്ടി മഞ്ഞളൂർ ASB സ്കൂളിൽ അഞ്ചാം തരത്തിൽ ചേർക്കപ്പെട്ട ഞാൻ ഇനി മുതൽ മൊട്ടത്തലയുമായി സ്കൂളിലേക്ക് പോവില്ലായെന്ന് പിടിവാശിയൊന്നും എന്റെ പ്രിയപ്പെട്ടവരുടെ മുന്നിൽ വിലപ്പോയില്ല. ആറാം ക്ലാസ്സുമുതൽ എന്റെ മോന്ന് ക്രോപ്പ് ചെയ്ത തലയുമായി സ്കൂളിലേക്ക് പോകാമെന്ന എന്റെ 'അത്താ' (പിതാവ്) തന്ന ഉറപ്പിന്റെ ആശ്വാസത്തിൽ എന്റെ അദ്ധ്യയന നാളുകൾ തുടർന്നുകൊണ്ടിരുന്നു.

ആറാം തരത്തിലേയ്ക്കുള്ള എന്റെ വിജയവും സംഭവിച്ചു. ഞാൻ ആകാംക്ഷയോടെ കാത്തിരുന്ന സുദിനം വന്നെത്തിയിരിക്കുന്നു. പതിവുപോലെ ഇബ്രായണ്ണൻ എന്നുപേരുള്ള ഒസ്സാൻ (ആധുനിക നാമം ബ്യൂട്ടീഷ്യൻ) തന്റെ ടൂൾസ് ബാഗുമായി ആലത്തൂരിൽ എത്തിച്ചേർന്നത് എന്നെ അത്യധികം സന്തോഷിപ്പിച്ചു.

ഞങ്ങളുടെ കോട്ടടി എന്ന ഗ്രാമത്തിലേക്ക് മുടി മുറിയ്ക്കുന്നതിനുവേണ്ടി ഇബ്രായണ്ണൻ എന്ന ബ്യൂട്ടിഷ്യൻ മാത്രമേ വരാറുള്ളൂ. അദ്ദേഹത്തിന് ഗ്രാമത്തിലെ മിക്ക ആണുങ്ങളുടേയും തലയുടെ രസതന്ത്രം അറിയാവുന്നതുകൊണ്ട് അതനുസരിച്ചുള്ള സേവനം അവർക്ക് നൽകുകയും ചെയ്തു കൊണ്ടിരുന്നു. അദ്ദേഹത്തെ ഈശ്വരൻ (അല്ലാഹു) തിരിച്ചു വിളിച്ചതിനുശേഷം പേൾ എന്ന വിളിപ്പേരുള്ള ഒരാൾ ഇബ്രായണ്ണന്റെ ചുമതലയേറ്റെടുത്ത് നടത്തുമായിരുന്നു. അദ്ദേഹത്തിന്റെ പേരറിയാത്തതുകൊണ്ട് ഞാൻ പേളേട്ടാ എന്ന് വിളിച്ചുവന്നു. രണ്ടുപേരുടേയും പണിയായുധ സഞ്ചി (ടൂൾസ് ബാഗ്)യുടെ സാദൃശ്യവും അതിലെ ആയുധങ്ങളും തമ്മിൽ വ്യത്യാസമൊന്നുമുണ്ടായിരുന്നില്ല. മഞ്ഞ നിറത്തിലുള്ള ഒരു ചെറിയ തുണി സഞ്ചിയാണത്. ഞങ്ങളുടെ ആദ്യകാല ഭാഷയിൽ അതിനെ 'വലച്ചെഞ്ചി'യെന്നാണ് പറഞ്ഞിരുന്നത്. അതിനകത്ത് ഒരു ചെറിയ മുഖം നോക്കുന്ന കണ്ണാടി, ഒരു ചീർപ്പ്, ഒരു കത്തിരി, ഒരു ക്ഷൗരക്കത്തി, കൈ കൊണ്ട് പ്രവർത്തിപ്പിക്കുന്ന ഒരു യന്ത്രക്കത്തിരി പിന്നെ വെള്ളമെടുക്കുന്നതിനുവേണ്ടിയുള്ള ഒരു ചെറിയ കപ്പ് തുടങ്ങിയവ എപ്പോഴുമുണ്ടാവും. ഈ ടൂൾസ് ബാഗില്ലാതെ ഒരിയ്ക്കൽ പോലും രണ്ടു ബ്യൂട്ടീഷ്യന്മാരേയും ഞാൻ കണ്ടിട്ടില്ല.

ഇബ്രായണ്ണനെ കണ്ടമാത്രയിൽ ക്രോപ്പടിക്കാൻ അത്താ തന്ന സമ്മതം ഞാനറിയിച്ചു. അദ്ദേഹം ഒരു ചെറുപുഞ്ചിരിയോടെ തല കുലുക്കിക്കൊണ്ട് സമ്മതിയ്ക്കുകയും ചെയ്തു. എന്റെ സന്തോഷത്തിന്നതിരുണ്ടായിരുന്നില്ല. ഒരുപാട് പ്രതീക്ഷകളോടെ കൃത്യനിർവ്വഹണത്തിന്നായി അദ്ദേഹത്തിന്റെ

മുമ്പിൽ ഞാനിരുന്നു. തന്റെ ജോലി അദ്ദേഹമാരംഭിച്ചു.

എന്റെ തലയിൽ ആദ്യമായി യന്ത്രക്കത്തിരി പ്രയോഗിച്ച ഇബ്രായണ്ണനോടുണ്ടായിരുന്ന എന്റെ വെറുപ്പ് സ്നേഹത്തിനു വഴിമാറി. തലയുടെ ഇരുഭാഗങ്ങളിൽ മാത്രം ഉപയോഗിയ്ക്കേണ്ടുന്ന യന്ത്രക്കത്തിരി തല മുഴുവനുമായി ഉപയോഗിച്ചുതുടങ്ങിയപ്പോൾ എന്റെ എല്ലാ പ്രതീക്ഷകളും അസ്തമിച്ചുതുടങ്ങി. എന്റെ നിരാശയും സങ്കടവും ദേഷ്യവും കണ്ണുനീരായി ഒഴുകിക്കൊണ്ടിരുന്നു. കൃത്യം നടന്നുകഴിഞ്ഞതിനുശേഷം കോപം അടക്കാൻ കഴിയാതിരുന്ന ഞാൻ പ്രതികാരഭാവത്തോടെ അദ്ദേഹത്തെ തുറിച്ചുനോക്കുമ്പോൾ അയാൾ സഹതാപത്തോടെ എന്നെ നോക്കി പുഞ്ചിരിക്കുന്നു. അപ്പോഴേയ്ക്കും എന്റെ അത്താ (പിതാവ്) അരികിലെത്തി എന്നെ സ്നേഹത്തോടെ ആശ്വസിപ്പിച്ചു കൊണ്ട് ഇങ്ങിനെ പറഞ്ഞു, “എന്റെ മോൻ ഒരുവർഷം കൂടി ഇങ്ങനെ ‘മൊട്ടക്രോപ്പ്’ ചെയ്യണം. ഏഴാം ക്ലാസ്സു മുതൽ ഫുൾക്രോപ്പ് ചെയ്തു കൊണ്ട് സ്കൂളിലേയ്ക്ക് പോയിത്തുടങ്ങാം.” പിതാവിനോടൊപ്പം എന്റെ പ്രിയമാതാവിന്റേയും സ്നേഹവാത്സല്യം നിറഞ്ഞ ആവശ്യത്തിനുമുമ്പിൽ തല കുനിച്ചു കൊണ്ട് മനസ്സില്ലാമനസ്സോടെ ഞാൻ സമ്മതം മൂളി. അഞ്ചാം തരത്തിലെ അദ്ധ്യയനത്തിനുശേഷം എന്റെ മൊട്ടത്തലയുടെ സൗന്ദര്യം ഞാൻ ആസ്വദിച്ചത് എന്റെ ഓർമ്മ ശരിയാണെങ്കിൽ 2015 ഡിസംബർ 30ാം തിയതി പുണ്യനഗരിയായ മക്കയിലെ ഉംറ വേളയിൽ പള്ളിയ്ക്ക് സമീപമുള്ള ഒരു ആധുനിക പുരുഷസൗന്ദര്യ വർദ്ധക സ്ഥാപന (ബാർബർ ഷോപ്പ്)ത്തിലെ കണ്ണാടിയിലൂടെയായിരുന്നു.

●

■ കവിത

# പാലക്കാടൻ കാറ്റ്
## (വൃശ്ചികക്കാറ്റ്)

ബാലചന്ദ്രൻ പള്ളിപ്പുറം
9539032723

ഹൂംംം’കാരധ്വനിയുമായ് ധൂളിയും പേറി
പാലക്കാട്ടുചുരം താണ്ടി വന്നീടുമൊരു
വൃശ്ചികകാറ്റിൻ ഉറഞ്ഞുതുള്ളീടലിൽ
വെളിച്ചപ്പെടലിൽ നടുങ്ങയായ് നാട്
മൃദുലഭാവം തെല്ലും ഇല്ലാത്തതായീടും
കാരിരുമ്പിൻ കഠിനം കരുത്താർജ്ജിച്ചിടും
മദഗജം പോൽ കൊമ്പുകൾ കുലുക്കിവരുമ്പോൾ
ഘോരമാം കാറ്റിൻ വന്യശൗര്യത്തിൽ പതുമെല്ലാം
പോർവിളികളോടെ അടർക്കളം അണഞ്ഞിടും
കാറ്റിൻ വന്യതാഡനങ്ങൾ മുഴുവനുമേറ്റ്
താളം മറന്നീടും നില തെറ്റും നർത്തകർ പോൽ
ചുറ്റിനും നിന്നങ്ങാടി ഉലയും തരുക്കൾ.
വൈദ്യുതക്കാലുകൾ ഒടിഞ്ഞങ്ങുവീണിടും
ജാലകച്ചില്ലുകൾ പൊട്ടിച്ചിതറീടും
ആർത്തരായ് അശരണരായ് മരങ്ങൾ
കട പുഴകി വീഴും നിരായുധരായ് ചുറ്റിലും
സംഹാരരുദ്രനാം അനിലൻ എങ്ങും
ആസുരഭാവം പൂണ്ട് അലറിനടപ്പായ്
സ്വപ്നങ്ങളിൽ മാളിക തീർക്കുവോർക്കത്
കരിയിലകൾ പോലാകും പാലക്കാടൻ കാറ്റിൽ
വീണ്ടുമൊരു സ്വപ്നപ്പിറവി നേടീടാൻ
ഉൾക്കരുത്തോടെ ഒരുങ്ങീടേണമിനി
ഊർജ്ജം ഒതുങ്ങി ഇളം തെന്നലാകാൻ
വൃശ്ചികക്കാറ്റിനും ഇനി നാളേറെ വേണമോ ?



■ കവിത

# മണ്ണാകും എന്നെയിനി മണ്ണാക്കിടൂ...


**അജയ് ബാലചന്ദ്രൻ**
9895659050

കൺ തുറന്ന് അച്ഛനെ കാണേണ്ട നേരത്ത്
കണ്ണടച്ചു ഞാൻ ജപിച്ച ദൈവങ്ങളേ,
കൺതുറന്നൊന്നു ഞാൻ നോക്കിയനേരത്ത്
നിങ്ങളെവിടെ ഇന്നെൻ അച്ഛനെവിടെ ?

ഇന്നലെകൾ, നല്ലൊരിന്നലെകൾ നിത്യം
നിറം പകർന്നെന്റെ മനസ്സിന്റെ ചെപ്പിലെ
മൂകത മായ്ക്കുമീ ചെമ്മണിമുത്തുകൾ,
മിഴിവേറും സ്വപ്നങ്ങൾ മാത്രമാണോ ?


സുന്ദര സ്വപ്നമേ എന്തിനു വെറുതെയെൻ
വാതിൽക്കൽ വന്നുനിന്നൊളിവീശുന്നു ?
കണ്ണിമ കിളിവാതിൽ തെല്ലൊന്നനങ്ങുന്ന
നേരത്തുദൂരേക്കു മാഞ്ഞിടാനോ ?

പ്രാർത്ഥന കേൾക്കുന്ന കാതുകൾ എങ്ങാനും
ഉണ്ടെങ്കിൽ ഈയൊരു പ്രാർത്ഥന കേട്ടുകൊൾക.
സ്വപ്നങ്ങൾ ഇനിവേണ്ട
സ്വപ്നത്തിൻ വേരാകും ചിന്തകളും വേണ്ട.
നട്ടും നനച്ചും കളകൾ ഓരോന്നൊഴിച്ചും
കളവാൻ ഇനി നേരം ഇല്ലൊട്ടുമേ,
മണ്ണാകും എന്നെയിനി മണ്ണാക്കിടൂ.



■ കഥ

# തളപ്പ്




**ടി. കെ. ഉണ്ണികൃഷ്ണൻ**
**0491 – 2578098**


മണികണ്ഠന് പതിനഞ്ച് വയസ്സുള്ളപ്പോഴാണ് അനിയത്തിയേയും അനിയനേയും ഏൽപ്പിച്ച് ഒന്നിന്നു പിറകെ ഒന്നായി അച്ഛനും അമ്മയും പരലോകത്തേക്ക് പോയത്. കൂലിപ്പണിക്ക് പോയി രാവിലെത്തൊട്ട് വൈകുന്നേരം വരെ പണിയെടുക്കാൻ ഉള്ള ആരോഗ്യം അവനുണ്ടായിരുന്നില്ല. കുട്ടിയിൽത്തന്നെ ചുമതലകൾ തലയിൽ വന്നപ്പോൾ മണികണ്ഠൻ തനിക്കു പറ്റിയ തൊഴിൽ കണ്ടുപിടിച്ചു. തെങ്ങുകയറ്റം അത് അവന് പറ്റുംവിധം ചെയ്താൽ മതിയല്ലോ.

തൊഴിലിന്ന് ഇറങ്ങിയ ആദ്യ ദിവസം ഇന്നും ഓർമ്മയാണ്. രാവിലെ കഞ്ഞികുടി കഴിഞ്ഞ് അനിയനും അനിയത്തിയും സ്കൂളിൽ പോകുമ്പോൾ അവർ ചോദിച്ചു, “ഏട്ടൻ വരുന്നില്ലേ ?” ചോദ്യത്തിനുത്തരം കൊടുത്തു. “നാളെ കഞ്ഞിക്കരിവേണ്ടേ ?” അനിയന് അതിന്റെ അർത്ഥം മനസ്സിലായില്ലെങ്കിൽ അവന്റെ മൂത്ത മാളുവിന് മനസ്സിലായിക്കാണും. അതാണല്ലോ അവൾ അനിയനേയും വിളിച്ചുനടന്നത്.

അവർ പോയപ്പോൾ അവൻ മുണ്ടഴിച്ച് മുറുക്കി ചുറ്റി. തോർത്ത് കുടഞ്ഞ് തലയിൽ കെട്ടി. ഓല മേഞ്ഞ പുരയുടെ ഇറകിൽ തിരുകിവച്ച ചൂടിക്കയറെടുത്ത് തെങ്ങിൽ കയറാൻ പാകത്തിൽ തളപ്പു കെട്ടി. കാൽ നോവാതിരിക്കാൻ അതിൽ ഉണങ്ങിയ വാഴപ്പോള നനച്ചുചുറ്റി. അരയിൽ കെട്ടിയ ചരടിൽ കൊടുവാൾ പിറകിൽ തിരുകി. എന്നിട്ട് ഇടത്തേകൈയ്ക്ക് തളപ്പു കയറ്റി തോളിൽ തൂക്കി. തെങ്ങുകളുള്ള വീടുകളെ ലക്ഷ്യമിട്ട് നടന്നു.

തളപ്പിനെപ്പറ്റി സാഹിത്യകാരന്മാർ എഴുതിയിട്ടുണ്ടോ എന്നറിയില്ല. പക്ഷെ മണികണ്ഠൻ അതിനെപ്പറ്റി ഒരുപാട് കഥകൾ പറയാനുണ്ട്. തെങ്ങിൽ കയറുമ്പോൾ അവന്റെ കാലുകൾക്ക് ശക്തി കൊടുക്കുന്നത് അതാണ്. കാലുകൾ ഉരസി കീഴ്പോട്ട് പോകാതിരിക്കാൻ സഹായിക്കുന്നതും അതാണ്. മുകളിലേക്ക് കുതിക്കാൻ കൈകൾ പൊക്കി അടുത്ത പിടുത്തം പിടിക്കാൻ ബലം കൊടുത്തത് തളപ്പാണ്. ചുരുക്കം പറഞ്ഞാൽ അയാളുടെ ജീവിത സുരക്ഷ തളപ്പിലാണ്. തളപ്പിന്റെ ബലത്തിൽ അവൻ നാട്ടിലെ ഏറ്റവും നല്ല തെങ്ങു കയറ്റക്കാരനായി. യുവാവായി.

കൂടപ്പിറപ്പുകളുടെ വിദ്യാഭ്യാസവും അവരുടെ വിവാഹവും അവരുടെ ഉയർച്ചയും നടക്കുമ്പോൾ അയാളുടെ കാലുകളിൽ തളപ്പ് കൂടുതൽ കൂടുതൽ നേരം കുടുങ്ങിക്കിടന്നു. തെങ്ങുപിടിച്ച കൈകളിലും തെങ്ങിലുരഞ്ഞ മാർവിടത്തിലും തളപ്പിൽ കുടുങ്ങിയ കാലുകളിലും തഴമ്പുകൾ ശരീരത്തിന്റെ ഭംഗി കുറയ്ക്കുമ്പോൾ കൂടപ്പിറപ്പുകളുടെ ജീവിത ഭംഗിയിൽ അയാൾ ആനന്ദിച്ചു. അയാളെ ഒറ്റയ്ക്കാക്കി എല്ലാവരും അവരവരുടെ സുഖം തേടിപ്പോയപ്പോൾ അയാൾ തളപ്പിനെ നോക്കി. അതിനെ ശപിച്ചു. ജീവിതത്തിന്റെ വലിയൊരുഭാഗം തളപ്പിൽ കുടുങ്ങിക്കിടക്കുകയായിരുന്നു എന്ന് അയാൾക്ക് തോന്നി.

അയാൾക്കും ജീവിക്കണം. ഇനി തളപ്പിനുള്ളിൽ കാലുകൾ പിണഞ്ഞുകിടക്കാൻ അനുവദിച്ചുകൂടാ. അന്നുവരെ സ്നേഹിച്ചിരുന്ന തളപ്പിനോട് വെറുപ്പ് തോന്നി. അയാളെ മുന്നോട്ട് പോകാൻ അനുവദിക്കാതെ കാലുകൾ തളച്ച ജീവിതം സ്തംഭിപ്പിച്ച തളപ്പിനെ ഇറയിൽ നിന്നെടുത്ത് അയാൾ തീ കൊടുത്തു. സ്വതന്ത്രമായ ഒരാശ്വാസം കിട്ടിയ അനുഭൂതി തോന്നി.

പുതിയൊരു ജീവിതം വേണം. അതിനൊരു കൂട്ടുവേണം. അയാൾ വിവാഹ ഏജന്റിനെ കണ്ട് അയാൾക്കുവേണ്ടി ഒരു പെണ്ണിനെ തിരയാൻ പറഞ്ഞു. ഒരു വിധവയുടെ ആലോചന വന്നപ്പോൾ നാൽപ്പത്തിയഞ്ച് കഴിഞ്ഞ അയാൾ തടസ്സം കാട്ടിയില്ല. പെട്ടെന്നായിരുന്നു വിവാഹം.

ആദ്യ രാത്രിയിൽ അയാൾ ഭാര്യയോട് ചോദിച്ചു. “നിന്നേക്കാൾ വളരെ വയസ്സുകൂടിയതും സൗന്ദര്യമില്ലാത്തവനും ആയ എന്നെ എന്തുകൊണ്ട് വിവാഹത്തിന് സമ്മതിച്ചു?” വളരെ താഴ്മയോടെയായിരുന്നു മറുപടി. “എനിക്ക് ആറ് വയസ്സുള്ള ഒരു കുട്ടിയുണ്ട്. അവനെ നിങ്ങളുടെ സഹോദരങ്ങളെ വളർത്തി നന്നാക്കിയപോലെ വലിയവനാക്കും എന്ന തോന്നലുകൊണ്ട്.”

അയാൾ അന്താളിച്ചുപോയി. അങ്ങിനെയൊരു കുട്ടിയുടെ കാര്യം ഏജന്റ് പറഞ്ഞിട്ടില്ലായിരുന്നു. മുഖഭാവം മാറിയത് അവൾ കാണാതിരിക്കാൻ വിളക്കുകെടുത്തി. അടുത്ത ദിവസം രാവിലെ അവൾ കട്ടൻചായയുമായി അയാളെ നോക്കിവന്നപ്പോൾ അയാൾ മുറ്റത്തിരുന്ന് തളപ്പുകെട്ടുകയായിരുന്നു. ●



സത്യൻ താന്നിപ്പുഴ
0484 2462084

# കപ്പ കള്ളന്മാർ

**പു**ഷ്കരൻ, പ്രകാശൻ, ജോസ്, മാണി എന്നിവർ സ്കൂൾ വിദ്യാർത്ഥികളാണ്. ഒരു ഒഴിവുദിവസം വൈകുന്നേരം ഇവർ പെരിയാറിന്റെ മണൽ തിട്ടിയിൽ വർത്തമാനം പറഞ്ഞിരുന്നു സമയം ചെലവഴിച്ചു. അങ്ങനെ ഇരുന്നപ്പോൾ പെരിയാറിന്റെ കരയിൽ ഒരു പറമ്പിൽ കപ്പ നില്ക്കുന്നത് കണ്ടു. കപ്പ പറിച്ച് ചുട്ടുതിന്നാൻ അവർ തീരുമാനിച്ചു. നാലുപേരും ഒരുമിച്ച് കപ്പത്തോട്ടത്തിൽ കയറി ഒരു മൂട് കപ്പ പറിച്ച് എടുത്തു കൊണ്ട് മണൽപ്പുറത്തു വന്നു.

പുഷ്കരന്റെ വീട് പെരിയാറിന്റെ തീരത്താണ്. അവൻ വീട്ടിൽ പോയി തീപ്പെട്ടി എടുത്തു കൊണ്ടുവന്നു. പുഴയുടെ തീരത്ത് ഉണങ്ങിക്കിടന്ന കരയില തൂത്തുകൂട്ടി മണലിട്ട് കത്തിച്ച് കപ്പ ചുട്ടെടുത്തു. നാലുപേരും കൂടി കഴിച്ചു. കഴിച്ചുകൊണ്ടിരുന്നപ്പോൾ പ്രകാശൻ പറഞ്ഞു, "കട്ട കപ്പ ചുട്ടുതിന്നു കണ്ടവരാരെങ്കിലുമുണ്ടോ ? ഉണ്ടെങ്കിൽ കാര്യം കുഴപ്പമാകും. കപ്പക്കള്ളന്മാരെന്നപേരു വീഴും." എന്നുപറഞ്ഞ് ചിരിച്ച് അവർ മണലിൽ ഓടിക്കളിച്ചു നടന്നു. നേരം സന്ധ്യയായപ്പോൾ അവരവരുടെ വീടുകളിൽ പോയി.

വീട്ടിൽ ചെന്ന് ഷർട്ട് അഴിച്ചിട്ടപ്പോൾ പുഷ്കരന്റെ പോക്കറ്റിൽ കിടന്ന ചെറിയ പോക്കറ്റ് ഡയറി കണ്ടില്ല. അന്വേഷിച്ചിട്ട് എവിടെ പോയെന്ന് ഒരുപിടിയും കിട്ടിയില്ല. കുറേദിവസം കഴിഞ്ഞ് ഒരു വൈകുന്നേരം അവർ വീണ്ടും ഒത്തുകൂടി. അന്ന് അവരെ ബംഗ്ലാവിലെ തൊമ്മച്ചൻ കണ്ടു. തൊമ്മച്ചൻ പുഷ്കരനെ അടുത്തുവിളിച്ചുചോദിച്ചു, "പുഷ്കരാ നിന്റെ പോക്കറ്റ് ഡയറി എങ്ങനെ കപ്പത്തോട്ടത്തിൽ വന്നു ?"

അന്ന് ചെറിയ ഡയറി പലരും ഉപയോഗിച്ചിരുന്നു. പുഷ്കരൻ നിന്നു പരുങ്ങി. അവൻ പറഞ്ഞു, "ഞാൻ കൈയ്യുണ്ണ്യം പറിക്കാൻ കപ്പത്തോട്ടത്തിൽ എത്തിയ നേരം ഷർട്ടിനുള്ളിൽ നീറുകയറി. നീറിനെ കളയാൻ ഷർട്ടൂരി കുടഞ്ഞനേരം ഡയറി വീണതാകാം."

"കൊള്ളാം. കക്കാൻ പഠിച്ചാൽ പോര, നിക്കാൻ പഠിക്കണം. കുട്ടികൾ സ്കൂളിൽ പോകുന്നത് നല്ല കാര്യങ്ങൾ പഠിക്കാനാണ്. കക്കാനും നുണ പറയാനുമല്ല. മേലിൽ ഇതുപോലെ കപ്പ പറിച്ചാൽ പിടിച്ച് പോലീസിൽ ഏൽപ്പിക്കും." തൊമ്മച്ചൻ പറഞ്ഞു.

പുഷ്കരനും കൂട്ടുകാരും നിന്നു കിലുകിലെ വിറച്ചു. ഏതു ദുർബലനിമിഷത്തിലാണ് കപ്പ് പറിക്കാൻ തോന്നിയത് എന്നോർത്ത് അവർ സങ്കടപ്പെട്ടു. പിന്നീട് ഒരിക്കലും അവർ കളവ് ചെയ്തിട്ടില്ല. കളവു ചെയ്താൽ പിടിക്കപ്പെടും എന്നവർ അനുഭവത്തിൽ നിന്നുപഠിച്ചു. ●

## സൃഷ്ടി പാലക്കാട്

(കലാ-സാഹിത്യ-സാംസ്കാരിക പ്രവർത്തരുടെ കൂട്ടായ്മ)

**സൃഷ്ടി നോവൽ അവാർഡ് – 2017**

പാലക്കാട്ടെ കലാ- സാഹിത്യ-സാംസ്കാരിക പ്രവർത്തകരുടെ കൂട്ടായ്മയായ 'സൃഷ്ടി പാലക്കാട്' നൽകിവരുന്ന നാലാമത് സൃഷ്ടി പുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു. 2015, 16, 17 വർഷങ്ങളിൽ ഒന്നാം പതിപ്പായി പ്രസിദ്ധീകരിച്ച നോവലുകളാണ് പുരസ്കാരത്തിന് പരിഗണിക്കുന്നത്.

5001 രൂപ ക്യാഷ് പ്രൈസും, ഫലകവും അടങ്ങിയ പുരസ്കാരം 2018 ഫെബ്രുവരി മാസം അവസാനവാരത്തിൽ പാലക്കാടു വെച്ചുനടത്തുന്ന ചടങ്ങിൽ സമ്മാനിക്കും. കൃതികൾ മൗലികമായിരിക്കണം. തർജ്ജമകൾ പരിഗണിക്കുന്നതല്ല. ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും.

കൃതികളുടെ 3 കോപ്പി വീതം, രവീന്ദ്രൻ മലയങ്കാവ് (ഫോൺ : 9288114916), കൺവീനർ, പുരസ്കാര നിർണ്ണയ സമിതി, സൃഷ്ടി പാലക്കാട്, പി. ബി. നമ്പർ 20, പാലക്കാട് – 678001 എന്ന വിലാസത്തിൽ 2018 ജനുവരി 15 നകം അയയ്ക്കാവുന്നതാണ്.

■ കഥ



# തകർന്ന സ്വപ്നങ്ങൾ




**അരവിന്ദൻ**
**0494 2682899, 9745935385**


**പ**റഞ്ഞ പോലെ അച്യുതൻ നായർ കാത്തുനിന്നിരുന്നു. കണ്ടതും അയാൾ പറഞ്ഞു, "എല്ലാം അടിച്ചു തൊടച്ചു വെടിപ്പാക്കിയിട്ടുണ്ട്. അര ലിറ്റർ പാലും വാങ്ങിവെച്ചിട്ടുണ്ട്."

ബാക്കി ആവശ്യത്തിനുള്ളതെല്ലാം തലേന്ന് തന്നെ ഒരുക്കിവെച്ചിരുന്നു. എല്ലാറ്റിനും അച്യുതൻ നായർ കൂടെ നിന്നു. വെറും നാലഞ്ചുമാസത്തെ പരിചയമേയുള്ളു അച്യുതൻ നായരുമായിട്ട്. അമ്പല നടക്കലെ അരയാൽ തറയിൽ കാറ്റേറ്റിരിക്കുമ്പോഴാണ് പരിചയത്തിന്റെ തുടക്കം. പിന്നെ അതൊരു സമൃദ്ധമായ ബന്ധമായി മാറി. വൈകുന്നേരം നടക്കാൻ പോവാൻ അയാൾ കൂട്ടായി. കടുത്ത അനുഭവങ്ങൾ പൊള്ളിച്ചപ്പോഴൊക്കെ അയാൾ മനസ്സ് തണുപ്പിച്ചു ആശ്വാസം പകർന്നു.

തലയിട്ടുതല്ലിക്കരയുന്ന കടലുപോലെ വിക്ഷുബ്ധമായിരുന്നു മനസ്സ്. അടിച്ചുകയറിയ ഓർമ്മകളിൽ മനസ്സ് കുടുങ്ങി വിങ്ങി. അച്യുതൻ നായരുടെ ശബ്ദം ചിന്തകൾ ശിഥിലമാക്കി.

"ഇനി ഒട്ടും വൈകിക്കണ്ട. ഓരോന്നാലോചിച്ച് മനസ്സ് പുണ്ണാക്കീട്ട് കാര്യമില്ല. രാഹുകാലത്തിനുമുമ്പ് പാൽ കാച്ചലങ്ങു നടത്ത്വാ."

ശരിയാണ്. തിക്തമായ അനുഭവങ്ങളിൽ മനസ്സ് കെട്ടിയിടരുത്. ഭൂതവും ഭാവിയും ചികഞ്ഞു മാറ്റി, വർത്തമാനത്തിൽ മാത്രം ചിന്തകൾ തളച്ചിടണം. ഓട്ടോയിൽ തന്നെ ഇരിക്കുകയായിരുന്ന ഭാര്യയെ കൈപിടിച്ചിറക്കിക്കൊണ്ടയാൾ പറഞ്ഞു, "നീ അകത്തേക്കു ചെല്ലൂ, സാമാനങ്ങൾ ഞങ്ങൾ എത്തിക്കാം."

ആടിയാടി മുറിയിലേക്ക് നടക്കുന്ന ഭാര്യയെ നോക്കിനിൽക്കുമ്പോൾ അയാൾക്കുതോന്നി. ഭാര്യക്ക് വയ്യാതായി, വയസ്സായി. കാൽമുട്ടിന് തേച്ചിലാണെന്ന് ഡോക്ടർ പറയുന്നു. കഫക്കെട്ടും ആസ്തമയും എന്നുമുണ്ട്. പാവം. പ്രായം കൂടിയ കാലത്ത് മരുങ്ങുപോലെ കഴിയാൻ യോഗല്യ.

നൂതൻ സ്റ്റൗവ്വിന്റെ പുറത്തുവെച്ച പാൽ തിളക്കുന്നതും നോക്കി നില്ക്കുമ്പോൾ അച്യുതൻ നായർ പറഞ്ഞു, "ന്ന്പ്പോ വെക്കാനൊന്നും നിക്കണ്ട. പ്രാതൽ ഞാൻ കൊണ്ടുവന്നിട്ടുണ്ട്. ഉച്ചയൂൺ എന്റെ വീട്ടിൽ നിന്നാവാം."

"അതൊന്നും വേണ്ട. എന്ത്യാച്ചിട്ടാ നിങ്ങളെ ഉപദ്രവിക്ക്യാ."

"എന്താ ഈ മേനോൻ പറയണ് ? ഇതൊക്കെ മനുഷ്യൻ തമ്മിൽത്തമ്മിൽ ചെയ്യേണ്ടതല്ലേ ?"

"കഴിഞ്ഞ ജന്മത്തിൽ നിങ്ങളെന്റെ അനിയനായിരിക്കും. തീർച്ച..."

തിളച്ചുമറിഞ്ഞ പാൽ വാങ്ങിവെച്ച് എല്ലാവർക്കും കൊടുക്കാനായി പകരുമ്പോൾ, എന്നോ നടന്ന തന്റെ വീടിന്റെ പാൽകാച്ചൽ കർമ്മം ഓർമ്മയിൽ തെളിഞ്ഞു. എന്തുതിരക്കായിരുന്നു ! ഓഫീസിലെ എല്ലാവരേയും ക്ഷണിച്ചിരുന്നു. ബന്ധുമിത്രാദികളെ മുഴുവൻ ചെന്നുകണ്ടുവിളിച്ചിരുന്നു. കെങ്കേമമായ സദ്യ ഒരുക്കിയിരുന്നു. വന്നവർ വന്നവർ സമ്മാനങ്ങൾ നൽകി. സമ്മാനങ്ങൾ ഒരുമുറിയിൽ ഭദ്രമായിവെക്കാൻ ഭാര്യയെ ഏല്പ്പിച്ചിരുന്നു.

ഓഫീസിൽ നിന്നെടുത്ത ലോണും പി. എഫ്. പിൻവലിക്കലും അതുവരെ ഇറുക്കി സമ്പാദിച്ചതും എല്ലാം കൂടെയാണ് വീടുയർന്നത്. ചെറിയ ഒതുങ്ങിയ വീട്. ജോലി കിട്ടിയ ദിനം തൊട്ട് വാടകക്കായിരുന്നു താമസിച്ചിരുന്നത്. മടുത്തിരുന്നു. തറവാട്ടുസ്വത്തിന്റെ പങ്കുവാങ്ങാൻ മെനക്കെട്ടില്ല. തറവാട്, പെങ്ങന്മാർക്ക് തീറു കൊടുത്തു. പെങ്ങന്മാർക്കും ജോലിയില്ലാതെ തലങ്ങും വിലങ്ങും നടക്കുന്ന അളിയൻമാർക്കും തല ചായ്ക്കാനൊരിടം വേണമല്ലോ. തനിക്ക് ജോലിയുണ്ടല്ലോ എന്നായിരുന്നു ആശ്വാസം.

വീടുവെച്ചപ്പോൾ എന്തൊക്കെയോ നേടിയെടുത്ത സന്തോഷമായിരുന്നു. ഓഫീസുവിട്ടുവന്നാൽ വീടും പരിസരവും വൃത്തിയാക്കും. നട്ടുപിടിപ്പിച്ച ചെടികൾ നനക്കും. വളമിടും ചെടികളിൽ വിവിധതരം പൂവുകൾ നൃത്തം വെക്കുന്നത് നോക്കിനിൽക്കും. പൂവറുക്കാൻ പാത്തും പതുങ്ങിയും വരുന്ന വികൃതിക്കുട്ടികളെ വിരട്ടിയോടിക്കും.

എത്ര സുന്ദരമായിരുന്നു ആ ദിവസങ്ങൾ ! വാടകവീട്ടിൽ തന്നെ ശരണം പ്രാപിക്കാനാണ്

യോഗം. സമാധാനിക്കാൻ ശ്രമിക്കുമ്പോഴെല്ലാം ഭാര്യ കുറ്റപ്പെടുത്തും, “മോന്റെ മയറ്റൽ കേട്ട് തുള്ളിയ നിങ്ങൾക്കിതുവേണം. ഞാൻ പഠിപ്പില്ലാത്തോളല്ലേ ? ഞാൻ പറയുന്നത് അനുസരിച്ചാൽ കുറച്ചിലല്ലേ ?”

“പറ്റാനുള്ളതെല്ലാം പറ്റിപ്പോയില്ലേ ? ഇനിയത് തിരുത്താനാവ്വോ ?” കലി തുള്ളുന്ന ഭാര്യയെ തണുപ്പിക്കാൻ നോക്കും. അപ്പോഴൊക്കെ അവൾ കൂടുതൽ വാശിയോടെ പൊരുതും. വായിട്ടടിച്ച് തളർന്നാൽ അവൾ ഈറനായ കണ്ണുകളൊപ്പും. നാമം ചൊല്ലി കൊണ്ട് വീട്ടുപണികൾ ചെയ്തു കൊണ്ടിരിക്കും.

എത്ര പെട്ടെന്നാണ് മകൻ തന്നെ വളച്ചൊടിച്ചത്? എല്ലാം ഒരു തന്ത്രമായിരുന്നെന്ന് ഇപ്പോൾ മനസ്സിലാക്കുന്നു. അതുകൊണ്ടിനി ഒരു പ്രയോജനവുമില്ലല്ലോ എന്നയാൾ ദുഃഖത്തോടെ ഓർത്തു.

മകൻ, ഓഫീസ് വിട്ടു വരുമ്പോൾ കഴിക്കാനെന്തെങ്കിലും കൊണ്ടുവരാൻ തുടങ്ങിയത് അവിചാരിതമായാണ്. ലഡു, മിക്സ്ചർ, മുറുക്ക്, ഈത്തപ്പഴം, ആറാംനമ്പർ, ആപ്പിൾ, പഴം... മാത്രമല്ല വസ്ത്രം മാറ്റുന്നതിനുമുന്ന് തന്റെ തൊട്ടടുത്ത് വന്നിരിക്കും. വിശേഷങ്ങളാരായും. ഓഫീസിൽ നടന്ന ചില രസകരമായ സംഭവങ്ങൾ വിവരിക്കും. ഡ്രസ് മാറാൻ അകത്തേക്ക് പോകുമ്പോൾ പ്രത്യേകം അനുവാദം ചോദിക്കും, “അച്ഛാ, ഞാൻ ഇപ്പോൾ വരാം. ഇതൊക്കെയൊന്ന് മാറ്റിയിടട്ടെ...?”

അത്ഭുതം തോന്നാറുണ്ട്. മകന്റെ ഭാവമാറ്റത്തിന്റെ കാരണമെന്തെന്ന് പിടികിട്ടിയില്ല. എന്തായാലും നല്ലതുതന്നെ. ഭഗവാൻ നല്ല ബുദ്ധി തോന്നിച്ചല്ലോ എന്ന് സമാധാനിച്ചു. മകന്റെ വരവും കാത്ത് പടിക്കലേക്ക് കണ്ണും നട്ട് പൂമുഖത്തിരിക്കുമ്പോൾ പലപ്പോഴും ഭാര്യ ചോദിക്കാറുണ്ട്, “ എന്താ ഈയിടെ മോന് സ്നേഹം കുറച്ച് കൂടുതലാണല്ലോ ? എന്തെങ്കിലും വല വിരിക്കാനുള്ള ഒരുക്കമാവും.” ഭാര്യ പറയുന്നത് ശരിയാവല്ലേ എന്നുമാത്രം പ്രാർത്ഥിച്ചു. ആറ്റുനോറ്റുണ്ടായ ഒരേയൊരു കുട്ടി. ആവശ്യപ്പെട്ടതെല്ലാം നൽകി. ഇഷ്ടഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം, കായിക കലാപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കാൻ പ്രത്യേക ട്യൂഷൻ. റാങ്കോടെ കോളേജ് വിട്ട മകനെ തേടി പല കമ്പനിക്കാരുമെത്തി. അവസാനം ആവശ്യപ്പെട്ട വേതനവും ആനുകൂല്യങ്ങളും കൊടുത്ത് ഒരു വിദേശ ബാങ്ക് മകനെ കൈക്കലാക്കി. ജോലിയിൽ ചേരാൻ പോയ ആദ്യ ദിവസം മകൻ കുളിച്ച് ഈറൻ മുണ്ടോടെ ശ്രീ ഭഗവതിക്കൂട്ടിനുമുന്നിൽ തൊഴുതു നിന്ന് പ്രാർത്ഥിച്ചു. അച്ഛന്റേയും അമ്മയുടേയും കാൽക്കൽ സാഷ്ടാംഗം നമസ്ക്കരിച്ചനുഗ്രഹം വാങ്ങി.

ജീവിതത്തിലൊരിക്കലും മറക്കാനാവാത്ത ആദ്യദിനം അയവിറക്കിക്കൊണ്ടിരിക്കും. അപ്പോഴൊക്കെ ദൈവത്തോട് പ്രാർത്ഥിക്കും, “ന്റെ മോനെ നേർവഴിക്ക് തെളിക്കണേ” പക്ഷെ... പത്രാസുള്ള ജോലിയും ധൂർത്തടിക്കാനുള്ള പണവും കൈയിൽ വന്നപ്പോൾ, വീട്ടിൽ അച്ഛനുമമ്മയുമൊത്ത് സമയം ചിലവഴിക്കുക അവനു പ്രയാസമായി. ഓഫീസ് വിട്ടാൽ ക്ലബ്ബ്. അവിടെ മദ്യലഹരിയിൽ ആണും പെണ്ണും വ്യത്യാസമില്ലാത്ത അഴിഞ്ഞാട്ടം. രാത്രി പുലരിയിൽ ലയിക്കുമ്പോഴായിരിക്കും വീട്ടിൽ എത്തുക. ഉറക്കമൊഴിച്ച് മകന്റെ വരവും കാത്തിരുന്ന അച്ഛനേയും അമ്മയേയും ഗൗനിക്കാതെ, ധരിച്ച വസ്ത്രങ്ങൾ പോലും അഴിച്ചുവെക്കാതെ മകൻ കട്ടിലിൽ വീഴും. ഉപദേശിച്ചുനോക്കി, ശാസിച്ചുനോക്കി, നാട് മുഴുവൻ നടന്നുപ്രാർത്ഥിച്ചു, വഴിപാടുകൾ കഴിച്ചു, മന്ത്രവാദിയെ കണ്ട് ഏലസ്സുണ്ടാക്കി കെട്ടിച്ചുനോക്കി, ഒന്നും ഫലിച്ചില്ല. മാത്രമല്ല, ഒരറിയിപ്പുമില്ലാതെ ഓഫീസിലെ പച്ചപ്പരിഷ്ക്കാരിയായ ഒരു ചട്ടക്കാരിയേയും കൊണ്ടവൻ വീട്ടിൽ വന്നുദ്ഘോഷിച്ചു, “എന്റെ വിവാഹം നടന്നു.”

ഇടിവെട്ടേറ്റ പോലെ അവനേയും ആ പെൺകുട്ടിയേയും തുറിച്ചുനോക്കിനിന്നു. ഭാര്യ വിലപിക്കുന്നതുകേട്ടു, “നിനക്കൊരു വാക്ക് പറയായിരുന്നില്ലേ കുട്ട്യേ...?”

ഭാര്യയെ ഉപദേശിച്ചു, “അടക്കയാണെങ്കിൽ മടിയിൽ വെക്കാം. അടക്കാമരം പറ്റോ ? എന്തായാലും നടക്കേണ്ടതെല്ലാം നടന്നു കഴിഞ്ഞു. ഇനി നമ്മൾ ഒച്ചവെച്ചിട്ടു കാര്യണ്ടോ ? “

തിളച്ചുമറിയുന്ന മനസ്സുമായി മക്കളുടെ കൂത്താട്ടവും കണ്ടമ്പരന്നുകഴിയുമ്പോഴാണ് മകനിലെ മാറ്റം. ഭാര്യ തീർത്തുപറഞ്ഞു, “എന്തൊ വലയുണ്ട്. ശ്രദ്ധിക്കണം.” ഭാര്യ പറഞ്ഞതുപോലെ മകൻ ഒരു ദിവസം പഞ്ചപുച്ഛമടക്കി അടുത്തെത്തി. വളരെ ഭവ്യതയോടെ അവൻ പറഞ്ഞൊപ്പിച്ച കാര്യങ്ങൾ പലതവണ ഭാര്യയുമായി ചർച്ച ചെയ്തു.

വീട് വളരെ ചെറിയതാണ്. അവന്റെ നിലക്കും വിലക്കും യോജിച്ചതല്ല. ഓഫീസിലെ പലരും വീട്ടിൽ വന്നെന്നിരിക്കും. സൗകര്യമില്ലാത്ത ഈ കിളിക്കൂട്ടിൽ എങ്ങിനെ അവരെ വിളിച്ചുവരുത്തും? ഓഫീസ് സ്റ്റാഫിന് പലിശയില്ലാത്ത ലോൺ കിട്ടും. അതെടുത്ത് വീട്ടിന്നൊരു നില കൂടെ കെട്ടാം. പഴയ വീടിന്റെ മുഖഛായ മാറ്റി, ആകർഷകമാക്കാം. ആർക്കിട്ടക്ടുമായി സംസാരിച്ചിട്ടുണ്ട്.

“നമുക്കീ വീടുപോരെ താമസിക്കാൻ ? ആശിച്ചു ബുദ്ധിമുട്ടിയുണ്ടാക്കിയതാണ്. വീട്ടിൽ കൂടുതലാളുമില്ലല്ലോ ?”

“വീട്ടിൽ എന്നും ആളില്ലാതിരിക്കില്ലല്ലോ. കുട്ടികളും തിരക്കുമാവുന്നതിനുമുമ്പ് എല്ലാം ചെയ്തുവെക്കുന്നതാണ് ബുദ്ധി.”

ഒരുപാട് ദിവസത്തെ വാഗ്വാദങ്ങൾക്കുശേഷം ചോദിച്ചു, “ഞാൻ എന്താ വേണ്ടത് ? അതങ്ങ് തെളിച്ചുപറയൂ.”

മകൻ പറഞ്ഞു, “ഓഫീസിൽ നിന്ന് ലോൺ എനിക്കല്ലേ കി

ട്ടുകയുള്ളൂ. സ്ഥലവും വീടും എന്റെ പേരിലായാൽ മാത്രമേ ലോൺ തരൂ...”

“അപ്പോൾ ?”

“അച്ഛനൊന്നു കൊണ്ടും പേടിക്കേണ്ട. വീടെന്റെ പേരിലാക്കണം. പിന്നെയെല്ലാം ഞാനേറ്റു.”

ഭാര്യ പലതവണ താക്കീത് ചെയ്തതാ. “വിശ്വസിച്ചുകൂടാ. ഇതെല്ലാം ആ ഭയങ്കരിയുടെ ബുദ്ധ്യാ...”

ഭാര്യയെ സമാധാനിപ്പിച്ചു. “നമുക്ക് വയസ്സായില്ലെ ? ഇനി എത്രകാലമുണ്ടാവും ? വീട് വേണ്ടത് അവർക്കല്ലേ ? അവരുടെ ഇഷ്ടം പോലെ മാറ്റങ്ങൾ വരുത്തിക്കോട്ടെ. വേറെ വീട് വെച്ച് മാറുമെന്നല്ലല്ലോ അവൻ പറഞ്ഞത്. പലിശയില്ലാത്ത ലോൺ കിട്ടുന്നത് ചില്ലറക്കാര്യമാണോ?”

“നിങ്ങളെന്താച്ചാ ചെയ്തോളൂ. പിന്നെ നെഞ്ചത്തടിച്ച് മോങ്ങരുത്.”

പല പല ദ്വന്ദ്വ യുദ്ധങ്ങൾക്കുശേഷം സ്ഥലവും വീടും മകന്റെ പേരിലാക്കി. പറഞ്ഞതുപോലെത്തന്നെ ലോണെടുത്ത് വീട് വലുതാക്കി. മോടി കൂട്ടി. ചിപ്സിട്ട നിലമെല്ലാം പൊളിച്ചുമാറ്റി. പകരം ടൈൽസും ഗ്രാനൈറ്റ്സും പതിച്ചു. വീട്ടി കൊണ്ടുള്ള ഫർണീച്ചറുകൾ അകത്ത് നിറഞ്ഞു. പഴയതെല്ലാം മകൻ ആർക്കൊക്കെയോ കൊടുത്തുകാശാക്കി.

ദിവസങ്ങൾ നീങ്ങുന്തോറും ഒരുതരം നഷ്ടബോധം മനസ്സിനെ മഥിക്കാൻ തുടങ്ങി. സ്വാതന്ത്ര്യക്കുറവ് അനുഭവപ്പെട്ടുതുടങ്ങി. സ്വന്തം വീട് എന്ന് സങ്കല്പിക്കാൻ പോലും കഴിയാത്ത അവസ്ഥ. മകന്റേയും ഭാര്യയുടേയും പെരുമാറ്റം പരുക്കനായി മാറാൻ തുടങ്ങി. എന്തുചെയ്താലും ചെയ്തില്ലെങ്കിലും കുറ്റം. പരിഷ്ക്കാരം പോര, ഇംഗ്ലീഷറിയില്ല, പെരുമാറാനറിയില്ല, വൃത്തിയില്ല, ശുചിത്വബോധമില്ല, ഇരുന്ന് മൂക്കറ്റം തിന്നാനല്ലാതെ ഒരു ഉപകാരവുമില്ല.

ശാസനകൾ പലതായി. ക്രമേണ അടുക്കളയിൽ കയറാൻ പാടില്ലെന്നായി. അവിടെ അടുക്കി വെച്ചതെല്ലാം നശിപ്പിക്കുമത്രേ. പുറത്ത് ഒരടുപ്പുണ്ട്. അതിൽ അളന്നുതന്ന അരിവെച്ച് കഴിക്കാം. അവരെടുത്തുവെച്ച പച്ചക്കറി കൊണ്ടെന്തെങ്കിലും കറിയുണ്ടാക്കാം. അവർ പാകം ചെയ്യുന്നത് അവർക്ക് വേണ്ടി മാത്രം !

കിടപ്പുമുറികളും സ്റ്റോർ മുറിയും ഭദ്രമായി പൂട്ടിയിട്ടു പോകുന്ന മക്കളെ നോക്കി നെടുവീർപ്പിടും. കണ്ടും കേട്ടും അനുഭവിച്ചും മടുത്തു. കുത്തുവാക്കുകൾ കേട്ട് മനസ്സ് തളർന്നു. സഹിക്കാനാകാതെ ഒരുദിവസം മകനോട് നേരിട്ടുചോദിച്ചു, “ഞങ്ങൾ എന്ത് ദ്രോഹമാണ് നിങ്ങൾക്ക് ചെയ്തത്? നിങ്ങൾക്ക് ഞങ്ങൾ ശല്യമാണെന്ന് തോന്നുന്നുവെങ്കിൽ തുറന്നുപറയൂ.”

മകന്റെ ഭാര്യ ഇടയിൽ കയറി, “ഇത്തിക്കണ്ണി പോലെയിരുന്ന് തിന്നുന്നുണ്ടല്ലോ മൂക്കറ്റം. ഒരു നയാപൈസക്ക് ഉപകാരമുണ്ടോ ? കൾച്ചർലെസ് ബ്ലഡി റാസ്ക്കൽസ്.

“ശരിയാണ്. ഞങ്ങൾ കൾച്ചർലെസ്സാണ്. സമ്മതിച്ചു. പക്ഷെ, ആ റാസ്ക്കൽസിന്റെ മകനാണ് നിന്റെ ഭർത്താവ് എന്നുനീ മറക്കരുത്.”

“യൂ ഷട്ടപ്പ്” - അവൾ അട്ടഹസിച്ചു.

മകൻ ഇടപെട്ടു, “ഞങ്ങൾക്ക് ഞങ്ങളുടെ നിലയും വിലയും കളഞ്ഞ് കുളിക്കാതെ സ്വസ്ഥമായി ജീവിക്കണമെന്നുണ്ട്. അച്ഛനും അമ്മയും ഇവിടെ താമസിക്കുന്നിടത്തോളം ഞങ്ങൾക്കതിനാവില്ല.”

മകന്റെ ഭാര്യ പ്രസ്താവിക്കുന്നത് കേട്ടു. “ഇത് ഞങ്ങളുടെ വീടാണ്. ഇവിടെ ഞങ്ങൾ പറയുന്നതനുസരിച്ച് ഒതുങ്ങിക്കഴിയണം.”

കൂരമ്പുപോലെ മനസ്സിലേക്ക് തറച്ചുകയറിയ വാക്കുകൾ കേട്ട് പൊട്ടിക്കരഞ്ഞു. നിയന്ത്രണം വിട്ടൊഴുകിയ പൊട്ടിക്കരച്ചിലിനിടയിൽ പറഞ്ഞൊപ്പിച്ചു, “നീ പേടിക്കേണ്ട. അഭിമാനത്തിന് കോട്ടം തട്ടാതെ നീ ജീവിച്ചോളൂ. ഞങ്ങളുടെ ശല്യം കഴിയുന്നതും വേഗം ഒഴിവാക്കാം.”

അങ്ങിനെയാണ് അച്യുതൻ നായരോട് വിവരങ്ങൾ പറഞ്ഞത്. അയാൾ തരപ്പെടുത്തിയ മുറിയിലിരുന്ന് കാച്ചിയ പാൽ കുടിക്കുമ്പോൾ മകനോട് യാത്ര പറയാതെ പോരേണ്ടിവന്ന സങ്കടമായിരുന്നു മനസ്സിൽ. നേരത്തെ സൂചിപ്പിച്ചുപോലും സിങ്കപ്പൂർ സന്ദർശിക്കാൻ പോയത് കല്പിച്ചുകൂട്ടിയാവണം. പോക്കറ്റിൽ നിന്ന് പെൻഷൻ ബുക്കെടുത്ത് ഭാര്യയെ ഏല്പ്പിക്കുമ്പോൾ മനസ്സ് മന്ത്രിച്ചു, “ഈശ്വരാ അവർക്ക് മാപ്പ് നൽകേണമേ...”


നിങ്ങളുടെ പുസ്തകങ്ങൾ

**ഏറ്റവും കുറഞ്ഞ ചിലവിൽ**

**ഉന്നത നിലവാരത്തിൽ പ്രസിദ്ധീകരിക്കുവാൻ**

**ഏക തത്ത്വ പബ്ലിക്കേഷൻ**

പാലക്കാട് -1

മൊബൈൽ : 9446443321, 9387118131

തവണകളായും പണമടയ്ക്കാം.

**EKA THATHWA**
**POST BOX NO 70**
**PALAKKAD - 678001**

# ജാതിയേ ശരണമല്ലപ്പാ...

അശോപ്പി ചേർത്തല
9388909583

**അ**ലക്സ് തോമസും മുഹമ്മദ് ബഷീറും ഞാനും കൂടിയാണ് ആ തീരുമാനമെടുത്തത്. ഞങ്ങളുടെ തീരുമാനമറിഞ്ഞ നാട്ടുകാരിൽ ചിലർ വിലക്കി. ഉണ്ടാകുന്ന ഭവിഷ്യത്തിനെക്കുറിച്ച് അവർ മുന്നറിയിപ്പ് തന്നു. എന്നെ അടുത്തറിയാവുന്ന ചിലർ വിളിച്ച് ഇതിൽ നിന്ന് പിന്തിരിയണമെന്ന് രഹസ്യമായി നിർബന്ധിച്ചു. പക്ഷേ, ഞങ്ങളുടെ തീരുമാനം ഉറച്ചതായിരുന്നു.

രാവിലെ തന്നെ ഞങ്ങൾ മൂവരും കുളിച്ച് ഈറനായിവന്നു. ഞാൻ കൊണ്ടുവന്ന മാല ഞങ്ങൾ ശരണം വിളിച്ച് കഴുത്തിലണിഞ്ഞു. ദേവീദേവൻമാരോ പുണ്യാളൻമാരോ മറ്റു പ്രവാചകരോ ഞങ്ങളുടെ ശരണം വിളികൾ കേട്ടതായി ഭാവിച്ചില്ല. കാരണം ഞങ്ങളുടെ വിയർപ്പുചാലുകളിൽ ഒഴുകിവന്ന പണം അവർക്ക് എന്നും ആവശ്യമായിരുന്നു.

കറുത്ത മുണ്ടുടുത്ത് തലയിൽ ഇരുമുടിക്കെട്ട് താങ്ങി വഴിയിൽ കണ്ട മൈൽക്കുറ്റിയിൽ തേങ്ങയുടച്ച് ഞങ്ങൾ മൂവരും ഒന്നിച്ചുവിളിച്ചു - ജാതിയേ... ശരണമല്ലയ്യപ്പാ...! -

ഞങ്ങളുടെ ശരണം വിളി കേട്ട് റോഡിലൂടെ നടക്കുന്ന യാത്രക്കാർ മൂക്കത്ത് വിരൽവെച്ചു. എന്താണ് ഇവർ ഇങ്ങനെ ശരണം വിളിക്കുന്നതെന്ന സംശയം അവരുടെ മുഖത്ത് നിഴലിച്ചപ്പോൾ ഞാൻ തന്നെ മുന്നിട്ടിറങ്ങി. "സുഹൃത്തുക്കളേ, നമുക്ക് ജാതിയില്ല. നമ്മുടെയെല്ലാവരുടേയും സിരകളിലോടുന്ന രക്തത്തിന് ഒരേ ഒരു നിറം മാത്രമേയുള്ളൂ. അത് ചുവപ്പാണ്. അത് അപകടത്തിന്റെ നിറമല്ല. അനുരഞ്ജനത്തിന്റെ, ആത്മസമർപ്പണത്തിന്റെ, ആശ്വാസത്തിന്റെ നിറമാണ്." കേട്ടവരിൽ ചിലർക്ക് അതിനോട് അനുകൂല നിലപാടുണ്ടെങ്കിലും ഭയമെന്ന വികാരം അവരെ ഒന്നുമുരിയാടാൻ അനുവദിക്കാതെ നടന്നുമറയാൻ പ്രേരിപ്പിച്ചു.

ഞങ്ങളുടെ മാർഗ്ഗമദ്ധ്യേ കണ്ട ഒരു കാവിലേക്ക് ഞങ്ങൾ കയറി. അത് ഒരു കൊച്ചു കുടുംബ ക്ഷേത്രമാണ്. മുഹമ്മദ് ബഷീർ സംശയത്തോടെ നിന്നു. അലക്സിന് ഒരു സങ്കോചം പോലെ. ഞാൻ അവരുടെ കൈപിടിച്ചു.

"നോക്ക് കൂട്ടുകാരേ, ആ കാണിക്കവഞ്ചി നിറഞ്ഞു കവിഞ്ഞിരിക്കുന്നു. നമ്മളെപ്പോലെ വന്ന തീർത്ഥാടകരുടെയും ഭക്ത ജനങ്ങളുടേയും പണമാണത്. ആരൊക്കെയാണ് ആ ഭണ്ഡാരങ്ങൾ നിറച്ചതെന്ന് ഇവിടുത്തെ ദേവതകൾക്കറിയുമോ ? നാട്ടുകാർക്കറിയാമോ? പോകട്ടെ, ഈ ദേവസ്വം ഭരണസമിതിക്കാർക്കറിയാമോ ?"

ഞങ്ങൾ മൂവരും നെറ്റിയിൽ ചന്ദനം വരച്ചു. അമ്പലത്തിന് വലം വെച്ചു, കാണിക്കയിട്ടു, പൂജാരി ഞങ്ങൾക്ക് തീർത്ഥജലം തന്നു, ഞങ്ങൾ കുടിച്ചു.

ദൂരെ നിന്നുതന്നെ കുരിശ് കാണായി. അലക്സ് പറഞ്ഞു, ഇത് ഏത് പള്ളിയാണെന്നറിയാമോ ? വിശുദ്ധഗീവർഗ്ഗീസിന്റെ തീർത്ഥാടനകേന്ദ്രമാണ്. വെളുത്തച്ഛനെന്നു പറയും. അയ്യപ്പന്റെ പന്തളം രാജകൊട്ടാരത്തിലെ മുന്നണിപ്പോരാളി. ചീരപ്പൻ ചിറയിൽ ആയോധന കളരി പഠിക്കാൻ പോയപ്പോൾ അയ്യപ്പനോടൊപ്പം പോയ സന്തതസഹചാരി. ഇവിടെവന്നാണ് എല്ലാവരും മാലയൂരുന്നത്. ജാതിമതഭേദമെന്യേ നേർച്ചപണം വന്നു വീഴുന്നതുകൊണ്ട് ആർക്കും പ്രവേശിക്കാവുന്ന പുണ്യതീർത്ഥാടനകേന്ദ്രം. ഞങ്ങൾ അമ്പും വില്ലും നേർന്നു. അലക്സ് ശയനപ്രദക്ഷിണം നടത്തി.

നടന്നുനടന്ന് ഞങ്ങൾ എരുമേലിയിൽ എത്തിയപ്പോൾ പേട്ടതുള്ളൽ ആരംഭിച്ചിരുന്നു. അയ്യപ്പന്റെ മറ്റൊരു കൂട്ടുകാരൻ വാവരുടെ പള്ളിയാണ്. ബഷീറേ നമുക്ക് പേട്ട തുള്ളാം. ഞങ്ങൾ മൂവരും പേട്ട തുള്ളി. പള്ളിക്കകം മുഴുവനും ചുറ്റി നടന്നുകണ്ടു. ഞങ്ങളുടെ ശരണം വിളികൾ ആരും തടസ്സപ്പെടുത്തിയില്ല.

ഞങ്ങൾ ഒന്നു വിശ്രമിക്കാനായി വിരിവയ്ക്കുമ്പോൾ പ്രായം കൂടിയ ഒരു കാരണവർ വന്നു കുശലം ചോദിച്ചു. പുതിയ ശരണമന്ത്രത്തിന്റെ തത്വമെന്താണെന്നായിരുന്നു അങ്ങേർക്കറിയേണ്ടത്. ഞാൻ അദ്ദേഹത്തെ അടുത്തുവിളിച്ചിരുത്തി. "കാരണവരേ, താങ്കളേതു ജാതിയാണെന്നോ ഏതു മതസ്ഥനാണെന്നോ എനിക്കറിയില്ല. പക്ഷേ ഒന്നറിയാം, താങ്കൾ ഒരു മനുഷ്യനാണെന്ന് !"

അയാൾ താല്പര്യത്തോടെ ഒന്നിളകിയിരുന്നു. ഞാൻ തുടർന്നു, "ലോകത്ത് രണ്ടു ജാതിയേ ഉള്ളൂ. ആണും പെണ്ണും. അത് എല്ലാ ജീവജാലങ്ങളിലുമുണ്ട്. അത് ദൈവനിശ്ചയമാണ്. പിന്നെ മതങ്ങൾ, അത് മനുഷ്യരുണ്ടാക്കിയതാണ്. അതിൽ ജാതികളും ഉപജാതികളും വർഗ്ഗങ്ങളുമൊക്കെ അവനുണ്ടാക്കി. ഈ സമയത്ത് അലക്സും മുഹമ്മദും ശരണം നീട്ടിവിളിച്ചു. കാരണവരും അതിനൊപ്പം ഏറ്റുവിളിച്ചു. പിന്നെ തിരിഞ്ഞുനോക്കുമ്പോൾ അദ്ദേഹത്തെ അവിടെ കണ്ടില്ല. ജനക്കൂട്ടത്തിലേക്ക് വിലയിച്ചുകാണുമെന്ന് ഞങ്ങൾ കരുതി.

പമ്പാസ്നാനം കഴിഞ്ഞ്

പടിയിറങ്ങുമ്പോൾ നല്ല ക്ഷീണമുണ്ടായിരുന്നു. ബഷീറിനെ എന്തോ ആലോചന അലട്ടുന്നത് ഞാൻ ശ്രദ്ധിച്ചു. അവൻ പറഞ്ഞുതുടങ്ങി. "ഈ പുണ്യനദിയിൽ ആരെല്ലാം കുളിച്ചിരിക്കുന്നു. എല്ലാ മതസ്ഥരേയും കഴുകി ശുദ്ധീകരിക്കുന്ന ഇതൊരു മഹാപുണ്യനദിയല്ലേ?"

അവന്റെ ചോദ്യം എന്നിൽ തറച്ചു. ശരിയാണ്. നട തുറന്നപ്പോൾ എല്ലാവരും ശരണം വിളിയോടെ അയ്യപ്പനെ ദർശിച്ചു. ഞങ്ങൾ പക്ഷേ, ദർശിച്ചത് അവരെയായിരുന്നു. നടതുറന്ന് കർപ്പൂരദീപം നീട്ടിയ യൗവനയുക്തയായ ആ പൂജാരിണിയെ ! തേജോമയമായ അവരുടെ മുഖത്ത് കളിയാടിയ ചൈതന്യം. ദർശനം കഴിഞ്ഞ് ഭക്തർ ഒന്നൊഴിഞ്ഞനേരമാണ് ഞാനവരെ സമീപിച്ചത്.

"ക്ഷേത്രാചാരമര്യാദകൾ ലംഘിച്ച് ഒരു വനിത പൂജാദികർമ്മങ്ങൾ ചെയ്യുന്നത് നിഷിദ്ധമല്ലേ ?" എന്റെ വാക്കുകൾ കേട്ട് അവർ ഒന്ന് പുഞ്ചിരിച്ചു.

"താങ്കൾ പറഞ്ഞത് ശരിയാണ്. ദേവസ്വം ബോർഡുകാരും വിറളിപൂണ്ട ഭക്തജനസഹസ്രങ്ങളും പ്രശ്നങ്ങളുമായി വരുന്നത് ഞാൻ മുന്നിൽ കാണുന്നു. ചാനലുകാരും പത്രക്കാരുമൊക്കെ ഇപ്പോൾ ഇവിടെയെത്തും. ഒരുപക്ഷേ, അറസ്റ്റുമുണ്ടാവും. എന്റെ പ്രിയതമനാണ് ഇവിടുത്തെ പൂജാരി. ഈ വെളുപ്പാൻ കാലത്ത് ഉഷഃ പൂജയ്ക്കുമുൻപ് അദ്ദേഹം തളർന്നുവീണു. പൂജാദികർമ്മങ്ങൾ മുടങ്ങേണ്ടെന്നു കരുതി താന്ത്രിക വിദ്യകൾ ചെറുപ്പം മുതലഭ്യസിച്ച ഞാൻ ഈ അഭ്യാസം നടത്തി. വരാവുന്ന ഏത് ഭവിഷ്യത്തും അനുഭവിക്കാൻ തയ്യാറുമാണ്."

അവരുടെ നിശ്ചയദാർഢ്യത്തിനുമുന്നിൽ ഞങ്ങൾ അടിയറവ് പറഞ്ഞു. അവർ പറഞ്ഞത് ശരിയല്ലേ ? പൂജാരിയെ പ്രസവിച്ചത് ഒരു സ്ത്രീയാണെങ്കിൽ ഒരു സ്ത്രീക്കെന്തുകൊണ്ട് പൂജ ചെയ്തു കൂടാ ? മറ്റ് ശാസ്താക്ഷേത്രങ്ങളിൽ സ്ത്രീകൾക്ക് പ്രവേശനമുണ്ടെങ്കിൽ ഇവിടെ മാത്രം എന്തു കൊണ്ട് ആയിക്കൂടാ? സ്ത്രീകൾ പൂജ ചെയ്യുന്ന മറ്റ് ക്ഷേത്രങ്ങളിലും ഈ ആൺവർഗ്ഗങ്ങൾ ദർശനം നടത്തുന്നില്ലേ ?

ഉത്തരം കിട്ടാത്ത ഇത്തരം നൂറുചോദ്യങ്ങൾക്കുമുന്നിൽ ഞങ്ങൾ പകച്ചിരുന്നു. മതഭ്രാന്തും വർഗ്ഗീയ വാദവും ജാതിചിന്തകളുമൊക്കെ തച്ചുടയ്ക്കേണ്ട കാലം കഴിഞ്ഞിരിക്കുന്നു. അനാചാരങ്ങളും അന്ധവിശ്വാസങ്ങളും പിഴുതെറിയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

പള്ളിമുറ്റത്തെത്തിയ ഞങ്ങൾ വിശുദ്ധന്റെ തിരുസ്വരൂപത്തിൽ വണങ്ങി മാലയൂരി. ആ മൂന്നു മാലകളും ഊരുമ്പോൾ മനസ്സിൽ ഞങ്ങളൊരു കാര്യം നിശ്ചയിച്ചിരുന്നു. ഉത്തരം കിട്ടാത്ത ഇത്തരം സമസ്യകൾക്ക് പൂർണ്ണതയുള്ള ഒരു ശരിയുത്തരം കണ്ടുപിടിച്ചേ മതിയാകൂ – തത്വമസി !

■ കവിത

# അമ്മ അറിയാൻ




**വാസന്തി മോഹൻ**
**9142223960**


അമ്മ തലക്കെട്ടു വായിച്ചു ഞാൻ
വാചാലയായ് കുറച്ചേറെ നേരം
അമ്മയില്ലാത്തതിലും വലുതായ്
ഇല്ലൊരു ദുഃഖമീ ഭൂവിൽ വേറെ
ഉണ്മയാണമ്മതൻ സ്നേഹമെന്നും
വാത്സല്യമമ്മതൻ പര്യായവും
കുട്ടികളെന്നോട് യോജിക്കവെ
പൊട്ടിക്കരഞ്ഞൊരാൾ കണ്ണുപൊത്തി
കുട്ടാ, നിനക്കെന്തുപറ്റി ചൊല്ലൂ
ഇത്ര വിഷമിക്കാനെന്തുകാര്യം
എന്നോടു ചൊല്ലുവാൻ പാടുകില്ലേ
പരിഹാരമേതിനും കണ്ടെത്തിടാം
പഠിക്കാൻ മിടുക്കനാണെന്നാകിലും
ഏടാകൂടത്തിനാണഗ്രഗണ്യൻ
ഏതുവിധവും മെരുക്കവയ്യ
എന്നതവന്റെ വിശേഷണങ്ങൾ
ഇല്ലെന്നമ്മക്കെന്നെത്തീരെയിഷ്ടം
ഇടറുന്ന തൊണ്ടയോടോതി ബാലൻ
വല്ലതും കാരണംകിട്ടീടുകിൽ
തല്ലീടുകിതെന്നാതാണേറെ പ്രിയം
അമ്മമ്മ ചൊല്ലും കൊല്ലാതെയെന്നും
തല്ലിയാൽ നന്നാകില്ലെന്നച്ഛനും
വല്ലാതെ ശിക്ഷിക്കരുത് കുഞ്ഞേ
വാല്യക്കാരി യാചിക്കാറുണ്ടെപ്പോഴും
നിന്റെ നന്മക്കായിട്ടാണ് കുഞ്ഞേ
നിന്റമ്മ നിന്നെ ദ്രോഹിച്ചീടുമോ ?
നീയല്ലാതില്ലൊരു കുഞ്ഞുവേറെ
നീ ധരിച്ചീടുന്നതേയബദ്ധം.
ന്യായീകരണങ്ങളീവിധം ഞാൻ
നല്ലവാക്കുകളുമേറെയോതി
ഇല്ലവൻ യോജിച്ചില്ലെന്നോടൊട്ടും
പല്ലവിപാടി ഇഷ്ടമല്ലേയല്ല.
സാധനങ്ങൾ സുഖസൗകര്യങ്ങൾ
സ്നേഹവാത്സല്യത്തിനൊപ്പമാകാ
സ്നേഹനിഷേധംപോലുണ്ടോ ദുഃഖം
ബാലൻ ചിന്തിപ്പിച്ചു നേരമേറെ
കാലവും കോലവും മാറുകിലും
മൂല്യങ്ങൾ പാടെ മരിക്കുകിലും
അമ്മ മറക്കരുതമ്മയെന്നും
അമ്മയാണെന്നൊരാനഗ്നസത്യം.
നല്ലതു ചൊല്ലിക്കൊടുത്തുകൊണ്ടും.
തെല്ലു ശാസിച്ചുമേറെ സ്നേഹിച്ചും
നല്ല മനുഷ്യനായ് വാർത്തെടുക്കാം
വല്യതായ് തീർന്നില്ലയെന്നാകിലും
സ്നേഹത്യാഗങ്ങളാൽ അമ്മയെന്നും
ശോഭിച്ചീടണമതാം മഹത്വം
മക്കൾ ദുഷിച്ചിടാമെന്നാകിലും
അമ്മ കമാതാവായ് തീർന്നിടൊല്ല.

# അഭിപ്രായങ്ങളും പ്രതികരണങ്ങളും

കഴിഞ്ഞ ലക്കത്തിൽ (ഏക തത്ത്വ പുസ്തകം 7 ലക്കം 10 സ്പതംബർ 2017) പേജ് 28 ശ്രീ. ടി. ജെ. നായരുടെ ലേഖനത്തിൽ തെറ്റായി കൊടുത്തതിനെ തിരുത്തുകയാണ്.

"സത്യം വദഃ, ധർമ്മം ചരഃ" എന്നു കൊടുത്തത് തെറ്റാണ്. ശരിയായ പദങ്ങളാണ് "സത്യം വദ, ധർമ്മ ചര". തലക്കെട്ടിലും അവസാന വരിയിലും വന്നതിനെ തിരുത്തുകയാണ്.

പ്രിയ മുരളി,

മേൽ കൊടുത്തതിനെ അടുത്ത ലക്കത്തിൽ പ്രകാശനം ചെയ്താൽ നന്ന്. സംസ്കൃത വ്യാകരണം കുറച്ചു ബുദ്ധിമുട്ടുള്ളതാണ്. First Person, Second Person, Third Person or Thing എന്നുള്ളതിനും പുറമെ Singular (ഏകവചനം), Dual (ദ്വിവചനം), Plural (ബഹുവചനം) എന്നുള്ളവയ്ക്കുള്ള Verbs (ക്രിയാവചനം) ചിലപ്പോൾ വ്യത്യാസമുള്ളവയാണ് ! (സ്ത്രീ പുരുഷ ഭേദം വേറെ !!). ഉദാഹരണം :

1) അവൻ/അത് പറയട്ടെ എന്നതിനു 'സഃ സത്യം വദതു' ആണ്.

2) അവർ രണ്ടുപേരും അല്ലെങ്കിൽ അതും രണ്ടും പറയട്ടെ എന്നതിന് 'തൗ സത്യം വദതാം'.

3) അവർ എല്ലാവരും അല്ലെങ്കിൽ അതും എല്ലാം പറയട്ടെ എന്നതിന് 'തെ സത്യം വദന്തു'.

4) നീ പറയുക എന്നതിന് 'ത്വം വദ' ആണ്. (ത്വം സത്യം വദ)

5) നിങ്ങൾ രണ്ടുപേരും അല്ലെങ്കിൽ അതുരണ്ടും പറയട്ടെ എന്നതിന് 'യുവാം വദഥാം'.

6) നിങ്ങളെല്ലാവരും അല്ലെങ്കിൽ അതെല്ലാം പറയട്ടെ എന്നതിന് 'യൂയം വദഥ'.

7) ഞാൻ പറയട്ടെ എന്നതിന് 'അഹം വദാമി'.

8) ഞങ്ങൾ രണ്ടുപേരും പറയട്ടെ എന്നതിന് 'ആവാം വദാവഃ'

9) ഞങ്ങൾ എല്ലാവരും പറയട്ടെ എന്നതിന് 'വയം വദാമഃ'.

കുറിപ്പ് :

2ൽ സത്യവും അസത്യവും പറയട്ടെ എന്നതിന് 'സത്യം ച അസത്യം വദതാം'.

എം. എം. മേനോൻ
04912572939

പ്രിയപ്പെട്ട മുരളി,

മുഖമൊഴി അച്ചാ... ബഹുത്ത് അച്ചാ... അസ്ത്രമൊഴിയാത്ത ആവനാഴിയിൽ നിന്ന് കൂർത്ത് മൂർത്ത ശരങ്ങൾ ലക്ഷ്യസ്ഥാനങ്ങളിൽ തറയ്ക്കുന്നുണ്ട്. പക്ഷെ ഫലം നാസ്തി. കണ്ടാമൃഗത്തോലാണ് പലരുടേയും. മുനയൊടിയുകയല്ലാതെ കാര്യമായ പരിക്കൊന്നും ഏശുന്നില്ല.

ഇത് പദയാത്രയുടെ വസന്തകാലം പല രൂപത്തിൽ, പല വർണ്ണത്തിൽ ! കാറിലും ജീപ്പിലും ഇരുന്നുള്ള പദയാത്രകൾ ! കവലകളിൽ ചവച്ച് തുപ്പുന്ന അക്ഷരങ്ങളിലെ ഗട്ടറുകളിൽ ചവിട്ടി ദുർഗന്ധം ശ്വസിച്ച് നിർവൃതികൊള്ളുന്ന പാവം ജനത !!

ഒരു നമ്പൂരി കഥ... ഒരു സമ്മന്ത കഥ. തിരുമേനി യാത്ര ചെയ്യുന്നത് ട്രെയിനിൽ. പക്ഷെ, ഇരിക്കപ്പൊറുതിയില്ല. കൂട്ടിലിട്ട മെരുകിനെ പോലെ അങ്ങോട്ടുമിങ്ങോട്ടു നടത്തമാണ് ! സഹയാത്രികൻ ചോദിച്ചു "തിരുമേനി ! എന്തായിത്? ഒരു ഇരിയ്ക്ക പൊറുതിയില്ലായ്മ?"

"ശുംഭാ... നെനക്ക് അത് മനസ്സിലാവില്യാ ! വണ്ടി ഇറങ്ങീട്ട് നടക്കണം ഒരുനാഴിക സമ്മന്ത വീട്ടിലേയ്ക്ക്. ന്നാപ്പം, അത് വണ്ടീന്ന് തന്നെ അങ്ങട്ട് ആവാന്ന് വെച്ചു... പിന്നെ നടക്കണ്ടല്ലോ !"

അസ്സലായിട്ടോ ആ പ്രയോഗം "അങ്ങോട്ടും ഇങ്ങോട്ടും വാഹനത്തിൽ പദയാത്ര നടത്തിവരികയാണ്." എന്ന് മുഖമൊഴി ! പണ്ട് വടക്കെ മലബാറിൽ ഒരു ജന്മിയുണ്ടായിരുന്നു. കുറുങ്ങാട്ടെ കുറുപ്പ്. അയാളുടെ ഹോബി കൂറകളെ വെടിവെയ്ക്കലായിരുന്നത്രെ !

നമ്മുടെ ഭരണകൂടവും നിയമപാലകരുമൊക്കെ കൂറകളെ വെടിവെയ്ക്കുന്നതിൽ അതീവ തല്പരരാണ്. സിംഹങ്ങളും പുലികളും മീശ വിറപ്പിച്ചുകൊണ്ട് സ്വൈരവിഹാരം നടത്തുന്നു !

ജനിച്ച മണ്ണിൽ അധ്വാനിച്ച് കൂര കെട്ടി സമാധാനത്തോട ജീവിയ്ക്കുന്ന മനുഷ്യരെ ഒരു സുപ്രഭാതത്തിൽ ആർക്കൊക്കെയോ വേണ്ടി 'വികസന'ത്തിന്റെ പേരിൽ ഇടിച്ചുനിരത്തി ചങ്ങലയ്ക്കിട്ട് രസിയ്ക്കുന്ന നീതിയുണ്ടല്ലോ, എന്ത് പേരാണ് അതിനുവിളിയിക്കേണ്ടത്? നഷ്ടപ്പെടുന്നവരുടെ ദുഃഖം നഷ്ടപ്പെടാത്തവർക്ക് അറിയില്ലല്ലോ.

ഒരഭ്യർത്ഥനയുണ്ട്. ഏക തത്ത്വയിലെഴുതുന്ന ചിലരുടെയെങ്കിലും പേന ഇടയ്ക്കൊക്കെ എനിയ്ക്കൊന്ന് കടം തരണം. വിശേഷിച്ചും മുരളി, തെക്കീട്ടിൽ, പ്രമോദ് മഞ്ചേരി, ഇന്ദുജൻ, ഡോ. വിജയകുമാർ... തുടങ്ങിയ പ്രതിഭകളുടെ !

എഴുത്തുകാരി കല എസ്. നായരുടെ നിര്യാണം എന്നെ ദുഃഖിപ്പിയ്ക്കുന്നു. ഒന്നുരണ്ട് പ്രാവശ്യം അവരെന്നെ വിളിച്ചു ദീർഘമായി സംസാരിച്ചിരുന്നു. ഒരു സഹോദരന്റെ സ്ഥാനം പോലും ഔദാര്യപൂർവ്വം അവർ എനിയ്ക്ക് കൽപ്പിച്ചു നൽകി. ആ വലിയ എഴുത്തുകാരിയുടെ ആത്മാവിന് നിത്യശാന്തി നേരട്ടെ !

ഏക തത്ത്വയെ സമ്പന്നമാക്കുന്ന എല്ലാ എഴുത്തുകാരേയും ഞാൻ അഭിവാദ്യം ചെയ്യുന്നു.

സ്നേഹത്തോടെ
മുക്കം ഭാസി
9846138693

## പുന്നാര ഏക തത്ത്വോ...

ഏറെ പിരീശത്തിൽ നിനക്കൊരു കത്തു തരാം ഞാൻ. പോരാ നിനക്കായെൻ ഖല്ബിൻ കതകു തുറന്നു തുറന്നു തരാം ഞാൻ. അന്നെ കാണാഞ്ഞ് ഞമ്മള് ആകെ ബേജാറായീന്ന് ! ന്നാലും ജ്ജ് മൂന്നു മാസം മക്കാറാക്കീലേന്ന് ! ന്റെ ഖല്ബേ, ഞമ്മളെ ചങ്ക് പെടക്കണ കണ്ടീനോ ? ജ്ജ് ബന്നല്ലോ മുത്തേ ഞമ്മള് ബിട്ട്... ഒക്കെ സബൂറാക്കീന്ന്... ഏബ്ട്ന്നാ പ്പൊ തൊടങ്ങണ്ട്യേ ? ഞമ്മളെ വിജയകുമാരൻ മാഷ് സെപ്റ്റംബറില് ഇസ്ലലീമ്മൽ തൊടങ്ങി, അയിന്റടുത്തമാസം മൂപ്പര് ബീടരെ ഭാഷ പഠിപ്പിച്ചുങ്ങാണ്

# ■ കത്തുകൾ

തുമ്പില്ലാണ്ടാക്കീന് നവംബറില് ഒടുക്കത്തെ തെലുങ്കുംകൊണ്ട് ഏറ അങ്ങീക്കണ്ണ് ന്റെ റബ്ബേ "ഏവരയ്യാ ബാബുമീരു ? അലാഗെ സാർ" മൂപ്പരെ വഴി മുമ്പിൽ വി. കെ. എൻ. പൊയബയിക്കാണൂന്ന്... ഒളു വിട്ടോളി മാഷേ വെച്ചു പിടിച്ചോളീ ഞമ്മളുണ്ട്ന്ന്... മുക്കത്തെ ഭാസി മാഷ് ഒരു പൊട്ടിക്കൽ പൊട്ടിച്ചത് ! എമ്മാതിരി ഒന്ന് ! 'അജഗളസ്തനം' ങളൊരു മൊതലാ മാഷെ നാട് നന്നാകാൻ ങളെപ്പോലെ ആൾക്കാർ മേണം ന്ന്... മൂന്നു ലക്കം ഒന്നിച്ചു കിട്ട്യേപ്പോ ആകെ മലക്കം മറഞ്ഞൂന്നു കൂട്ടിക്കോളീ... അരവിന്ദൻ മാഷും ഉണ്ണികൃഷ്ണൻ മാഷും ആർക്കാർക്കാ വമ്പുന്ന്... സൈനുദീൻ മാഷ്, ഞമ്മടെ അജയ്, പിന്നെ ന്റെ ചങ്ങായിനെ പറ്റി ദ്ത്താപ്പൊ പറയേണ്ട്യേ ? ഓൻ കഥേമ്മലേ കുഞ്ഞുണ്ണി മാഷാണ്, മ്മളെ സുരേഷ് തെക്കീട്ടില് അപ്പൊ അതൊരു ബയിക്കായി...

മേനോൻ മാഷ് അങ്ങട് തിരിഞ്ഞാൽ ചീത്ത വിളിക്കും ഇങ്ങട്ട് തിരിഞ്ഞാൽ നന്നായീന്നും പറഞ്ഞാണ്ട് പൊറത്തൊരു തട്ടും തരും മൂപ്പരുടെ മൊഹബത്തോണ്ടാണ്ന്ന് കൂട്ടിക്കോളീ... മാഷ്മാർ അങ്ങന്യാണ്ന്ന്...

പാട്ട് ഞമ്മക്കിഷ്ടാ... സോമനാഥൻ മാഷിന്റെ യയാതി കസറീന്ന്. തുളസി കേരളശ്ശേരി, പിന്നെ ഞമ്മളെ കൊല്ലത്ത് മുരളി മാഷ് ആകെ മലത്തിയടിച്ചാളഞ്ഞ് ഒക്ടോബറില് 'ലയതാളലാളിത്യ മണയാത്തമലയാണ്മയമ്മ' ആവരീല് ങള് പൊളിച്ചിക്കണുമാഷേ... നിപ്പൊ ങളെപ്പറ്റി ദ്ത്താ മിണ്ടണ്ട്യേ? ങളിങ്ങനെത്തന്നെ പോയിക്കോളീ... പത്രാധിപർ പറേണതൊക്കെ പെരുത്ത് ബല്യേ കാര്യങ്ങളാന്ന്...മനിശമ്മാര് കിനാക്കാണ്ന്ന് സംഭവങ്ങള്... ഇതോണ്ടൊക്കെ ദുനിയാവ് നന്നാവ്വോന്ന് ? ഇല്ലെങ്കിൽ ഞമ്മളെന്താക്കാനാണ് ? ഞമ്മക്കിങ്ങന്യൊക്കെത്തന്നെ പോകാനല്ലേ പറ്റൂന്ന്... നീം പെരുത്ത് പറയാന്ണ്ട്... പിന്നാകട്ടെ... ഞമ്മക്ക് പാട്ട് ബരുന്ന്... 'ഏറെ പിരീശത്തിൽ

പ്രമോദ് മഞ്ചേരി
9495607393

Respected Sir,

താങ്കളുടെ നേതൃത്വത്തിലുള്ള ഏക തത്ത്വ മാസിക വളരെ നല്ല നിലവാരം പുലർത്തുന്നു. ഇതിന്റെ ലേ ഔട്ട് ആകർഷണീയമാണ്. മാസികയുടെ കൂടെ ലഭിച്ച 'സമയമില്ലെങ്കിലും വായിക്കണം പ്ലീസ്' ശീർഷകം കൊണ്ടുതന്നെ ഏവരുടേയും ശ്രദ്ധ പിടിച്ചുപറ്റും. നാം ഓരോരുത്തരും ജീവിതത്തിൽ അനുവർത്തിക്കേണ്ട കാര്യങ്ങൾ അതിൽ വളരെ വിശദമായിത്തന്നെ പ്രതിപാദിക്കുന്നു. സമൂഹത്തോടുള്ള താങ്കളുടെ പ്രതിബദ്ധത വളരെ ശ്ലാഘനീയം തന്നെ. എല്ലാവിധ ആശംസകളും നേരുന്നു.

ശ്രീജ ചേളന്നൂർ
9539788165, 7025380817

ഒക്ടോബർ ലക്കം തൃശ്ശൂർ സാഹിത്യ അക്കാദമിയിൽ നിന്ന് കാണാനിടയായി. എനിക്ക് പറയാനുള്ളത്, 'ആരും അറിയാതെ പോവല്ലേ വേദനിക്കുന്നവന്റെ നൊമ്പരം' – ചീഫ് എഡിറ്ററുടെ ആത്മഗതം എഡിറ്റോറിയലിലൂടെ വെളിവാക്കിയത് ഹൃദയസ്പർശമാകും ഏതൊരു വായനക്കാരനും. കാലിക സംഭവങ്ങളെക്കുറിച്ചുള്ള ആത്മവിശ്വാസം എന്ന വീക്ഷണം എം. എം. മേനോൻ അവതരിപ്പിച്ചതും മറ്റ് വിഭവങ്ങളും കൊണ്ട് സജ്ജമാക്കിയ ലക്കം. മാസിക നല്ല പാരായണ സുഖം നൽകുന്നതാണ്. ശ്രീമാൻ മുരളീധരന്റെ മുഖ്യ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിക്കുന്ന, പുതുതലമുറയ്ക്കായ് വിശേഷിച്ച് ഇറക്കിവരുന്ന മാസികയ്ക്ക് എല്ലാവിധ വിജയാശംസകളും നേരുന്നു.

എ. കെ. എ. റഹ്മാൻ,
ചീഫ് എഡിറ്റർ,
ദേയീയോദ്ഗ്രഥനം മാസിക,
കൊടുങ്ങല്ലൂർ. 0480 2807365

മുരളി സാർ,

നവംബർ ലക്കം വായിച്ചു, നന്നായിട്ടുണ്ട്. അനുപമയുടെ കവിത 'അഹങ്കരിക്കരുത്' നല്ല രചന. 'ചിന്ത' എഴുതിയ കവിയോട് ചെറിയൊരു വിയോജനക്കുറിപ്പ്. 'യെൻ' എന്ന പദം ഇല്ല. 'എൻ' എന്ന് ഉപയോഗിക്കണം.

'ചിന്തയാൽ <u>യെൻ</u> മനം', തെറ്റ്.

'തളർന്ന<u>യെൻ</u> ചിത്തമേ', ശരി.

മധുമാഷ് വെഞ്ഞാറമൂട്
9497920181

ഡിയർ മുരളീധരൻ,

ഏക തത്ത്വ മാസിക കൃത്യമായി കിട്ടുന്നുണ്ട്. നല്ല വായനയ്ക്ക് ധാരാളം വിഭവങ്ങളുള്ള, നിലവാരമുള്ള മാസിക ഓരോ ലക്കവും വൈവിധ്യമുള്ള വിഷയങ്ങളാൽ സമ്പന്നം. അഭിനന്ദനങ്ങൾ. കൂടുതൽ ഉയരങ്ങളിലേയ്ക്ക് ഏക തത്ത്വ എത്തിച്ചേരട്ടെ എന്ന് ആശംസിക്കുന്നു. ക്ഷേമാശംസകളോടെ...

ജോസഫ് പൂതക്കുഴി
9846751749

സർ,

പാലക്കാട് തരൂരിൽ വെച്ച് തന്ന ഏക തത്ത്വയുടെ സെപ്റ്റംബർ, ഒക്ടോബർ ലക്കങ്ങൾ വായിച്ചു. ഏറെ ഇഷ്ടമായി. എഡിറ്റോറിയലിന്റെ ശക്തിയും അത് പ്രദാനം ചെയ്യുന്ന വെളിച്ചവും ചിന്തനീയമായ നന്മയും ഏറെ അഭിനന്ദനമർഹിക്കുന്നു.

മനസ്സ് നിറയുന്ന വായനയ്ക്കുള്ള എല്ലാ മേമ്പൊടികളുമുണ്ട് ഓരോ ലക്കത്തിലും. നന്മകൾ നേരുന്നു.

ജിജോ രാജകുമാരി
8086350652

ഏക തത്ത്വ കൈപ്പറ്റി. വർത്തമാനകാലത്തിന്റെ കാപട്യങ്ങളും കളങ്കങ്ങളും വിവിധ ഉദാഹരണങ്ങളിലൂടെ വായനക്കാരനുമുമ്പിൽ നിരത്തുന്ന സത്യസന്ധമായ മുഖമൊഴി മൊഴിമുത്തുകൾ. മുത്തശ്ശിയുടേയും പേരക്കുട്ടിയുടേയും സംഭാഷണത്തിലൂടെ ഒരു ദേശത്തിന്റെ ചരിത്രം ചൂലനൂർ സാർ പറഞ്ഞുതരുന്നു. ലളിതമായ മൂന്ന് കൊച്ചുകഥകളിലൂടെ സുരേഷ്, മുരളീധർ കൊല്ലത്ത്, ലക്ഷ്മിക്കുട്ടി ചെറായ തുടങ്ങി ഏക തത്ത്വയെ വിഭവസമൃദ്ധമാക്കിയ രചയിതാക്കൾക്ക് ആശംസകൾ.

കമർ അഷ്ക്കർ, പാലക്കാട്.
8891551508

ജീവിതത്തിലെ തിരക്കിനിടയിലും ഈ മാസിക വായിക്കുകയും അഭിപ്രായം എഴുതി അറിയിക്കുകയും ചെയ്ത ഏവർക്കും നന്ദി.
**എഡിറ്റർ**

സാർ,

ഏക തത്ത്വ നവംബർ ലക്കം കൈപ്പറ്റി. നന്ദി. പഠക്തികളുടെ ശീർഷകങ്ങൾ വായിച്ചുപോകുമ്പോഴാണ് അറിയിപ്പ് ശ്രദ്ധയിൽ പെട്ടത്. ആദ്യം അത് മുഴുവൻ വായിച്ചു, തപാൽ ഉരുപ്പടികളിൽ പലതും ജീവനക്കാർ അപഹരിക്കുന്നത് സ്ഥിരം പതിവാണ്. പത്രമാസികകൾ, ഗ്രീറ്റിങ് കാർഡുകൾ, എന്നിവ നല്ലതെല്ലാം അപഹരിക്കാം, സംഘടനകളുടെ മീറ്റിങ്ങ് കത്തുകൾ, വിവാഹ ക്ഷണക്കത്തുകൾ എന്നിവ താമസിച്ചേ വിടുകയുള്ളൂ. കല്യാണ തിയതിക്ക് ഒരു മാസം മുമ്പ് അയച്ച ക്ഷണക്കത്ത് പലർക്കും കിട്ടിയില്ല അഥവാ കിട്ടിയതോ കല്യാണം കഴിഞ്ഞ് ഒരാഴ്ച്ചയ്ക്ക് ശേഷം. അഭിപ്രായം മാസിക നടത്തിയിരുന്നപ്പോൾ അതിനെതിരെ ഞാൻ ശക്തമായി പരാതികൾ പോസ്റ്റൽ ഡിപ്പാർട്ടുമെന്റിലെ ഉന്നത അധികാരികൾക്ക് നൽകിയതാണ്. പക്ഷെ ഒരു ഫലവും കണ്ടില്ല. പാലക്കാട് എച്ച്. പി. ഒ. യിൽ കുട്ടികളുടെ കുറച്ച് സ്റ്റിൽ ഫോട്ടോസ് കവറിലിട്ട് അയച്ചിട്ട് 7 കൊല്ലം കഴിഞ്ഞു. ഇതുവരെ എത്തന്നൂരിലുള്ള വിലാസത്തിൽ കിട്ടിയിട്ടില്ല. പരാതിപ്പെട്ടപ്പോൾ ഓർഡിനറി പോസ്റ്റിന് ഗ്യാരണ്ടിയില്ല എന്ന അറിയിപ്പാണ് കിട്ടിയത്.

ജോസ് ചാലക്കൽ
അഭിപ്രായം മാസിക, അയ്യപുരം, പാലക്കാട്.
9020147667

ധന്യാത്മൻ

ഏക തത്ത്വ കിട്ടി, നന്ദി. സന്തോഷം. കവർ പേജ്, ഉള്ളടക്കത്തിലെ വിഭവങ്ങൾ, അച്ചടി, പേപ്പർ എല്ലാം നന്നായിട്ടുണ്ട്. സോമനാഥൻ മാസ്റ്ററുടെ 'യയാതി' മനോഹരമായിരിക്കുന്നു. എനിക്കിഷ്ടപ്പെട്ടു. അഭിനന്ദനങ്ങൾ.

നന്മകൾ നേരുന്നു, സ്നേഹത്തോടെ
സത്യൻ താന്നിപ്പുഴ
0484- 2462084

ആദരണീയ മുരളിസാറിന്,

ഏക തത്ത്വ നവംബർ 2017 ലക്കം, സുരേഷ് തെക്കീട്ടിലിന്റെ മൂന്നു കഥകളും നന്നായി. മംഗളൻ തൈക്കലിന്റെ 'അടങ്ങാത്ത ദാഹം' കവിത നന്നായി. ചെറുപ്പത്തിലെ കഷ്ടപ്പാടുകൾ, കുട്ടിയായിരുന്നപ്പോഴുള്ള ജീവിതബുദ്ധിമുട്ട് അതൊക്കെ ആ കവിതയിൽ നിഴലിക്കുന്നു. ഇന്നത്തെ തലമുറക്കന്യമായതും പഴയ തലമുറ അനുഭവിച്ചതുമായ ദുരിതത്തിന്റെ നേർക്കാഴ്ചയാണാ കവിത. ടി. കെ. ഉണ്ണികൃഷ്ണന്റെ വയറ്റാട്ടി കഥ കൊള്ളാം. എങ്കിലും കുറേയേറെ പരുവപ്പെടുത്തണം. എഴുതി എഴുതി ഭംഗിയാക്കണം. കാച്ചിക്കുറുക്കിയെടുത്താൽ ഏതൊരു സൃഷ്ടിയും ഗംഭീരമാവും. ആശംസകൾ.

ടി. വി. ഹരികുമാർ
കണിച്ചുകുളങ്ങര
9446118387



എടത്തറ ജയൻ
മുളംകുന്നത്തുകാവ്
9446033861

# കുഞ്ചൻ നമ്പ്യാരുടെ നർമ്മങ്ങളും ചൊല്ലുകളും

**കു**ഞ്ചൻ നമ്പ്യാർ അമ്പലപ്പുഴ താമസിച്ചിരുന്ന സമയത്ത് എഴുത്തിനുപുറമെ പ്രയോഗിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുള്ള ഫലിതങ്ങൾ പ്രസ്താവിക്കാം.

ചെമ്പകശ്ശേരി രാജാവിന്റെ ഗുരുവായി കൈപ്പിഴ എന്നൊരു നമ്പൂരിയുണ്ടായിരുന്നു. രാജാവിന് കാഴ്ച വെയ്ക്കുന്ന വസ്തുക്കളെല്ലാം ഇദ്ദേഹം എടുത്തുകൊണ്ടുപോവുക കൊണ്ട് മറ്റു പരിചാരകർക്ക് കുറവുകൾ നേരിട്ടു. പരിചാരകർ നമ്പ്യാരെ സമീപിച്ച് കാര്യങ്ങൾ ബോധ്യപ്പെടുത്തി. പരിചാരകരുടെ ആവശ്യാർത്ഥം കൈപ്പിഴയെ ഒന്നകറ്റുവാനായി നമ്പ്യാരും ശ്രദ്ധാലുവായി. ഒരുദിവസം രാജാവും അദ്ദേഹത്തിന്റെ നിഴലെന്ന പോലെ സർവ്വതാ സഹവാസം ചെയ്തു കൊണ്ടിരുന്ന കൈപ്പിഴ നമ്പൂരിയും കൂടി ഒരുമിച്ചിരുന്നപ്പോൾ സമർത്ഥനായ നമ്പ്യാർ എന്തോ ഒരുപാത്രം എടുത്തുകൊണ്ട് രാജാവിന്റെ മുമ്പിൽകൂടി കടന്നു പോകുകയും, മനഃപ്പൂർവ്വമായി പാത്രം താഴെ ഇടുകയും ചെയ്തപ്പോൾ ശബ്ദം കേട്ട് അത് എന്താണെന്ന് രാജാവ് ചോദിക്കയും കൈപ്പിഴ വന്നതുകൊണ്ട് ഗ്രഹപ്പിഴയാണെന്ന് നമ്പ്യാർ ഉത്തരം പറയുകയും ചെയ്തുവത്രെ. ഇംഗീതജ്ഞനായ രാജാവിനും അദ്ദേഹത്തിന്റെ ബുദ്ധിമാനായ ഗുരുവിനും നമ്പ്യാരുടെ അന്തർഗ്ഗതം മനസ്സിലാകുകയും അതിനുശേഷം കൈപ്പിഴ നമ്പൂതിരിയുടെ ലോപചാപല്യങ്ങൾക്ക് ശമനമുണ്ടായതായും പറയുന്നു.[1]

മറ്റൊരു സന്ദർഭത്തിൽ (പഴമക്കാർക്ക് പരിചിതമാണെങ്കിലും പുതിയവർക്കായി പറയട്ടെ) കൈപ്പിഴ ഫലിതത്തിനുശേഷം രാജാവ് നമ്പ്യാരെ ഒന്ന് പരീക്ഷിക്കാൻ തീരുമാനിച്ചു. രാജ്യസഭയിലുള്ളവർക്കായി സദ്യയൊരുക്കി. രാജാവും ഉണ്ണാനൊപ്പമിരുന്നു. പാൽപ്പായസം വിളമ്പിയപ്പോൾ രാജാവ് രുചിച്ചശേഷം കയ്പ്പാണ് എന്ന് പറഞ്ഞ് രാജാവ് എഴുന്നേറ്റു. രാജാവ് എഴുന്നേറ്റപ്പോൾ മറ്റുള്ളവരും ഊണ് നിർത്തി എഴുന്നേറ്റു പോയി. നമ്പ്യാർ മാത്രം മതിവരുവോളം സദ്യ

കഴിച്ചു. ഊണ് കഴിഞ്ഞ് വന്ന നമ്പ്യാരോട് രാജാവ് ചോദിച്ചു, "പാൽപ്പായസം കയ്ച്ചില്ലേ ?" നമ്പ്യാർ മറുപടിയായി പറഞ്ഞു, "പഞ്ചസാരയുടെ കയ്പ് അടിയനിഷ്ടമാണ്" എന്ന്. ഗൗരവമുള്ള സ്ഥലങ്ങളിൽ പോലും സരസമായി കാര്യമവതരിപ്പിക്കുന്ന ശൈലി നമ്പ്യാർ വ്യക്തമാക്കുന്നു.

തിരുവനന്തപുരത്തുള്ള സമയത്തെ നമ്പ്യാർ ഫലിതങ്ങളിൽ ചിലത് സാഹിത്യ പഞ്ചാനനൻ പി. കെ. നാരായണപ്പിള്ള രേഖപ്പെടുത്തിയിട്ടുണ്ട്. കൊട്ടാരം ജോലിക്കാരനായിരുന്ന 'നമ്പി ആരെന്ന് ചോദിച്ചപ്പോൾ നമ്പിയാരെന്ന് മറുപടി ചൊല്ലിയതിനെക്കുറിച്ച് പരാതിവന്നപ്പോൾ തിരുമനസ്സിനെ ബോധ്യപ്പെടുത്താൻ നമ്പ്യാർ ചമച്ച വരികൾ ശ്രദ്ധേയമാണ്.[2]

*നമ്പി ആരെന്ന് ചോദിച്ചു*
*നമ്പിയാരെന്ന് ചൊല്ലിനേൻ*
*നമ്പി കേട്ടഥ കോപിച്ചു*
*തമ്പുരാനെ ക്ഷമിക്കണേ !*

മറ്റൊരവസരത്തിൽ നമ്പ്യാർക്ക് അനുവദിച്ച വിഹിതം കലവറക്കാരൻ കുറവുവരുത്തി. എത്ര ശ്രമിച്ചിട്ടും അർഹമായത് നൽകാൻ കലവറക്കാരൻ തയ്യാറാകാതിരുന്നപ്പോൾ നമ്പ്യാർ ശ്ലോകരൂപത്തിൽ രാജാവിന് പരാതി നൽകി.

*രണ്ടേ കാലെന്ന് കല്പിച്ചു*
*രണ്ടേ കാലെന്നതിയ്യനും*
*ഉണ്ടോ കാലെന്നു പണ്ടാല*
*ഉണ്ടീലിന്നിത്ര നേരവും*

ശ്ലോകാർത്ഥം മനസ്സിലാക്കിയ രാജാവ് നമ്പ്യാർക്ക് കൃത്യമായി കൊടുക്കാനുള്ളത് കൊടുപ്പിച്ചു എന്നും പ്രസിദ്ധമാണ്.[3]

## നമ്പ്യാരുടെ ചൊല്ലുകൾ (സുന്ദോപ സുന്ദോപാഖ്യാനം)

തുള്ളലിനെ ഗാനനൃത്തം എന്നാണ് നമ്പ്യാർ ഉദ്ധരിച്ചിരിക്കണത്.[4] കണ്ണും കലാശവും കാണിച്ചിരുന്ന ആ കാലഘട്ടത്തെക്കുറിച്ച്

*കണ്ണിണ കൊണ്ട് കടുകുവറക്കുന്ന*
*പെണ്ണിനെ കണ്ടാലടങ്ങുമോ പുരുഷൻ.*
*കൊച്ചിനെക്കൊണ്ട് തടുക്കയും വിസ്മയം[5]*
*അദ്ധ്വാനം ഇല്ലാതെ ഒന്നും സാദ്ധ്യമല്ല*

എന്ന് വ്യക്തമാക്കുന്നു.

*ക്ലേശങ്ങൾ കൂടാതെ കാര്യം ലഭിക്കുമോ ?*
*കാശഴിയാതെ കുറിക്കൂട്ടു കിട്ടില്ല.[6]*
*പരഗതിയെന്തെന്നൊരു നിരൂപണമേകി*
*എരിപൊരി സഞ്ചാരവുമൊരുവകതേടി.[7]*
*എല്ലാം നല്കാമെന്നു പറഞ്ഞ്*
*ആശ നൽകി നടത്തുന്നതിനെക്കുറിച്ച്*
*തണ്ടു തപ്പിപ്പാൻ തുടങ്ങേണ്ട ഞങ്ങൾക്കു[8]*
*വേണ്ടും വരം തരാമെങ്കിൽ തുടങ്ങുക.*
*ആത്മാർത്ഥതയില്ലാത്തതിനേക്കുറിച്ച് :*
*ചോറിട്ട പാണിയിൽ കേറിക്കടിയ്ക്കുന്ന*
*കുറ്റപ്പട്ടിയെപ്പോലെ തുടങ്ങുന്നു[9]*

തെറ്റുചെയ്യുന്നവർക്ക് ശിക്ഷ നൽകേണ്ടത് ആവശ്യമാണ്.

*തള്ളയെപ്പോലും ബഹുമാനമില്ലാത്ത*
*പിള്ളയെ കണ്ടാൽ മെതിക്കണമപ്പൊഴേ*

## ധ്രുവചരിതത്തിലെ ചൊല്ലുകൾ

*രണ്ടു പെണ്ണുങ്ങളെക്കൂടിവേട്ടാലുള്ള*
*ചെണ്ടത്തമിങ്ങനെ കണ്ടാലുമേവരും*
*രണ്ടുകളത്രത്തെയുണ്ടാക്കിവെക്കുന്ന*
*തണ്ടുതപ്പിക്കുസുഖമില്ലൊരിക്കലും.[10]*

അക്കാലത്ത് സ്ത്രീകളിൽ ആസക്തി പെരുത്ത് നടക്കുന്നവർക്കുള്ള മുന്നറിയിപ്പായാണ് നമ്പ്യാർ ചൊല്ലിയിട്ടുള്ളത്. ഇന്നത്തെ കാലത്തേയും അന്നത്തെ കാലത്തേയും കുടുംബബന്ധങ്ങൾ ഉലയുന്നതിനെക്കുറിച്ച് (അനാവശ്യകലഹം)

*കൊറ്റിനില്ലെങ്കിലും കൂറുള്ളവരോട്*
*ചീറ്റം തുടങ്ങിയാൽ വാഴില്ല പെണ്ണിന്.[11]*
*സ്വന്തം കുട്ടികളെ പോറ്റേണ്ടുന്നത്*
*ഏവരുടേയും ചുമതലയാണ്.*
*പെറ്റ പിള്ളയ്ക്കൊരുസങ്കടം കൂടാതെ*
*പോറ്റുമിന്നേറ്റം ദരിദ്രനെന്നാകിലും.[12]*

നമ്പ്യാരുടെ കാലത്ത് മോശപ്പെട്ട രീതിയിൽ ജീവിച്ചിരുന്ന സ്ത്രീകളെ നന്നാക്കുന്നതിനെക്കുറിച്ച് നമ്പ്യാരുടെ വരികൾ

*അച്ചികളിനി യാതൊരു*
*പുരുഷന്മാരോടിണങ്ങുകയില്ല*
*കച്ചകൾ പുടവാദികൾ*
*വേണ്ടതുകൊണ്ടുകൊടുത്തെന്നാലും.[13]*

മനുഷ്യരുടെ സ്വഭാവദോഷങ്ങളെക്കുറിച്ച് –

*പകയുള്ള ജനത്തോടുകൂടി*
*വാണാൽ സുഖമില്ല[14]*
*വകയില്ലാതിരിക്കുന്നു*
*ദൂഷണങ്ങളുളവാക്കാൻ.*
*കിട്ടും പണമെങ്കിലിപ്പോൾ മനുഷ്യർക്ക്*
*ദുഷ്ടത കാട്ടുവാനൊട്ടും മടിയില്ല;*
*കിട്ടിയതൊന്നും മതിയല്ല പിന്നേയും*
*കിട്ടിയാലും മതിയല്ല ദുരാഗ്രഹം;*
*രണ്ടു പണം കിട്ടുമെന്നുകേട്ടാലവർ*
*മണ്ടും പതിനെട്ടുകാതമെന്നാകിലും*
*കിട്ടിയാലപ്പൊഴേ കണ്ട പെണ്ണുങ്ങൾക്കു*
*കൊണ്ടുപോയി കൊടുപ്പാനും മടിയില്ല.*
*ഭോജനത്തിന്നും പ്രഥനത്തിനും പിന്നെ*
*രാജസേവയ്ക്കും ദുരാഗ്രഹം ലോകർക്ക്*
*രാജാവിനെച്ചെന്ന് സേവിച്ചുനില്ക്കയും*
*വ്യാജം പറഞ്ഞു പലരെ ചതിക്കയും*
*കൈക്കൂലി മെല്ലെ പിടുങ്ങുവാനല്ലാതെ*

*ഇക്കാരിയക്കാരന്മാർക്കില്ല വാഞ്ചിതം*

ഇങ്ങിനെ മനുഷ്യരിൽ കുടികൊള്ളുന്ന ദോഷവിചാരങ്ങളെ വിവരിക്കുന്ന നമ്പ്യാരുടെ കാലത്ത് പുരോഗമന ചിന്ത ആദ്യം ഉടലെടുത്തത് നമ്പ്യാരിൽ മാത്രമായിരുന്നു. അദ്ദേഹം അത് പൊതുജനങ്ങൾക്കായി വിസ്തരിച്ചുകൊണ്ടേയിരുന്നു.

*വൈദ്യം പഠിക്കണം ദ്രവ്യമുണ്ടാക്കുവാൻ*
*ജ്യോതിഷക്കാരനും മന്ത്രവാദിയ്ക്കുമ*
*ച്ചാതുര്യമേറുന്ന വൈദ്യനും വേശ്യയ്ക്കും*
*ഏതും മടിക്കാതെ വേണ്ടതു നൽകുവാൻ*
*ഭൂതലവാസികൾക്കില്ലൊരു സംശയം.*[16]

മനുഷ്യർക്ക് ഭൂതലത്തിൽ ജീവിക്കാൻ വളരെ കുറച്ചുകാലം മാത്രമാണ് എന്ന് നമ്പ്യാർ ഓർമ്മപ്പെടുത്തുന്നു.

*നീറ്റിലെ പോളക്കു തുല്യമാം ജീവനെ*
*പോറ്റുവാനെത്ര ദുഃഖിക്കുന്നു മാനവർ.*
*ഊണുമുറക്കവും കൊണ്ടു ദിവസങ്ങൾ*
*പോണതുമാർക്കും മനക്കാമ്പിലില്ലെടോ.*[17]

പ്രകൃതിയുടെ സംരക്ഷണത്തെക്കുറിച്ചും ഉത്ബോധനം നടത്തിയിരുന്നു. വായുമലിനമായാൽ വായുവില്ലാതായാൽ ഉള്ള അവസ്ഥ വിവരിക്കുന്നു.

*മാരുത സഞ്ചാരമെല്ലാമടങ്ങുക*
*കാരണം ദാരുണമായ ദശാന്തരേ*
*കൊത്തിച്ചമച്ച മരപ്പാവകൾ പോലെ*
*മർത്യജനങ്ങൾക്കിളക്കമില്ലാതെയായ്.*
*...കഞ്ഞികോരിക്കുടിപ്പാൻ തുടങ്ങുന്നവൻ*
*മുഞ്ഞിയും താഴ്ത്തിട്ടനങ്ങാതിരിക്കുന്നു.*
*...എത്രയും വിസ്മയം സർവ്വജനങ്ങളും*
*ചിത്രമെഴുതിയ പോലെ കാണായ് വന്നു.*

ഒരു തുള്ളൽ കഥ രചിക്കുമ്പോൾ സമൂഹത്തിലെ ഒരുപാട് കാര്യങ്ങൾ പരിഷ്ക്കരണത്തിനുവേണ്ടി ഉൾപ്പെടുത്തിക്കൊണ്ട് മുന്നോട്ട് സഞ്ചരിക്കുകയായിരുന്നു കുഞ്ചൻനമ്പ്യാർ.

**കുറിപ്പ് :**

1A. ശ്രീരാമവിലാസം പ്രസ് & ബുക്ക് ഡിപ്പോ, കൊല്ലം അഞ്ചാം പതിപ്പായി 1127ൽ ശ്രീ കലക്കത്ത് കുഞ്ചൻ നമ്പ്യാരുടെ 60 തുള്ളൽക്കഥകൾ എന്ന പുസ്തകത്തിൽ പി. കെ. നാരായണപ്പിള്ളയുടെ അവതാരിക പേജ് 4 പേര 3.

2B. കാവാലം ബാലചന്ദ്രൻ മെയ് 2013ൽ ബി. ബുക്സ് വഴി പ്രസിദ്ധീകരിച്ചതിൽ പേജ് 38-41.

3. 2B

4. മുതൽ 9 വരെ. ശ്രീരാമവിലാസം പ്രസ് & ബുക്ക് ഡിപ്പോ കൊല്ലം അഞ്ചാം പതിപ്പായി കൊല്ലം 1127ൽ പ്രസിദ്ധീകരിച്ച ശ്രീ കലക്കത്ത് കുഞ്ചൻ നമ്പ്യാരുടെ 60 തുള്ളൽ കഥകൾ' എന്ന പുസ്തകത്തിൽ പേജ് 19 മുതൽ 30 വരെ പേജുകളിൽ.

5. 10 മുതൽ 17 വരെ. 1A പുസ്തകത്തിലെ പേജ് 30 മുതൽ 41 വരെ പേജുകളിൽ.

■ പുസ്തകപരിചയം

# ഒരു തിരോധാനത്തിന്റെ കഥ



**നോവൽ - വിജയൻ കല്ലട**
**- ആസ്വാദനം -**

**അശോകൻ രാജീവം**
**9447533850**

സത്യസന്ധമായ ഒരു പത്രവാർത്താക്കുറുപ്പിൽ തിരിച്ചുവെച്ച ഒരു കണ്ണാടിയാണ് എൻ. വിജയൻ ആചാരി മാസ്റ്ററുടെ (വിജയൻ കല്ലട) ഈ കൊച്ചുനോവൽ. ഇതിന്റെ വായനാകവാടം എവിടെയെന്ന് തിരഞ്ഞുകൊണ്ടിരിക്കുമ്പോഴാണ് മൂന്നാം അധ്യായത്തിൽ ഒരു ഭാഗത്ത് നോവലിസ്റ്റ് ഇങ്ങനെ എഴുതിയിരിക്കുന്നത് കണ്ടത്. ഓരോ മനുഷ്യന്റേയും മനസ്സ് എങ്ങനെയൊക്കെ പ്രവർത്തിക്കണമെന്നും ഓരോ സംഭവത്തേയും എങ്ങിനെ പ്രതികരിക്കണമെന്നും ആർക്കും പ്രവചിക്കാനാവില്ലല്ലോ ? സ്വന്തം മനസ്സിനെ നിയന്ത്രിക്കാൻ ആർക്കും കഴിയുകയുമില്ലല്ലോ... അതിന് കഴിയുമെന്ന് വിശ്വസിക്കപ്പെട്ടിരുന്ന ഋഷീശ്വരൻമാർ പോലും അടിതെറ്റിയതിന് എത്രയെത്ര കഥകളുണ്ട്.

ഈ ഖണ്ഡിക എടുത്ത് പുസ്തകത്തിന്റെ പിൻചട്ടയിൽ കൊടുത്തിരുന്നുവെങ്കിൽ വായനക്കാരൻ അടക്കാനാവാത്ത ആകാംക്ഷയോടെ പുസ്തകം ഒന്നുമറിച്ചുനോക്കുവാനും ഇതൊന്നു വായിച്ചേതീരൂ എന്ന് ശഠിക്കാനും ഉള്ള ഒരു ത്വര ഉണ്ടാകുമായിരുന്നു എന്നാണ് ഒരു എളിയ അഭിപ്രായം. അതിനുപകരം നോവലിസ്റ്റിന്റെ ബയോഡാറ്റയാണ് അടിച്ചുവെച്ചിരിക്കുന്നത്. അത് അകത്തെ പേജിൽ ഉള്ളതാണല്ലോ. വായനക്കാരന് എഴുത്തുകാരനെ മാത്രം പരിചയപ്പെട്ടാൽ പോരല്ലോ, അദ്ദേഹം എന്തെഴുതിയിരിക്കുന്നു എന്നല്ലേ അറിയേണ്ടത്. പുസ്തകം വായിച്ചുതുടങ്ങുമ്പോഴാണ് മനസ്സിലാകുന്നത് അതിലെ അധ്യായങ്ങൾ വേർതിരിച്ചിരിക്കുന്നതിലെ പരിചയക്കുറവ് (അതോ പുതുമയോ ?) ഇത്രയും ലുബ്ദ് എന്തിനായിരുന്നു എന്ന് മനസ്സിലാകുന്നില്ല.

ചട്ടുകാലൻ കോഴിയാണെങ്കിലും കറിയ്ക്കു നല്ല രുചിയായിരുന്നു എന്നുപറയും പോലെ പുസ്തകം ഒരുക്കിയെടുക്കുന്നതിൽ കണ്ട പിഴവ് അതിലെ നോവൽ രചനയിൽ കണ്ടില്ല എന്നുപറയുന്നതിൽ അതിയായ സന്തോഷമുണ്ട്.

വളരെയേറെ കയ്യടക്കത്തോടെ സമീപിക്കേണ്ടുന്ന ഒരു അസാധാരണ പ്രമേയത്തേയാണ് നോവലിസ്റ്റ് തന്റെ ചിട്ടയായ എഴുത്തിലൂടെ നമുക്ക് മുന്നിൽ വരച്ചുകാണിക്കുന്നത്. മറ്റാരു ചെയ്താലും കേവലമൊരു മസാലപടം പോലെ ആയിപ്പോകുമായിരുന്ന വിഷയമാണ് ഈ നോവലിന്റെ ആശയം. സ്വന്തം മകന്റെ പ്രായമുള്ള, അവന്റെ തന്നെ കൂട്ടുകാരനുമായ ഒരു

യുവാവിന്റെ കൂടെ നിയന്ത്രിക്കാനാവാത്ത തൃഷ്ണയ്ക്ക് അടിമപ്പെട്ട് ഒളിച്ചോടിപ്പോവുകയും, കുറച്ചുനാളത്തെ ലോഡ്ജ് വാസത്തിനുശേഷം പഴയ ജീവിതത്തിലേക്ക് തിരിച്ചുവരാനാകാതെ അവനോടൊപ്പം സ്വയം മരണത്തിന് അടിയറവു പറയുകയും ചെയ്യുന്ന ഒരു ഹതഭാഗ്യയുടെ കഥയാണ് ഈ നോവലിലൂടെ വിജയൻ കല്ലട എന്ന 33 വർഷത്തെ അധ്യാപന പരിചയമുള്ള നോവലിസ്റ്റ് വരച്ചുകാട്ടുന്നത്.

പലഭാഗങ്ങളിലും ലൈംഗികതയുടെ അതിഭാവുകത്വത്തിലേക്ക് വഴുതിവീണുപോയേക്കാവുന്ന സന്ദർഭങ്ങൾ കാണാൻ കഴിയുമെങ്കിലും അവിടെയെല്ലാം തികഞ്ഞ പക്വതയിലൂടെ വിഷയത്തിനുമേൽ കടിഞ്ഞാണിടുവാൻ അദ്ദേഹത്തിന്റെ ഉള്ളിലെ അധ്യാപകന് കഴിഞ്ഞിട്ടുണ്ട്.

മായ എന്ന ഇതിലെ കേന്ദ്രകഥാപാത്രം ഒരമ്മയാണ്, ഭാര്യയാണ്, മകളാണ്, പേരക്കുട്ടിയാണ്, സർവ്വോപരി ഒരു കാമുകിയുമാണ്. അവസാനം ചേർത്ത വാക്കു മാത്രമാണ് അവൾക്ക് ചേരാത്ത കുപ്പായം. കാരണം, ബാല്യം മുതലേ ശാഠ്യക്കാരിയും തന്നിഷ്ടക്കാരിയുമായിരുന്ന അവൾ നേടിയതെല്ലാം അവൾ ആഗ്രഹിച്ചതൊക്കെയായിരുന്നു. പക്ഷെ, ഭർത്താവിന്റെ അഭാവത്തിൽ ആ സ്ഥാനത്തേക്ക് പ്രതിഷ്ഠിക്കാൻ തിരഞ്ഞെടുത്ത പുരുഷന്റെ കാര്യത്തിൽ മാത്രം അവൾക്ക് തെറ്റുപറ്റി, അക്ഷന്തവ്യമായ തെറ്റ്...

നോവലിന്റെ തുടക്കത്തിൽ തന്നെ നോവലിസ്റ്റ് അതിലെ മുഖ്യപ്രമേയം നമ്മുടെ മുന്നിൽ അവതരിപ്പിച്ചശേഷം പിന്നീട് വരുന്ന അധ്യായങ്ങളിലൂടെ ആ വിഷയത്തെ ആർക്കൊക്കെ ഏതൊക്കെ തരത്തിൽ ബാധിക്കുന്നു എന്ന് പറയുവാനാണ് ശ്രമിക്കുന്നത്. പലർക്കും പലതരത്തിലാണ് മായ.

മായ എന്നത് ഒരു കഥാപാത്രമല്ല. അത് ഈ കഥയുടെ ഒരു ചൈതന്യം കൂടിയാണ്. സ്ത്രീയുടെ ഭിന്നമുഖങ്ങളാണ് മായ. എറിയുന്നവനറിയില്ലല്ലോ ഏറുകൊള്ളുന്നവന്റെ വേദന...

വീണ്ടുവിചാരമില്ലാതെ, അടക്കാനാവാത്ത കാമാവേശത്തോടെ തെറ്റിൽ നിന്ന് തെറ്റിലേക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുന്ന സമൂഹത്തിന്റെ ഇന്നത്തെ കാഴ്ചപ്പാടുകളിലേക്ക് വളരെ ഗഹനമായിത്തന്നെ പ്രതികരിക്കുവാൻ നോവലിസ്റ്റിനു കഴിഞ്ഞിട്ടുണ്ട്. സ്വന്തം സുഖം മാത്രം നോക്കിക്കൊണ്ട് എടുക്കുന്ന അപക്വമായ തീരുമാനങ്ങൾ മൂലം ദുരിതമനുഭവിക്കുന്നത് അവർക്കുചുറ്റുമുള്ള ബന്ധുമിത്രാദികളാണ് എന്നുള്ള കാര്യം ഓരോ മായമാരും ഓർക്കേണ്ടതാണ് എന്നുള്ള അതിവിശിഷ്ടമായ ഒരു ഗുണപാഠമാണ് നോവലിസ്റ്റ് നമുക്ക് പ്രദാനം ചെയ്യുന്നത്. അതിന് അദ്ദേഹത്തിന്റെ അധ്യാപക ജീവിതത്തിന്റെ വിവേകവും വിവേചനവും എഴുത്തിലെ കയ്യടക്കവും വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്.

വായനക്കാരന് വായനാസുഖവും സമൂഹത്തിന് കാര്യമാത്ര പ്രസക്തവുമായ ഇനിയും ഒട്ടേറെ കൃതികൾ ഈ അധ്യാപകനായ എഴുത്തുകാരനിൽ നിന്നും ഉണ്ടാവട്ടെ എന്ന് പ്രാർത്ഥിക്കുന്നു.







വിജയൻ കല്ലട

ഒരു തിരോധാനത്തിന്റെ കഥ
(നോവൽ)
0494 2405580, 9605407260
വില - 90 രൂപ പേജ് - 98
പ്രസാധകർ - ശ്രീഹരി ബുക്സ് പബ്ലിഷേഴ്സ് ഗ്രൂപ്പ്, മാവേലിക്കര

■കഥ

# നായ് സഭയിൽ നിന്നും തത്സമയം

ടി. വി. ഹരികുമാർ
കണിച്ചുകുളങ്ങര
9446118387



**നാ**യ്ക്കളുടെ വാർഷിക സമ്മേളനവേദി. അദ്ധ്യക്ഷനായ നായ വാചാലനായി. "ഇപ്പോൾ നമ്മുടെ കാലമാണ് സുഹൃത്തുക്കളേ, എല്ലായിടവും നമുക്കനുകൂലമായ തീരുമാനങ്ങൾ. നമുക്ക് റോഡുകൾ കൈയ്യേറാം. മനുഷ്യരെ കടിച്ചുകീറാം. നമുക്കായി വാദിക്കുവാൻ എത്രയെത്ര മൃഗസ്നേഹികളാണുള്ളത്. കൂട്ടരേ... ഇപ്പോൾ നമ്മൾ സർവ്വസ്വതന്ത്രർ." പിൻനിരയിൽ നിന്ന് ഒരു യുവാവായ നായ എഴുന്നേറ്റു. "അതുമാത്രം പോരാ. ഞാനൊരു പ്രമേയം കൊണ്ടുവന്നിട്ടുണ്ട്." "വരൂ, വായിച്ചുകൊള്ളൂ." അദ്ധ്യക്ഷന്റെ അനുമതിയോടെ യുവനായ വായന ആരംഭിച്ചു. "ചില പഴംചൊല്ലുകൾ നമുക്കെതിരാണ് കൂട്ടരേ. ഉദാഹരണത്തിന്: നായ നടുക്കടലിൽ ചെന്നാലും നക്കിയേ കുടിക്കൂ..., നായ നടന്നാൽ ഫലവുമില്ല നായക്കിരിക്കാൻ നേരവുമില്ല, പട്ടിയൊട്ടു തിന്നത്തുമില്ല പശുവിനെ തീറ്റിക്കുകയുമില്ല. നോക്കൂ കൂട്ടരേ, പട്ടിക്ക് പൊതിയാ തേങ്ങ കിട്ടിയ പോലെ എന്നും താനിരിക്കുന്നിടത്ത് താനിരിക്കുന്നില്ലെങ്കിൽ നായിരിക്കും എന്നൊക്കെയുള്ള ചൊല്ലുകൾ നമ്മെ പരിഹസിക്കുന്നവയാണ്. ഇവ മുൻകാല പ്രാബല്യത്തോടെ നീക്കം ചെയ്യണമെന്ന് നമ്മൾ ആവശ്യപ്പെടുന്നു. പ്രമേയം വായിച്ചുതീർന്നതും നായ്ക്കൾ ഒരുമിച്ചെഴുന്നേറ്റ് ഓരിയിട്ട് പ്രമേയത്തിന് പിന്തുണ അറിയിച്ചു. ഹർഷാരവം നീണ്ടുനിന്നപ്പോൾ അദ്ധ്യക്ഷൻ എഴുന്നേറ്റ് ഉച്ചത്തിൽ അലറി... "ഇരിക്കിനെടാ നായ്ക്കളെ..."



**ജോസഫ് പൂതക്കുഴി**
**9846751749**

# ഇത് അനീതിയാണ്

**ദ**യാവധം അത് ഏതുതരത്തിലുള്ളതാണെങ്കിലും അനുവദനീയമായാൽ വളരെയേറെ ഭവിഷ്യത്തുകൾക്ക് കാരണമായിത്തീരാനിടയുണ്ട്. നാസി ഭരണകാലത്ത് ജർമ്മനിയിൽ കാരുണ്യവധത്തിന്റെ മറവിൽ നടന്ന കൊടുംക്രൂരത മനുഷ്യചരിത്രത്തിലെ വലിയൊരു കറുത്ത അധ്യായമാണ്. ലക്ഷക്കണക്കിന് രോഗികളും അംഗവൈകല്യമുള്ളവരും നിർദാക്ഷിണ്യം കൊലചെയ്യപ്പെട്ടു. ലോകത്തെ ഞെട്ടിച്ച വംശഹത്യയിലാണത് ചെന്നെത്തിയത്.

ദയാവധം നിയമവിധേയമാക്കാൻ കേന്ദ്രസർക്കാർ ആലോചന നടത്തുന്നു. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരുകളുടെ അഭിപ്രായം എന്താണ് എന്നറിയിക്കാൻ കേന്ദ്രം ആവശ്യപ്പെട്ടിരിക്കുകയാണ്. ദയാവധം അതിൽത്തന്നെ ആത്മഹത്യയോ കൊലപാതകമോ ആയതുകൊണ്ട് അത് ഒഴിവാക്കപ്പെടേണ്ടതാണ്. പ്രതീക്ഷയറ്റ മാറാരോഗികൾ കാരുണ്യവധത്തിന് വേണ്ടി യാചിക്കുമ്പോൾ യഥാർത്ഥത്തിൽ അവരാവശ്യപ്പെടുന്നത് ക്രൂരമായ വധമല്ല മറിച്ച് അവർ തങ്ങളുടെ നിരാശയിൽ സ്നേഹത്തിനും കാരുണ്യത്തിനും വേണ്ടിയുള്ള മുറവിളിയാണ്.

രോഗികൾക്ക് ചികിത്സയും പരിചരണവും നല്കേണ്ടതില്ല. അവരെക്കൊണ്ട് ഇനി പ്രയോജനമില്ല, അതുകൊണ്ട് ദയാവധം ധാർമ്മിക നിയമമായി അംഗീകരിക്കണം എന്നാണല്ലോ ദയാവധം നടപ്പാക്കണമെന്ന് ആവശ്യപ്പെടുന്നവരുടെ ഗൂഢലക്ഷ്യം. ദയാവധം ജീവന്റെ മേലുള്ള കടന്നു കയറ്റവും അധാർമ്മികവും പൈശാചികവുമാണ്.

ആർഷ ഭാരത സംസ്കൃതിയനുസരിച്ച് ജീവന്റെയും മരണത്തിന്റെയും മേൽ അധികാരമുള്ളത് ഈശ്വരനു മാത്രമാണ്. ജീവൻ ഈശ്വരന്റെ ദാനമാണ്. അതിനാൽ മനുഷ്യജീവന്റെ മേലുള്ള സാധാരണ മനുഷ്യന്റെ കയ്യേറ്റങ്ങളും കടന്നുകയറ്റങ്ങളും നീതിക്കുനിരക്കാത്തതാണ്. ഒരു വ്യക്തി തന്റെ സ്വതന്ത്രമായ തീരുമാനഫലമായി രൂപപ്പെടുത്തിയതല്ല അവന്റെ ജീവൻ. അതുകൊണ്ടുതന്നെ ഒരു കാരണവശാലും അതിന് അന്ത്യം കുറിക്കാനും അവന് അവകാശമില്ല. ജീവസന്ധാരണമെന്ന അതിശ്രേഷ്ഠമായ കാര്യം മനുഷ്യോചിതമായ രീതിയിൽ ഈ ഭൂമിയിൽ നിർവ്വഹിക്കപ്പെടണം. അത് മനുഷ്യകുലത്തിന്റെ നിലനിൽപ്പിനുതന്നെ അനിവാര്യമായ കാര്യമാണ്.

ഒരു വ്യക്തിയുടെ കഠിനമായ സഹനത്തിന് വിരാമം കുറിക്കാൻ വേണ്ടി അയാളുടെ മരണം ലക്ഷ്യം വെച്ചുകൊണ്ട് പ്രവൃത്തിയോ ജീവൻ നിലനിർത്താൻ വേണ്ടി ചെയ്യുന്ന കാര്യങ്ങൾ ചെയ്യാതിരിക്കലോ ആണ് കാരുണ്യവധം.

ഈ നിർവ്വചനത്തിന്റെ പശ്ചാത്തലത്തിൽ കാരുണ്യവധത്തെ രണ്ടുതരത്തിൽ വീക്ഷിക്കാം. ഒന്ന് – രോഗിയുടെ ജീവിതം നീട്ടിക്കൊണ്ടുപോകാൻ സഹായിക്കുന്ന പരിചരണവും ചികിത്സയും നിർത്തിവെക്കുക വഴി മരണം ത്വരിതപ്പെടുത്താം. ഇത് പരോക്ഷമായ ദയാവധം. രണ്ട് – ഡോക്ടറുടേയോ മറ്റാരുടെയെങ്കിലുമോ സഹായത്തോടെ മരണത്തെ ത്വരിതപ്പെടുത്താൻ സഹായകമാവുന്ന ഉപാധികൾ സ്വീകരിക്കാം. ഇതാണ് പ്രത്യക്ഷമായ കാരുണ്യവധം.

മാറാരോഗപീഡയാൽ വലയുന്നവർ, അംഗവൈകല്യമുള്ളവർ, ദുസ്സഹമായ വേദന അനുഭവപ്പെടുന്നവർ മുതലായ ഗണത്തിൽപ്പെട്ടവരുടെ ജീവിതം അന്തസ്സോടെ അവസാനിപ്പിക്കുവാൻ അവകാശമുണ്ടെന്നും അതിന് സഹായിക്കാൻ ഡോക്ടർമാർക്ക് നിയമപരമായ അനുവാദം നല്കണമെന്നുമുള്ള വാദം ഇന്ന് പല രാജ്യങ്ങളിലും നടക്കുന്നുണ്ട്. രോഗികളുടെ ആത്മഹത്യാനിരക്ക് ഭീതിജനകമാംവിധം വർദ്ധിക്കുമെന്നതായിരിക്കും ഇതിന്റെ പരിണിതഫലം. വിലപ്പെട്ട മനുഷ്യജന്മത്തെ ധർമ്മാധർമ്മ വിവേചനം കൂടാതെ പന്താടുക തികച്ചും തെറ്റും വളരെയേറെ അപകടസാധ്യതകൾ ഉൾക്കൊള്ളുന്നതും ഗൗരവപൂർണ്ണമായ സങ്കീർണ്ണതകൾ നിറഞ്ഞതുമാണെന്ന കാര്യം നാം മറന്നു കൂട. ഇത്തരമൊരു നിയമ നിർമ്മാണം രോഗികൾക്കുമാത്രമല്ല വൃദ്ധർക്കും, ദരിദ്രർക്കും, വികലാംഗർക്കുമെല്ലാം ഭീഷണിയാവുമെന്ന കാര്യത്തിൽ ശങ്കിക്കേണ്ടിയിരിക്കുന്നു. മനുഷ്യജീവന് അതിന്റെ ആരംഭം മുതൽ സ്വാഭാവികമായ അന്ത്യം വരെ ആദരിക്കപ്പെടണം. വൃദ്ധരേയും മാതാപിതാക്കളേയും ദീനരേയും ആദരിക്കുന്ന ആർഷഭാരത സംസ്കാരം ദയാവധത്തിന് നിയമാനുമതി നല്കില്ല എന്ന് നമുക്ക് പ്രത്യാശിക്കാം.

ജീവന്റെ അവകാശി ദൈവമാണ്. കൊല്ലുന്ന മനുഷ്യൻ വിചാരിച്ചാൽ ഒരു മനുഷ്യജീവൻ ഇവിടെ ഉയിർക്കൊള്ളിക്കുവാൻ സാധ്യമല്ല. ജീവൻ തന്നവന് മാത്രമേ അത് തിരിച്ചെടുക്കുവാൻ അവകാശമുള്ളു. ലോകത്തെ മരണക്ക

ളമാക്കുന്ന ദയാവധം ഒരിക്കലും ഒരു ജനാധിപത്യ രാഷ്ട്രത്തിന് ചേർന്നതല്ല. അത്തരം നിയമങ്ങൾ നാം അധിവസിക്കുന്ന ഭൂമിയിലെ നന്മയും സ്നേഹവും ദയയും ഇല്ലാതാക്കുമെന്നതിൽ യാതൊരു തർക്കവുമില്ല. നമ്മുടെ സംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ കുടുംബങ്ങളിലെ രോഗികളാണ് ഏറ്റവും പരിഗണന നേടുന്നവരും സ്നേഹിക്കപ്പെടുന്നവരും. ചിലപ്പോൾ രോഗികളായി കിടക്കുന്നവർ കുടുംബാംഗങ്ങളെ മുഴുവൻ ഒന്നിപ്പിക്കുന്ന ഘടകമായി നമ്മുടെ സമൂഹത്തിൽ മാറുന്നതും കാണാറുണ്ടല്ലോ.

കാരുണ്യവധത്തെ നിയമവിധേയമാക്കുന്നത് ഒന്നിനും പരിഹാരമല്ല. സഹനവും വേദനയും മനുഷ്യജീവിതയാഥാർത്ഥ്യത്തിന്റെ ഭാഗമല്ലെന്ന സമീപനത്തോടെ മരണസംസ്കാരത്തിലേക്ക് പുതിയ തലമുറ നയിക്കപ്പെടാനാണ് ആത്യന്തികമായി ഇത്തരമൊരു നീക്കം ഇടയാക്കുക. കൂടാതെ കുടുംബത്തിലേക്ക് സാമൂഹ്യമായോ പ്രായോഗികമായോ പ്രയോജനമൊന്നും ചെയ്യാത്ത മാതാപിതാക്കളെ ഇല്ലായ്മ ചെയ്യാനായി ഈ നിയമം അഴിമതി നടമാടുന്ന നമ്മുടെ രാജ്യത്ത് ദുരുപയോഗപ്പെടുത്തുവാൻ സാധ്യത വളരെ കൂടുതലാണ്.

കാരുണ്യവധത്തിന് വേണ്ടി ഉയരുന്ന മുറവിളിയോടുള്ള അനുയോജ്യമായ പ്രതികരണം നമ്മുടെ രാജ്യത്ത് സാന്ത്വന പരിചരണം ശക്തിപ്പെടുത്തുക എന്നതാണ്. കാരുണ്യവധം നിലവിലുണ്ടായിരുന്നാൽ തന്നെ ഒരു കൊലപാതകത്തിനുപകരം മാനവീകമായ മരണം തിരഞ്ഞെടുക്കുന്നതിന് ജനങ്ങൾക്കിടയാക്കുന്ന വിധത്തിലുള്ള മികവുറ്റ ഒരു സാന്ത്വന പരിചരണ സംവിധാനം നമ്മുടെ രാജ്യത്ത് സജ്ജമാക്കാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കണം. ഇന്ത്യയിലെ ഓരോ മണിക്കൂറിലും 60ൽ ഏറെപ്പേർ കാൻസർ രോഗം ബാധിച്ചും വേദന സഹിച്ചും മരിക്കുന്നു എന്നാണ് കണക്ക്. ഇന്ത്യയിൽ ഒരു വർഷം 60 ലക്ഷം പേർക്ക് സാന്ത്വന ചികിത്സ ആവശ്യമായിവരുന്നുണ്ടെന്നും കണക്കാക്കപ്പെട്ടിരിക്കുന്നു. മരണത്തെ മനുഷ്യത്വമുള്ളതാക്കാൻ സമൂഹമാഗ്രഹിക്കുന്നുണ്ടെങ്കിൽ സാന്ത്വന പരിചരണരംഗത്തെ നിയമങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഗൗരവമായ പരിഗണനയും നിയമ നിർമ്മാണവും ത്വരിതപ്പെടുത്തണം. മനുഷ്യത്വ വിരുദ്ധ നിയമങ്ങളെ എതിർക്കുന്നതിനുള്ള ഏറ്റവും നല്ല തന്ത്രം മികച്ച ബദൽ മാർഗ്ഗങ്ങൾ ലഭ്യമാക്കുക എന്നുള്ളതാണ്. അതിനായി കക്ഷിരാഷ്ട്രീയ ജാതിമതഭേദമെന്യേ എല്ലാവരും ഒറ്റക്കെട്ടായി പരിശ്രമിക്കേണ്ടിയിരിക്കുന്നു. ●





പി. ആർ. ജോസ്
9847946094

# ഫലിതമേള

1. **ഭാര്യ** : ഹേ മനുഷ്യാ, ഈ പുതിയ സാരിയിലെ വിലയെഴുതിയതെന്തിനാ കീറിക്കളഞ്ഞത് ?
**ഭർത്താവ്** : ആരേയും ഒരു വിലയും കല്പിക്കാത്ത നിനക്കെന്തിന് സാരിയുടെ വിലയറിയണം ?

2. **ടീച്ചർ** : ഷേക്സ്പിയറും ന്യൂട്ടനുമെല്ലാം മണ്ണെണ്ണ വിളക്കിനുമുമ്പിലിരുന്ന് പഠിച്ചവരാ.
**ഒരു കുട്ടി** : ടീച്ചർ, അന്ന് വൈദ്യുതി വിളക്ക് കണ്ടുപിടിച്ചിട്ടില്ലല്ലോ അതുകൊണ്ടല്ലേ ?
**ടീച്ചർ** : ശരിയാ, അതും അതിന്റെ മറ്റൊരു കാരണമാ.

3. **സുമതി കൂട്ടുകാരിയോട്** : നിന്റെ ഭർത്താവ് നിന്നെ 'പോത്തേ' എന്നു വിളിക്കുന്നതെന്താ ?
**കൂട്ടുകാരി** : കാലന് കൂട്ട് പോത്തായതുകൊണ്ടാവും.

4. **ഷീജ മേരിയോട്** : പുതുതായി വന്ന മരുമകൾ വീട്ടിൽ വന്നശേഷം വട്ടം കറക്കമാണെന്നോ അതെന്താ ?
**മേരി** : അവൾ വന്നതിനുശേഷം മിക്സിയും ഗ്രൈന്ററും വാഷിങ്ങ് മെഷീനും വാങ്ങിയത്. അതെല്ലാം വട്ടം കറങ്ങുന്നതല്ലേ ?

5. **മെഡിക്കൽ ഷോപ്പുടമ കസ്റ്റമറോട്** : മരുന്നിന്റെ പുറത്ത് എക്സ്പയറി ഡേറ്റ് എന്നെഴുതിയത് മരുന്നിന്റേതാണെന്നോ ? എന്തായിത്ര സംശയം ?
**കസ്റ്റമർ** : അത് കഴിക്കുന്ന രോഗിയുടേതാണോയെന്നറിയാനാ.

6. **വികാരിയച്ചൻ തോമായോട്** : ഇനി മുതൽ നീ ബൈബിൾ വായന നിർത്തിയെന്നോ ? എന്താ കാരണം ?
**തോമാ** : എന്റെ കല്പനകൾ വായിക്കുകയും അത് പാലിക്കുകയും ചെയ്യുന്നവർക്ക് ഒന്നിനും 'മുട്ടു'ണ്ടാകുകയില്ലെന്ന് ബൈബിളിലുണ്ടച്ചോ.

**പ്രിയ വായനക്കാരെ,** ഓരോ ലക്കത്തിലേയും നിങ്ങൾക്കേറ്റവും ഇഷ്ടപ്പെട്ട മികവുറ്റ കഥയോ കവിതയോ ലേഖനമോ എന്തുമാവാം ഏക തത്ത്വയേ ഒരു പോസ്റ്റ് കാർഡിൽ എഴുതി അറിയിക്കുക. അതുപോലെ ജീവിതത്തിൽ സംഭവിച്ച ഹാസ്യാത്മകമായ അനുഭവങ്ങൾ, സംഭവങ്ങൾ അയച്ചുതരുന്ന പക്ഷം അവ പ്രസിദ്ധീകരിക്കുന്നതായിരിക്കും. നിങ്ങളുടെ പേരും ഫോൺനമ്പറും ചേർക്കാൻ മറക്കരുത്.

എഡിറ്റർ



Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

# പുസ്തകപരിചയം



**ഒരു ചെമ്പരത്തിയുടെ ഓർമ്മയ്ക്ക്**
(നോവൽ)
**കെ. പി. സുരേന്ദ്രൻ**
8281451698
വില - 100 രൂപ
പേജ് - 106
പ്രസാധകർ - സൗഗന്ധിക ബുക്സ്, വടകര

ഒരു ചെമ്പരത്തിയുടെ ഓർമ്മയ്ക്ക് മൂന്നു കാരണങ്ങൾ കൊണ്ടാണ് ഹൃദയസ്പർശിയാവുന്നത്. ഒന്ന് ചെമ്പരത്തി എന്ന പെൺകുട്ടി. അവളുടെ ചടുലവും ഊർജ്ജസ്വലവും വേറിട്ടതും മാതൃകാപരവുമായ ജീവിതം. രണ്ട്, ഗ്രാമത്തിന്റെ ചുടും ചൂരും തനത് അനുഭവങ്ങളും. മൂന്ന് വീണ്ടെടുപ്പിലൂടെ ചെമ്പരത്തി തന്റെ ഗ്രാമത്തിന് നൽകിയ പ്രസരിപ്പും ചരിത്രവും.


---



**ഉള്ളിലുടഞ്ഞൊഴുകുന്ന മൺകുടം**
(കവിതകൾ)
**ജയറാം പാതാരി**
9447351131
വില - 45 രൂപ
പേജ് - 50
പ്രസാധകർ - ആപ്പിൾ ബുക്സ്, പാലക്കാട്

ജയറാം പാതാരിയുടെ കവിതകൾ നിശ്ശബ്ദമെങ്കിലും ആർത്തിരമ്പുന്ന പ്രക്ഷുബ്ധതകളെ നെഞ്ചേറ്റുന്ന ദീർഘമായ നെടുവീർപ്പുകളാണ്.


---



**വൈകി കിട്ടിയ നിധി**
(കഥകൾ)
**അജിത അരവിന്ദ്**
9562508101
വില - 70 രൂപ
പേജ് - 74
പ്രസാധകർ - ആപ്പിൾ ബുക്സ്, പാലക്കാട്

തനിക്ക് ചുറ്റുമുള്ള ജീവിത പരിസരത്തുനിന്ന് തിരഞ്ഞെടുക്കപ്പെട്ട കഥാപാത്രങ്ങളും അവയുടെ പച്ചയായ ജീവിതവുമാണ് ഈ സമാഹാരത്തിലെ മിക്ക കഥകളേയും മനോഹരമാക്കുന്നത്.

---




**കണ്ണാടി പറയുന്നത്**
(കവിത സമാഹാരം)
**സംഗീത കുളത്തൂർ**
വില - 50 രൂപ
പേജ് - 50
പ്രസാധകർ - ആപ്പിൾ ബുക്സ്, പാലക്കാട്

കവിതയുടെ ഏറ്റവും വലിയ ഭാഷയും ഭാഷണ രൂപവും ഉപയോഗിച്ച് സാമൂഹികതയുടേയും മാനവീകതയുടേയും മൂല്യങ്ങളെ ഇളക്കിക്കാട്ടുന്ന കണ്ണാടികളാണ് സംഗീതയുടെ കവിതകൾ.

---


ഗ്രന്ഥകർത്താക്കളുടേയും പ്രസാധകരുടേയും ശ്രദ്ധയ്ക്ക് - നിങ്ങൾ രചിച്ച/പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ ഏക തത്ത്വയ്ക്ക് അയച്ചു തരാവുന്നതാണ്. പുസ്തകനിരൂപണത്തിനായി രണ്ടു ബുക്കുകളും പുസ്തകപരിചയത്തിലേയ്ക്കായി ഒരു ബുക്കും അയക്കേണ്ടതാണ്.



**Grandma's Rooster**
(Stories)
**Sathyan Thannipuzha**
0484 - 2462084
Translation : Rajalakshmi
Price : Rs. 50/-
Page : 58
Publisher : Nanma Books, Kozhikode

Grandma's Rooster is a collection of Ten Stories ana accumilation of richly illustrated tales for children in order to cultivate reading habit, improve word power and strengthen their language.

---



**സ്വർണ്ണത്തൂവൽ**
(കവിതകൾ)
**ഷീന വി. കെ.**
വില - 50 രൂപ
പേജ് - 50
പ്രസാധകർ - ആപ്പിൾ ബുക്സ്

ശംഖിനുള്ളിലെ നോവുന്ന ഓർമ്മകളെ ഊതി വിടുമ്പോൾ കേൾവിക്കാർക്ക് അത് ചിലപ്പോ തിരിച്ചറിവാകാം, സന്ദേശങ്ങളാവാം, യുദ്ധ കാഹളമാവാം, പ്രതിഷേധം ആവാം. ഇവിടെ വരികൾക്ക് മീതെ പതഞ്ഞു പൊന്തിയ ഈ ഹൃദയരാഗങ്ങൾ ഓരോന്നും സന്തോഷം സന്താപങ്ങൾക്കൊപ്പം നമ്മെ ചിന്തിപ്പിക്കുകയും ചെയ്യാം.

---



**ചോളപ്പൂക്കൾ**
(കഥകൾ)
**സജീവൻ കീഴ്പ്പള്ളി**
9745016449
വില - 60 രൂപ
പേജ് - 82
പ്രസാധകർ - പായൽ ബുക്സ്, കണ്ണൂർ

പൂക്കാലം കരുതിവെച്ചിരുന്ന നന്മമരങ്ങളൊക്കെ കൊഴിഞ്ഞ് ഒറ്റ ഇലയുടെ ഭാരം പോലുമില്ലാതെ നഗ്നതാനൃത്തം ചവിട്ടുന്നു. ചോളപ്പൂക്കളിലെ എല്ലാ കഥാപാത്രങ്ങളും ഈ നഗ്നതയെയാണ് വിളംബരം ചെയ്യുന്നത്. എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരം നമ്മളിൽ തന്നെയാണുള്ളതെന്ന തിരിച്ചറിവുകളാണ് ഈ കഥകളിൽ മനോഹരമായി ആവിഷ്കരിക്കുന്നത്. കുഞ്ഞുലക്ഷ്മി ഒരു മായക്കാഴ്ച, ചോളപ്പൂക്കൾ, നേതാവിന്റെ മക്കൾ തുടങ്ങി ശ്രദ്ധേയങ്ങളായ 10 കഥകളുടെ സമാഹാരം.

---



**പടിയിറങ്ങട്ടെ പരാതികളില്ലാതെ**
(വിദ്യാലയസ്മരണകൾ)
**ഇ. എൻ. നാരായണൻ**
9539307005
വില - 100 രൂപ
പേജ് - 130
പ്രസാധകർ - ആപ്പിൾ ബുക്സ്, പാലക്കാട്

ഏറെക്കാലം ഭാഷാദ്ധ്യാപകനായി സേവനമനുഷ്ഠിച്ച നിരവധി ശിഷ്യസമ്പത്തുള്ള കവി ഇ. എൻ. നാരായണൻ മാഷുടെ വിദ്യാഭ്യാസ, അദ്ധ്യാപക ശിഷ്യ സമ്പത്തുകൾക്ക് നേരെയുള്ള തിരിഞ്ഞുനോട്ടമാണ് 'പടിയിറങ്ങട്ടെ പരാതികളില്ലാതെ' എന്ന ഈ അനുഭവക്കുറിപ്പുകൾ.

Published on 15/11/2017, RNI No. KERMAL/2010/35818, REGISTERED Eka Thathwa Monthly, Vol 8, Issue 1, December 2017, Rs. 15/-
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019


# TECHNOWOOD

KITCHEN | CURTAIN & MORE

Updated Kitchen concepts

MATTRESSES/PILLOWS/BEDSPREAD/CURTAINS

MULTI BRAND SHOW ROOM


Kitchens/bedrooms/interiors


Sensible design solutions
Fully customized Kitchens & Wardrobes
Hand-picked raw materials
German hardware & accessories
More than 150 shades & textures to choose from
Solutions for every budget
A total interior solutions



KAFF | HÄFELE | SIEMENS | Whirlpool | deseo | Lifetime




















Lovics | Sleepwell MATTRESSES PILLOWS CUSHIONS | Peps | RUBCO

For Modular Kitchens /Appliances / Accessories and more...

**Mangalam Towers**
Opp Town Bus Stand, T.B. Road, Palakkad- 14.
Tel: 0491-2515112
+91 9447034614, +91 9400496112
e-mail: technowoodfurniture@gmail.com

For Mattresses / Bedspread / Pillows / Cushions and more...

**10/257(1) Ram Estate**
College Road, Palakkad -1.
Tel: 0491 - 2545112
+91 9447034614, +91 9400499112
Website: www.technowoodkitchens.com